Registered No. M. 5819 Licence No. 445. 12-7-45.

ജ്ഞാന നികേതനം

സുവിശേഷഭാഷിണിയും കുടുംബപ്രിയവാദിനിയും
കൂടി ചേർന്ന
സംയുക്ത സഭാമാസിക

ജൂലായി 1958 No. 7

പുസ്തകാഭിപ്രായം

യുവജനപ്രവർത്തനം (*A* Manuel for Youth Workers)

വിവർത്തകൻ—ശ്രീ. എം. എ. ഉമ്മൻ എം. എ.

പ്രസാധകർ—കേരളക്രിസ്ത്യൻ കൌൺസിൽ യുത്തുകമ്മറ്റി.

വില. 75 നപ.

ക്രൈസ്തവയുവജനപ്രവർത്തനത്തിൽ നേതൃത്വം വഹിക്കുന്ന ആളുകളിൽ ശരിയായ പഠനം സിദ്ധിച്ചവർ വിരളമാകയാൽ ഇപ്രകാരമുള്ള ഒരു ഗ്രന്ഥം ഒരു വലിയ ആവശ്യത്തെ നിറവേറ്റുകയാണ്. യുവജനപ്രവർത്തനം സംബന്ധിച്ചു വളരെ തഴക്കം സിദ്ധിച്ചിട്ടുള്ള ഭാരതീയരും വിദേശീയരുമായ പതിന്നാലു മഹത്തുക്കൾ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള 'A Manuel for Youth Workers' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനമാണു ഈ പുസ്തകം. കേരളത്തിലെ വിവിധ ക്രൈസ്തവസഭകളിൽ ഈ അടുത്തകാലത്തു യുവജനപ്രവർത്തനം സംബന്ധിച്ചു ഉണ്ടായിട്ടുള്ള പ്രചോദനം കാര്യക്ഷമമായി പുരോഗമിക്കുന്നതിനും വിവിധ രീതിയിൽ നടത്തപ്പെടുന്ന യുവജനവേലകൾ ഫലകരമായി തീരുന്നതിനും പട്ടക്കാരും യുവജനനേതാക്കന്മാരും ഈ പുസ്തകം ശ്രദ്ധിച്ചു വായിച്ചിരിക്കേണ്ടതാണ്. ഇതിലെ ഉള്ളടക്കം ആദ്യപാഠപുസ്തകം ഒരുപോലെ പ്രാധാന്യമുള്ളതാണെങ്കിലും രണ്ടാമദ്ധ്യായത്തിൽ "നായകനായ ക്രിസ്തു" എന്നും, ഏഴാം അദ്ധ്യായത്തിൽ "യുവാക്കളും വേദപുസ്തകവും" എന്നും, എട്ടാം അദ്ധ്യായത്തിൽ "സഭ—ക്രിസ്തീയ യുവാവിന്റെ ഭവനം" എന്നും, ഒമ്പതാം അദ്ധ്യായത്തിൽ "ആരാധനയിൽ യുവാക്കന്മാക്കു പരിശീലനം" എന്നുമുള്ള ശീർഷകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതികൾ വളരെ വിജ്ഞാനപ്രദങ്ങളാണ്. വിവർത്തകൻ തന്റെ കൃത്യം സൂക്ഷ്മതരമായി നിർവ്വഹിച്ചിട്ടുണ്ട്. അങ്ങുമിങ്ങും ചില അച്ചടിപിശകുകൾ കാണുന്നതു അടുത്ത പതിപ്പിൽ പരിഹരിക്കേണ്ടതു ആവശ്യമാണ്. എല്ലാ യുവജനപ്രവർത്തകരും ഈ പുസ്തകം വാങ്ങിച്ചു ഉപയോഗപ്പെടുത്തണമെന്നു ശിപാർശ ചെയ്യുന്നു.

റവ. ഏ. ജെ. കുര്യൻ.

N.B. ഈ പുസ്തകം ഡയോസിസൻ ബുക്ക്ഡിപ്പോയിൽ കിട്ടുന്നതാണ്.

PUBLISHED BY REV. A. J. KURIEN AND PRINTED BY A. J. VARUGHESE AT THE C. M. S. PRESS, KOTTAYAM.

THE TREASURY OF KNOWLEDGE

ജ്ഞാനനിക്ഷേപം

Vol. LXI | JULY 1958 | No. 7

കമ്മിസ്സറിയുടെ കത്ത്

കർത്താവിൽ പ്രിയരെ,

ജൂലൈമാസം 25-ാംതു- (വിശുദ്ധ യാക്കോബിന്റെ നാൾ) നമ്മുടെ മഹായിടവകയിന മായി ആചരിച്ചു പോരികയാണല്ലോ. അന്നേദിവസം നമ്മുടെ മഹായിടവകയിലുള്ള എല്ലാ പള്ളികളിലും, ചാപ്പലുകളിലും, മറ്റു പ്രാർത്ഥനാലയങ്ങളിലും മഹായിടവകയ്ക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്യാൻ ചുമതലപ്പെട്ടവർ ചട്ടംകെട്ടണമെന്നു ഞാൻ ആവശ്യപ്പെടുന്നു. കഴി ഞ്ഞയാണ്ടത്തെ മഹായിടവകയിനത്തിൽ ബിഷപ്പുതിരഞ്ഞെടുപ്പിനു വേണ്ട നടത്തിപ്പുകൾ ലഭി ക്കുന്നതിനു പലയിടങ്ങളിലും രാത്രി മുഴുവനും കാത്തിരുന്നു പ്രാർത്ഥിച്ചല്ലോ. തുടർന്നു ദൈവ ഹിതപ്രകാരമുള്ള ഒരു അദ്ധ്യക്ഷൻ മഹായിടവകയ്ക്കു നമുക്കുണ്ടാകേണ്ടതിനു അനേകർ പ്രാർത്ഥി ച്ചുകൊണ്ടിരുന്നു. ജൂൺമാസം 5-ാംതു- മദ്രാസിൽകൂടിയ സിനഡു സ്പെഷ്യൽ കമ്മിറ്റി, കഞ്ഞി ക്കുഴി ഇടവകപ്പട്ടക്കാരൻ റവ. എം. എം. ജോൺ അച്ചനെ, നമ്മുടെ മഹായിടവകയുടെബി ഷപ്പായി തിരഞ്ഞെടുക്കുകയും വിവരം എല്ലാ സഭകളെയും ഇതിനകം അറിയിക്കുകയും ചെയ്തി ട്ടുണ്ട്. ജൂലൈമാസം പകുതിയോടുകൂടെ സ്ഥിരീകരണവിവരം അറിയുന്നതും, ദൈവേച്ഛ മായാൽ ആഗസ്റ്റു മാസം 17-ാംതു- മഹാഭിഷേക ശുശ്രൂഷ നമ്മുടെ ഭദ്രാസനപ്പള്ളിയിൽ വച്ചു നടത്തത്തക്കവണ്ണം ക്രമീകരണങ്ങൾ ചെയ്യുന്നതുമാണ്. ഈയാണ്ടത്തെ മഹായിടവ കയിനത്തിൽ നിശ്ചയിക്കപ്പെട്ടിരുന്ന ബിഷപ്പിനുവേണ്ടി പ്രാർത്ഥനയിൽ ജാഗരിപ്പാൻ എല്ലാ ജനങ്ങളോടും ഞാൻ അപേക്ഷിക്കുന്നു.

ഒരു മഹായിടവകയുടെ അഭിവൃദ്ധി അതിന്റെ അദ്ധ്യക്ഷനെ മാത്രമല്ല ആശ്രയിച്ചിരി ക്കുന്നതു്. നമ്മുടെ മഹായിടവകയുടെ കഴിഞ്ഞ കാലങ്ങളിലെ ചരിത്രവും, മറ്റു മഹായിട വകകളുടെ അനുഭവവും വച്ചുനോക്കിയാൽ ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും, കൈത്താങ്ങലും, ആണ്ട സഭയുടെ പുരോഗതിയിൽ പരമപ്രാധാന്യം വഹിക്കുന്ന ഘടകങ്ങൾ എന്നു കാണാവുന്നതാണ്. ഒരു തിരഞ്ഞെടുപ്പിന്റെ പിന്നാലെ ജയഭേരികളും മൻവി ധികളും, വെച്ചിരുത്തലുകളും, പകപോക്കലുകളുമെല്ലാം സാധാരണയായി അനുഭവഗോചര മാകാറുണ്ട്. എന്നാൽ ദൈവത്തിന്റെ ജനമെന്ന നിലയ്ക്കു അവയ്ക്കൊന്നും സഭയിൽ സ്ഥാ നമില്ല. നമ്മുടെ മഹായിടവകയ്ക്കു ഈ കേരളത്തിൽ വലിയ ചുമതലകൾ നിറവേറാ നുണ്ട്. അവയെക്കുറിച്ചു വ്യക്തികളായും സഭകളായും ഉണർച്ച പ്രാപിച്ചു ഓരോരുത്തരുടെ യും പങ്കു വഹിപ്പാൻ നാം ബദ്ധപ്പെടണം കൂറുകളെപ്പറ്റിയുള്ള ബോധവും, അനുതാപ വും വിനയവുമാകുന്നു ഈ പതനത്തിൽ നമുക്കു ഏറ്റവും ആവശ്യമായിരിക്കുന്നതു എന്നു ഞാൻ ഓർപ്പിക്കട്ടെ.

ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണു നാം എന്നു വിസ്മരിക്കരുതു. ദൈവരാജ്യത്തോടുള്ള സ്നാമിഭക്തിയും മഹായിടവകയോടുള്ള സ്നാമിഭ

വർത്താധികാരിപ്പുകൾ

മദ്ധ്യതിരുവിതാംകൂർ മഹായിടവകയുടെ നിയുക്ത ബിഷോപ്പ്. 1958 എപ്രിൽ 15-ാം കോട്ടയം ഭദ്രാസനപ്പള്ളിയിൽവെച്ചു റിട്ടയർഡു ജഡ്ജി ശ്രീ. ജേക്കബ് ഈപ്പൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട ഡയോസിസൻ കൌൺസിലിന്റെ പ്രത്യേക സമ്മേളനത്തിൽ ഈ മഹായിടവകയുടെ ബിഷോപ്പായി സ്വീകരിപ്പാൻ സമ്മതമുള്ളവരായി റവ. എം. വി. ജോർജ്ജ് എം. എ., ബി. ഡി, എസ്സ്. റ്റി. എം., റവ. തോമസ് ചെറിയാൻ ബി. എ., റവ. എം. എം. ജോൺ ബി. എ., എം. റ്റി. എച്ച്., എന്നീ മൂന്നു വൈദികരെ തിരഞ്ഞെടുത്തു ഒരു സ്ഥാനാർത്ഥി വലയത്തിൽ ഉൾപ്പെടുത്തി സി. എസ്. ഐ. സിന്നഡ് നിയമിച്ച പ്രത്യേക കമ്മിറ്റിക്കു അയച്ചുകൊടുത്ത വിവരം മെയ് ലക്കം മാസികയിൽ ചേർത്തിരുന്ന വിവരം മാന്യവായനക്കാർ കാൎക്കുമല്ലോ. അനന്തരം സിന്നഡിന്റെ നിർദ്ദേശാനുസരണം ഈ മൂന്നു സ്ഥാനാർത്ഥികളും വെല്ലൂർ മെഡിക്കൽമിഷ്യൻ ആശുപത്രിയിൽ ഹാജരായി ആരോഗ്യപരിശോധനയ്ക്കു വിധേയരാകുകയുണ്ടായി. ഇങ്ങിനെ എല്ലാ നടപടികളും യഥാവിധി നിർവ്വഹിക്കപ്പെട്ടതിന്റെശേഷം വലയത്തിൽപെട്ട മൂവരിൽ ആരായിരിക്കും ഈ മഹായിടവകയുടെ ബിഷോപ്പായി നിയമിക്കപ്പെടുന്നതെന്നു അറിയുവാൻ സകലമാനപേരും ആകാംക്ഷയോടെ കാത്തിരിക്കവേ ജൂൺ 5-ാംനു റവ. എം. എം. ജോണച്ചനെ തിരഞ്ഞെടുത്തിരിക്കുന്നു എന്നും ഈ സ്ഥാനം സ്വീകരിപ്പാൻ സമ്മതമുള്ളപക്ഷം വിവരം അറിയിക്കണമെന്നും കാണിച്ചു ഒരു കമ്പി സന്ദേശം സിന്നഡ് സെക്രട്ടറി ബഹുമാനപ്പെട്ട അച്ചന്റെപേർക്കു അയച്ചുകൊടുക്കയും അദ്ദേഹം പ്രാർത്ഥനാപൂർവ്വം ചിന്തിച്ചും ആലോചിച്ചും ദൈവത്തിൽനിന്നും സഭയിൽനിന്നും ഉണ്ടായിട്ടുള്ള ഒരു വിളിയാണെന്നു വ്യക്തമായി ബോദ്ധ്യപ്പെട്ടുകൊണ്ടു ഈ സ്ഥാനം സ്വീകരിപ്പാൻ സമ്മതിച്ചിരിക്കുന്നു എന്നു മറുപടികമ്പി അയയ്ക്കുകയും ചെയ്തിരിക്കുന്നു.

മദ്ധ്യതിരുവിതാംകൂർ മഹായിടവകയുടെ മേലദ്ധ്യക്ഷനും ഏതാണ്ടു ഒരു ലക്ഷംജനങ്ങളുടെ ആത്മീക പിതാവും എന്നുള്ള അതിമഹനീയമായ സ്ഥാനത്തേക്കു ദൈവനിയോഗത്താൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നിയുക്തബിഷോപ്പിനെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കയും സമസുഭാവുകങ്ങളും നേരുകയും അനുഗ്രഹസംപൂർണ്ണമായ ഒരു സേവനകാലം ആശംസിക്കയും ചെയ്യുന്നു. മനുഷ്യബുദ്ധിക്കു അതീതമായ ദിവ്യവിചാരണയുടെ ആഴമേറിയ വ്യാപാരമാണു ഈ തിരഞ്ഞെടുപ്പിൽ പ്രകടമായിരിക്കുന്നതു എന്നു അതിശയോക്തി ലേശമെന്യേ പറയാവുന്നതാണ്.

ക്തിയും തമ്മിൽ സംഘട്ടനം ഉണ്ടാകേണ്ടയാവശ്യമില്ല. ദൈവരാജ്യത്തോടുള്ള സ്വാമിഭക്തി പ്രദർശിപ്പിക്കുന്നതിനും പ്രായോഗികമാക്കുന്നതിനുമുള്ള രംഗം മഹായിടവകയാണല്ലോ. എല്ലാവരും തങ്ങളുടെ ചെറുതും വലുതുമായ കഴിവുകൾ മഹായിടവകയ്ക്കുവേണ്ടി ചെലവിടുമെന്നു വിശ്വസിക്കുന്നു.

ബിഷപ്സ് കമ്മിസ്സറിയായും, മോഡറേറ്ററുടെ കമ്മീസ്സറിയായും മഹായിടവകയെ ശുശ്രൂഷിക്കുന്നതിനു എനിക്കു ലഭിച്ച അവസരങ്ങൾക്കായി ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുകയും എന്റെ പരിമിതികളിൽ സഹതപിച്ചു എന്നെ സഹായിച്ചിട്ടുള്ള എല്ലാവരോടുമുള്ള എന്റെ നന്ദിയെ അറിയിക്കുകയും ചെയ്യുകൊള്ളുന്നു.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധിയായി അനുഗ്രഹിച്ചു തന്റെ മഹത്വത്തിനായി ഉപയോഗിക്കട്ടെ.

എന്നു

എം. ജെ. ചാണ്ടി,
കമ്മീസ്സറി.

അഭിനവബിഷോപ്പ് 49 വയസ്സുമാത്രം പ്രായമുള്ള യുവചൈതന്യപൂർണ്ണനായ ഒരു ദേഹമാകയാൽ സുദീർഘമായ ഒരു സേവനകാലം അദ്ദേഹത്തിന്റെ മുമ്പിലുണ്ടെന്നു വ്യക്തമാണല്ലോ. അദ്ദേഹം ഈ മഹായിടവകയുടെ ഏഴാമത്തെ ബിഷോപ്പുമാണ്. വേദപുസ്തകപ്രകാരം ഏഴ (7) എന്ന സംഖ്യ പൂർണ്ണതയുടെയും പരിശുദ്ധിയുടെയും ദൈവാനുശ്രുത്തിന്റെയും അടയാളമാണ്. അതുകൊണ്ട് ഏഴാമത്തെ ബിഷോപ്പിന്റെ വാഴ്ചകാലം എല്ലാപ്രകാരത്തിലും ശ്രേയസ്കരമായിരിക്കുമെന്നു പ്രതിക്ഷിക്കാം. സാമ്പത്തിക സാമുദായിക സാംസ്കാരിക നിലകളുടെ വൈവിധ്യംനിമിത്തം നിമ്നോന്നതവും തദ്ദേശാരാ ഉൽഘടങ്ങളായ നിരവധി പ്രശ്നങ്ങൾ ഉറിച്ചു നോക്കിക്കൊണ്ടിരിക്കുന്നതുമായ ഈ മഹായിടവകയിലെ അദ്ധ്യക്ഷസ്ഥാനം മുള്ളുലവും സുഖപ്രദവുമായ ഒരു പുഷ്പോപധാനമല്ല എന്നുള്ള യാഥാർത്ഥ്യം ശരിക്കു മനസ്സിലാക്കീട്ടുള്ള പരിചയസമ്പന്നനായ ഒരു വ്യക്തിയാണ ബിഷോപ്പായി അവ



The Rev. M. M. John, B. A., M.Th.

രോധിക്കപ്പെട്ടവാൻ പോകുന്നതു. പുരാതനവും പ്രശസ്തവുമായ മറോത്തു കുടുംബാംഗവും ഈ മഹായിടവകയിലെ രണ്ടാമത്തെ നാട്ടു പട്ടക്കാരനായിരുന്ന വലിയ ജേക്കബു ചാണ്ടി അച്ചന്റെ പൌത്രനും ഇപ്പോഴത്തെ കമ്മിസ്സറി അവർകളുടെ പിതൃസഹോദരപുത്രനുമായ നിയുക്ത ബിഷോപ്പു സ്വകുടുംബാംഗങ്ങളായിരുന്ന വൈദിക ശ്രേഷ്ഠന്മാരുടെയും ഈ മഹായിടവകയിൽ തനിക്കു മുമ്പു അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചിട്ടുള്ള തിരുമേനിമാരുടെയും ഉത്തമമാതൃകകളെ അനുകരിക്കുന്നതായാൽ ഇദ്ദേഹത്തിന്റെ ഭരണകാലം സുവിശേഷത്തിന്റെ പുരോഗമനത്തിനും സഭയുടെ അഭിവൃദ്ധിക്കും പ്രയോജകീഭവിക്കുന്നതാണ്. കേരളത്തിലെ വിവിധ ക്രൈസ്തവസഭാവിഭാഗങ്ങളിലെ ജനങ്ങളുടെയും അദ്ധ്യക്ഷന്മാരുടെയും ഇടയിൽ തന്റെ മുൻ

The Church Triumphant

"ജയാളിയായ സഭ"

(Rev. T. B BENJAMIN, B. A.)

മരിച്ചുപോയ നീതിമാന്മാരുടെ ആത്മാക്കളെ സംബന്ധിച്ചുള്ള ഒരു പ്രത്യാശ പഴയ നിയമത്തിൽ നാം കാണുന്നില്ല. സകല വിശുദ്ധന്മാരുടെയും നാളിലേക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള പഴയനിയമപാഠം രണ്ടും അപ്പോക്രിഫായിൽനിന്നാണ് എടുത്തിരിക്കുന്നതെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. പ്രസ്തുത നാളിലേക്കു ചേർച്ചയായ ഒരു വേദഭാഗം പഴയനിയമത്തിലില്ല എന്നുള്ളതു മാത്രമാണ് അതിന്റെ കാരണം. മരിച്ചുപോയവരെക്കുറിച്ചുള്ള പ്രത്യാശ പുതിയനിയമത്തിൽനിന്നാണ് നമുക്കു ലഭിച്ചിട്ടുള്ളതു്.

പുരാതന സഭയിൽ, ക്രിസ്ത്യാനികൾക്കു മരിച്ചുപോയ വിശ്വാസികളെ സംബന്ധിച്ചുവലിയ ഒരു പ്രത്യാശയുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ പുനരുത്ഥാനമാണെന്നു പറയേണ്ടതില്ലല്ലോ. പ്രസ്തുത പ്രത്യാശയാണ് കഷ്ടതയുടെയും പീഡനത്തിന്റെയും കാലങ്ങളിൽ അവർക്കു ആശ്വാസവും ധൈര്യവും പ്രദാനം ചെയ്തതു്. ആരാധനയിലും പ്രാർത്ഥനയിലും മരിച്ചുപോയ വിശ്വാസികളെ ഓർക്കുന്നതും സാധാരണയായിരുന്നുവെന്നു പുരാതന ക്രൈസ്തവരേഖകളിൽനിന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നതാണ്. എന്നാൽ അതു കാലക്രമത്തിനു ചില ദുരാചാരങ്ങൾക്കും, ദുർവിശ്വാസങ്ങൾക്കും കാരണമായിത്തീർന്നുവെന്നു സഭാചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. മദ്ധ്യകാലങ്ങളിൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഏർപ്പാടു വളരെ പ്രചാരത്തിലിരുന്നു. ഒരുപക്ഷേ, ഈ പതിവു അപ്പോസ്തലസഭയിൽതന്നെ ഉണ്ടായിരുന്നിരിക്കാം. വിശുദ്ധ പൌലൊസ് കൊരിന്ത്യക്കെഴുതുമ്പോൾ അവിടെ ചിലർ മരിച്ചവർക്കുവേണ്ടി സ്നാനം ഏല്ക്കുന്ന പതിവുണ്ടായിരുന്നുവെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലോ, മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള ആഗ്രഹം വളരെ സ്വാഭാവികമാണ്. എന്നാൽ അതുകൊണ്ടു അവർക്കു വല്ല പ്രയോജനവും ഉണ്ടാകുന്നുണ്ടോ എന്നു നമുക്കു നിശ്ചയമായി പറയുവാൻ കഴിയുകയില്ലെന്നുള്ളതു് നാം പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. 'ഗുണം വരുന്നെങ്കിൽ വരട്ടെ, ഇല്ലെങ്കിൽ വേണ്ടാ,' എന്നുള്ള മനോഭാവത്തിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ ദോഷമൊന്നുമില്ല എന്നു വിചാരിക്കുന്നവർ ഉണ്ട്. ഫലത്തെപ്പറ്റി നിശ്ചയമില്ലാത്ത പ്രാർത്ഥനയിൽ വിശ്വാസത്തിനു സ്ഥാനമില്ലെന്നും, അക്കാരണത്താൽ അതു തികച്ചും പ്രയോജനരഹിതമാണെന്നും വാദിക്കുന്നവർ മറുഭാഗത്തും ഉണ്ട്. എന്നാൽ മദ്ധ്യകാലത്തു ഈ ഒരു പതിവു വലിയ അഴിമതികൾക്കും ദോഷങ്ങൾക്കും കാരണമായിത്തീർന്നു എന്നുള്ള കാര്യം നാം വിസ്മരിക്കരുതു്. ഈ ലോകത്തിൽ ഗണ്യമില്ലാതെയും, ദൈവത്തെ മറന്നും ജീവിച്ച പലരും, ഒടുവിൽ തങ്ങളുടെ മരണത്തിനു മുമ്പു വലിയ തുകകളോ. വസ്തുവകകളോ സഭയ്ക്കു ദാനം ചെയ്യുന്നതു സുവ്യക്തമാണ്. മരണാനന്തരം സഭ അവരുടെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കണം എന്നുള്ള വ്യവസ്ഥയിലാണ് അവർ ഇപ്രകാരം ചെയ്യുന്നതു്. ഇപ്രകാരമുള്ള ദാനങ്ങൾ സ്വീകരിച്ചുകൊണ്ടു സഭ അവരുടെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു ഒരു പതിവായിത്തീർന്നു. ഈ പതിവു ക്രമേണ ഒരു വലിയ ദുരാചാരമായിത്തീർന്നു. ഈ ദുരാചാരത്തിനെതിരായിട്ടാണ് പരിഷ്കരണകാലത്തു പ്രൊട്ടസ്റ്റന്റുകാർ പ്രതിഷേധിച്ചതു്. ഈ ദുരാചാരത്തിനെതിരായിട്ടാണ് ഇംഗ്ലണ്ടിലെ ഔദ്യോഗിക പ്രാർത്ഥനാപുസ്തകത്തിൽ ഇപ്രകാരമുള്ള പ്രാർത്ഥനകൾ ഒഴിവാക്കിയിരിക്കുന്നതു്. ഈ പതിവു ഇന്നും പല സഭകളിലും നിലവിലിരിക്കുന്നുണ്ടു്. ഇതിനെതിരായിട്ടാണ് ഇന്നു നാം പോരാടുന്നതു്. ഈ പതിവു ഇന്നും നിലവിലിരിക്കുന്നതിനാൽ അതിനെതിരായിട്ടു പോരാടുന്നതിനു ഇന്നും ആവശ്യമുണ്ട

കാരം ദാനം ചെയ്യുപോന്നതു്. അവരുടെ ദാനത്തിന്റെ വിലയ്ക്കനുസരണമായി സഭ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഇതു എത്ര ദോഷമായ ഫലങ്ങൾ ഉണ്ടാക്കുന്ന ഒരു പതിവാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. "അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തതു് നല്ലതാകിലും, തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (൨കൊരി. ൫. ൧൦). എന്നിപ്രകാരമുള്ള പുതിയനിയമ ഉപദേശങ്ങൾക്കു അശേഷം യോജിക്കാത്ത ഒരു നടപടിയുമായിരുന്നു അതു്. പൊതുവെ ആത്മീയ അധഃപതനത്തിനു ഈ പതിവു ഇടയാക്കിത്തീർത്തതിൽ അതിശയിപ്പാനില്ല.

വേറൊരാചാരം മരിച്ചവരോടുള്ള പ്രാർത്ഥനയാണു്. മരിച്ചുപോയ വിശ്വാസികൾ നമ്മെക്കാൾ അധികം കർത്താവിനോടടുത്തിരിക്കുന്നതിനാൽ അവർ നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നതു് കൂടുതൽ ഫലകരമായിരിക്കുമെന്നു വിശ്വസിച്ചുവന്നു. ഇതു ഏറ്റവും നിരുദ്ദോഷമായ ഒരു നടപടിയാണെന്നും, ഈ വിശ്വാസത്തെ യുക്തിപൂർവ്വം സാധൂകരിക്കുവാൻ കഴിയുമെന്നും ഒരു കൂട്ടർ വാദിക്കുമ്പോൾ, ക്രിസ്തുമൂലം ദൈവത്തിന്റെ സന്നിധിയിലേക്കു അടുത്തുചെല്ലുന്നതിനുള്ള സ്വാതന്ത്ര്യവും പദവിയും നമുക്കു ലഭിച്ചിരിക്കുന്നതുകൊണ്ടു ഈ ആചാരം തികച്ചും അനാവശ്യമാണെന്നു മറെറാരു കൂട്ടർ സ്ഥാപിക്കുന്നു (൧ തിമോ. ൨. ൫). എന്നാൽ ഈ പതിവിൽ നിന്നുണ്ടായ ദോഷഫലങ്ങളെക്കുറിച്ചും നാം ആലോചിക്കേണ്ടതുണ്ടു്. പിതാവായ ദൈവത്തിന്റെയും നമ്മുടെയും ഇടയിൽ വിശുദ്ധന്മാരെ മദ്ധ്യസ്ഥരാക്കി ക്രമേണ അവരെ അമിതമായി ബഹുമാനിക്കുന്നതിനും, ആദരിക്കുന്നതിനും, ചിലപ്പോൾ അവരെ ആരാധിക്കുന്നതിനും, ഇതു കാരണമാക്കിത്തീർത്തു. ദൈവത്തിനു കൊടുക്കേണ്ട ആരാധനയും, മഹത്വവും, വിശുദ്ധന്മാർക്കു നല്കുന്നതിനുള്ള ഒരു ചായ്വാണു് ക്രമേണ പ്രത്യക്ഷപ്പെട്ടതു്.

അതുകൊണ്ടു നവീകരണനേതാക്കന്മാർ ഈവിധ ആചാരങ്ങളെയും വിശ്വാസങ്ങളെയും കഠിനമായി ഏതിർത്തു. വേദപുസ്തകംകൊണ്ടു സാധൂകരിക്കുവാൻ പാടില്ലാത്ത ഉപദേശങ്ങളെയും ആചാരങ്ങളെയും അവർ പ്രതിഷേധിച്ചു. അങ്ങനെയുള്ള പ്രതിഷേധത്തിന്റെ ശക്തികൊണ്ടു ചില രാജ്യങ്ങളിലും, സഭകളിലും വിശുദ്ധന്മാരുടെ കാര്യത്തെ കൊണ്ടാടുന്ന പതിവു തന്നെയും നിന്നുപോയി. ദൃഷ്ടാന്തമായി നമ്മുടെ രാജ്യത്തെ സ്ഥിതിതന്നെ നോക്കണം. ഈ നാട്ടിലെ നവീകരണസഭകളിൽ ഉപയോഗത്തിലിരിക്കുന്നതും. നാട്ടുകാർ രചിച്ചിട്ടുള്ളതുമായ ഗീതങ്ങൾ പരിശോധിച്ചാൽ മരിച്ചുപോയ നീതിമാന്മാരെക്കുറിച്ചു പ്രസ്താവിക്കുന്നതോ, കാംക്ഷിക്കുന്നതോ ആയ ഒരൊറ്റ പാട്ടുപോലും നമുക്കില്ലെന്നു കാണാവുന്നതാണു്. ശവസംസ്കാരശുശ്രൂഷ, സ്മാരകശുശ്രൂഷ, ചരമവാർഷികം മുതലായ സന്ദർഭങ്ങളിൽ ചില സാമാന്യഗീതങ്ങൾ നാം അവസരോചിതമായി ഉപയോഗിക്കുകയാണു് ചെയ്യുന്നതു്. പ്രസ്തുത സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനു പ്രത്യേകം രചിക്കപ്പെട്ട ചേർച്ചയായ ഒരൊറ്റ ഗീതം പോലുമില്ലെന്നുള്ളതു ഒരു വാസ്തവം മാത്രമാണു്.

എന്നാൽ നമ്മുടെ സഭ മരിച്ചുപോയ വിശുദ്ധന്മാരെ നന്ദിയോടും, സ്നേഹത്തോടും, ഭയഭക്തിയോടുംകൂടെ കാക്കുവാൻ നമ്മെ ഉത്സാഹിപ്പിക്കുന്നുണ്ടെന്നുള്ള കാര്യം നാം വിസ്മരിക്കരുതു്. നമ്മുടെ പ്രാർത്ഥനക്രമത്തിൽ അതിനെ സംബന്ധിച്ചു കാണുന്ന ചില സൂചനകൾ ഞാനിവിടെ ഉദ്ധരിക്കട്ടെ.

1. സകല വിശുദ്ധന്മാരെയും കാക്കുന്നതിനുള്ള ഒരു നാൾ തന്നെ ഏർപ്പെടുത്തിയിട്ടുണ്ടു്. ആറാം നൂറ്റാണ്ടു മുതലെങ്കിലും ഇങ്ങനെ ഒരു നാൾ പാശ്ചാത്യസഭ കൊണ്ടാടിവരുന്നു. അന്നു നാം പ്രവാചകന്മാരെയും, രക്തസാക്ഷികളെയും, അപ്പോസ്തലന്മാരെയും ലോകത്തിൽ വലിയ സേവനങ്ങൾ നിർവ്വഹിച്ചിട്ടുള്ളവരെയും മാത്രമല്ല, കാലാകാലങ്ങളിൽ ശാന്തമായും, സൌമ്യമായും അവരവരുടെ നിലകളിൽ വിശ്വസ്തതയോടുകൂടെ ദൈവത്തെ സേവിച്ച എല്ലാ വിശ്വാസികളെയും കാക്കുന്നു. ആ കൂട്ടത്തിൽ നമുക്കു അടുത്തും പ്രിയ

പ്പെട്ടും ഉള്ള പലരും ഉണ്ടായിരിക്കുമെന്നുള്ളതിനു സംശയമില്ല. പ്രസ്തുത പേരുനാളി ലേക്കു സഭ ഒരു പ്രത്യേകമായ അപേക്ഷയും, ലേഖനവും, സൂചിശേഷവും, നിർദ്ദേശിച്ചിട്ടു ണ്ട്. ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിട്ടുള്ള പറഞ്ഞുതീരാത്ത ആനന്ദങ്ങ ളിൽ പ്രവേശിപ്പാൻ തക്കവണ്ണം സകല സുകൃതവും ദൈവഭക്തിയുമുള്ള നടപ്പിൽ വിശുദ്ധ ന്മാരെ അനുഗമിക്കുന്നതിനുള്ള കൃപയ്ക്കായി നാം പ്രാർത്ഥിക്കുന്നുമുണ്ട്.

2. വിശുദ്ധ സംസർഗ്ഗശൂക്ഷയിൽ, സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ ദൈവത്തി ലുള്ള വിശ്വാസത്തിലും ഭയഭക്തിയിലും ഈ ആയുസ്സിനെ വിട്ടുപോയിട്ടുള്ള സകല വിശുദ്ധ ന്മാർക്കുംവേണ്ടി നാം ദൈവത്തിനു സ്തോത്രം ചെയ്യുന്നു. 1662-ലെ പ്രാർത്ഥനപ്പുസ്തകത്തിൽ ഈ പ്രാർത്ഥനയുടെ തലവാചകം "ഇവിടെ ഭൂമിയിൽ പോരാടുന്ന ക്രിസ്തുസഭയുടെ സുസ്ഥിതിക്കുംവേണ്ടിയുള്ള പ്രാർത്ഥന" എന്നായിരുന്നു. 1928-ൽ പ്രാർത്ഥനപ്പുസ്തകം പരിഷ്കരി ച്ചപ്പോൾ, "ക്രിസ്തുസഭയുടെ സുസ്ഥിതിക്കുംവേണ്ടി" എന്നാക്കി. എന്തെന്നാൽ ഭൂമിയിൽ പോരാടുന്ന വിശ്വാസികൾ മാത്രമല്ല സഭയിൽ ഉൾപ്പെട്ടിരിക്കുന്നത്. വിശ്വാസികളുടെ ജീവിതം ഈ ലോകത്തിൽ അവസാനിക്കുന്നില്ല. ഈ ലോകത്തിലെ പോരാട്ടത്തിനുശേഷം അവർ ശരീരം വിട്ട് ക്രിസ്തുവിനോടുകൂടെ വസിക്കുന്നു. ഈ ഭൂമിയിൽ പോരാടുന്ന ദൃശ്യ മായ സഭയും, ഈ ഭൂമിയിലെ പോരാട്ടം കഴിഞ്ഞു മഹത്വത്തിൽ പ്രവേശിച്ചിരിക്കുന്ന അദൃശ്യ മായ സഭയുംകൂടെ ചേർന്നതാണ് ക്രിസ്തുസഭ എന്നു പറയുന്നത്. അതുകൊണ്ടു സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയിൽ മരിച്ചുപോയ വിശുദ്ധന്മാരെ സ്നേഹപൂർവ്വം കാണുകയും, അവർക്കു വേണ്ടി സ്തോത്രം ചെയ്യുകയും, അവരുടെ നല്ല ദൃഷ്ടാന്തങ്ങളെ പിന്തുടരുവാൻ ആവശ്യമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിശുദ്ധ സംസർഗ്ഗശൂക്ഷ മുഴുവനും സജീവമായ ഒരു പശ്ചാത്തലത്തിലാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. അതിന്റെ പ്രധാന ഭാഗത്തു ദൈവത്തന്മാരോടും, സത്യത്തിലെ സകല സംഘത്തോടുംകൂടെ നാം ദൈവത്തെ പുകഴ്ത്തി മഹത്വപ്പെടുത്തുന്നു.

3. ദിവസംതോറും രാവിലെയും വൈകുന്നേരവും ഉപയോഗിക്കുന്നതിനായി നിശ്ചയി ച്ചിട്ടുള്ള ശുശ്രൂക്ഷക്രമത്തിൽ അപ്പോസ്തലിക വിശ്വാസപ്രമാണമുണ്ട്. അതിൽ, "വിശു ദ്ധന്മാരുടെ സംസർഗ്ഗത്തിലും ഞാൻ വിശ്വസിക്കുന്നു" എന്നു നാം ഏറ്റു പറയുന്നു. 'വിശുദ്ധന്മാർ' എന്നു അവിടെ പറയുന്നതു ഈ ലോകത്തിലുള്ള വിശുദ്ധന്മാരെക്കുറിച്ചു മാത്രമല്ല, ദൈവ ത്തിലുള്ള വിശ്വാസത്തിലും ഭയഭക്തിയിലും കടന്നു പോയിട്ടുള്ളവരെയും ഉൾപ്പെടുത്തുന്നു. അവരുമായി നമുക്കൊരു കൂട്ടായ്മയുണ്ടെന്നാണ് അതു സൂചിപ്പിക്കുന്നത്.

മരിച്ചുപോയ വിശുദ്ധന്മാരെക്കുറിച്ചു അധികമൊന്നും വേദപുസ്തകത്തിൽനിന്നു നാം അറിയുന്നില്ല. അവരെപ്പറ്റി വ്യക്തമായി അറിയണമെന്നുള്ള ജിജ്ഞാസ വളരെ സ്വഭാ വികമാകയാൽ പല കാര്യങ്ങളും ഊഹിച്ചെടുക്കുന്നതിനു നാം ശ്രമിച്ചുപോകുന്നു. എന്നാൽ നാം വിശ്വസിക്കുന്നതായ കാര്യങ്ങൾക്കു ശരിയായ അടിസ്ഥാനം വേദപുസ്തകത്തിലില്ലെ ങ്കിൽ അതിൽ നാം അമിതമായി ആശ്രയിക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കയില്ല. അവരെ ക്കുറിച്ചു നമുക്കു വേദപുസ്തകത്തിൽനിന്നു ന്യായമായി ഗ്രഹിക്കാവുന്ന മൂന്നു വസ്തുതകൾ ഉണ്ട്.

(1) ദൈവത്തിലുള്ള വിശ്വാസത്തിലും ഭയഭക്തിയിലും ഈ ആയുസ്സിനെ വിട്ടുപോ യിട്ടുള്ള വിശ്വാസികൾ യേശുവിനോടുകൂടെ ഇരിക്കുന്നു. അപ്പോസ്തലനായ പൌലൊസ് ഫിലിപ്പ്യക്കാർക്കെഴുതുമ്പോൾ പറയുന്നതിങ്ങനെയാണ്. "ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട്. അതു അത്യുത്ത മമല്ലോ." പിന്നെ കൂശിനേർവച്ചു അനുതപിച്ച കള്ളനോടു കർത്താവു പറയുന്നതു, "ഇന്നു നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും." മരിച്ചുപോയ നീതിമാന്മാരുടെ ആത്മാക്കൾ കർത്താവിനോടുകൂടെ ഇരിക്കുന്നു. അതു നമുക്കു അവരെക്കുറിച്ചുള്ള ഉറപ്പും പ്രത്യാശയുമാണ്.

(2) ഇതു നമുക്കു നിശ്ചയമായ ഒരു പ്രത്യാശയാണെങ്കിൽ അവരുമായി നമുക്കു ഒരു കൂട്ടായ്മയുണ്ട്. "വിശുദ്ധന്മാരുടെ സംസർഗ്ഗത്തിൽ ഞാൻ വിശ്വസിക്കുന്നു." അവർ യേശുവിനോടുള്ള ബന്ധത്തിൽ ഇരിക്കുന്നു. നാമും അങ്ങനെതന്നെ. അവരിൽ വ്യാപരിക്കുന്ന യേശുവിന്റെ ജീവനും ആത്മാവും തമ്മിലും വ്യാപരിക്കുന്നു. അവരും നാമും ഒരേ ജീവനും ആത്മാവിനും പങ്കാളികളാകുന്നു. നാം യേശുവിനോടടുക്കുന്തോറും അവരോടും അടുക്കുകയാണ് ചെയ്യുന്നത്.

(3) മൂന്നാമത്തെ വസ്തുത അവർ നമ്മുടെ സ്ഥിതികളെപ്പറ്റിയും നമ്മെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശങ്ങളെപ്പറ്റിയും അറിയുന്നു എന്നുള്ളതാണ്. ആ ഉദ്ദേശങ്ങൾ നിറവേറുന്നതിൽ അവർ അത്യന്തം താല്പര്യമുള്ളവരായിരിക്കുന്നു. ചിലപ്പോൾ അതിനായി അവർ ദൈവത്തോടുകൂടെ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതു വേദപുസ്തകത്തിൽനിന്നും ഗ്രഹിക്കുവാൻ കഴിയുന്ന ഒരു സത്യമാണ്.

(a) നമ്മുടെ കർത്താവു മരുഭൂപ്രദേശത്തിലായിരുന്നപ്പോൾ അവിടുത്തോടെയും ഏലിയാവും പ്രത്യക്ഷമാകുന്നതായി നാം കാണുന്നു. അവർ മരിച്ചുപോയ വിശുദ്ധന്മാരുടെ പ്രതിനിധികളായിരുന്നു. അവർ യേശുവിനോടു സംസാരിച്ചതു താൻ യരൂശലേമിൽ പ്രാപിപ്പാനുള്ള നിർയ്യാണത്തെക്കുറിച്ചായിരുന്നു. ഇങ്ങനെയും ലോകത്തിന്റെ രക്ഷയ്ക്കായി മുൻനിശ്ചയിച്ചിരുന്ന ക്രൂശിലെ യാഗത്തിനുവേണ്ടി കർത്താവിനെ ഒരുക്കുകയായിരുന്നു അവർ ചെയ്തതു. ലോകത്തെ സംബന്ധിച്ചുള്ള ദൈവോദ്ദേശത്തെക്കുറിച്ചു അവർക്കു അറിവുണ്ടായിരുന്നു. ആ ഉദ്ദേശനിവൃത്തിക്കായി അവർ ദൈവത്തോടുകൂടെ സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തു.

(b) ധനവാന്റെയും ലാസറിന്റെയും ഉപമയിൽ ധനവാൻ നരകത്തിൽ യാതന അനുഭവിക്കുമ്പോൾ തന്റെ ചാർച്ചക്കാരെ ഓർക്കുന്നു. ഇതു ഒരു ഉപമ മാത്രമാണ്. അതിലെ വിശദാംശങ്ങൾ വലിയ സത്യങ്ങളെ സാധൂകരിക്കുന്നതിനുള്ള തെളിവുകളായി ഉപയോഗിക്കുന്നതു എപ്പോഴും ശരിയായിരിക്കയില്ല. എങ്കിലും മറ്റു തെളിവുകളോടു ചേർത്തു അവയെപ്പറ്റി ചിന്തിക്കുന്നതു സഹായകരമായിരിക്കും.

(c) പിന്നെ എബ്രായലേഖനത്തിലെ പ്രസിദ്ധപ്പെട്ട ഒരു വേദഭാഗമുണ്ട്. ൧൧-ാം അദ്ധ്യായത്തിൽ വിശ്വാസവീരന്മാരുടെ ഒരു പട്ടിക നാം വായിക്കുന്നു. ൧൨-ാം അദ്ധ്യായത്തിൽ, "ആകയാൽ സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു നാമും സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പാകെ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക" എന്നു പറഞ്ഞിരിക്കുന്നു. സകല വിശുദ്ധന്മാരും, നമ്മെ സ്നേഹിച്ചു നമ്മുടെ മാതാപിതാക്കന്മാർ, ഭാര്യാഭർത്താക്കന്മാർ സഹോദരസഹോദരിമാർ ഇവരെല്ലാം നമ്മുടെ ചുറ്റുംനിന്നു ലോകമാകുന്ന സ്റ്റേഡിയത്തിൽ കൂടെയുള്ള നമ്മുടെ ഓട്ടം താല്പര്യത്തോടുകൂടെ നോക്കുകയാണ്. നാം നമ്മുടെ ലക്ഷ്യത്തെ വിട്ടു ഓടുന്നുവെങ്കിൽ അവർ നമ്മെക്കുറിച്ചു അത്യന്തം സങ്കടപ്പെടും. അതുകൊണ്ടു വിശുദ്ധന്മാരെക്കുറിച്ചുള്ള കാര്യം സ്ഥിരതയോടുകൂടിയ ക്രിസ്തീയ ജീവിതത്തിനായുള്ള പ്രേരണയാണ്. നാം നമ്മുടെ ഭാരങ്ങളെയും, പാപത്തെയും വിട്ടു നമ്മുടെ ലക്ഷ്യമാകുന്ന കർത്താവിങ്കലേക്കു നോക്കുന്നുവെങ്കിൽ അവരുടെ ഹൃദയം സന്തോഷിക്കും.

പണ്ടു ഒരു രാജ്യത്തു പ്രസിദ്ധപ്പെട്ട ഒരു ക്രിക്കറ്റ് കളിക്കാരനുണ്ടായിരുന്നു. നിർഭാഗ്യവശാൽ അയാളുടെ കണ്ണു രണ്ടും കുരുടായിപ്പോയി. ജിം എന്നു പേരുള്ള അയാളുടെ ഒരു മകൻ ക്രിക്കറ്റു കളിയിൽ വളരെ സമർത്ഥനായിത്തീർന്നു. അതിൽ അവന്റെ അപ്പൻ വളരെ അഭിമാനം കൊണ്ടു എന്നു പറയേണ്ടതില്ലല്ലോ. ജിം ക്രമേണ ആ പട്ടണത്തിലെ ഏറ്റവും വലിയ കളിക്കാരനായിത്തീർന്നു. ആ കുരുടനു ജീവിതത്തിലുണ്ടായിരുന്ന ഏറ്റവും വലിയ സങ്കടം തന്റെ മകൻ കളിക്കുന്നതു ഒന്നു കാണുവാൻ സാധിക്കുകയില്ലല്ലോ എന്നുള്ളതായിരുന്നു. എങ്കിലും വലിയ കളികൾ നടക്കുമ്പോൾ അവൻ പോയി ഗാലറിയിൽ ഇരിക്കും. ജിം ബാറ്റു ചെയ്യുന്ന ശബ്ദവും, അവൻ ഭംഗിയായി കളിക്കുമ്പോൾ ജനക്കൂട്ടം ആഹ്ലാദം പ്രകടിപ്പിക്കുന്നതും കേട്ടു അയാൾ സന്തോഷിക്കുക പതിവായിരുന്നു. ഒരി

സണ്ടെസ്കൂൾ കത്ത്

പ്രിയ സ്നേഹിതരെ,

മെയ് മാസം 22—24 വരെയുള്ള തീയതികളിൽ മേലുകാവു ഡിസ്ട്രിക്ടിന്റെ വക യായുള്ള ഈയാണ്ടത്തെ സണ്ടെസ്കൂൾ ക്യാമ്പു് വിജയകരമായി നടത്തപ്പെട്ടു. 121 പുരു ഷന്മാരും 62 സ്ത്രീകളും ഉൾപ്പടെ 183 അദ്ധ്യാപകർ ആ സമ്മേളനത്തിൽ സംബന്ധിച്ചു.

എട്ടും പത്തും മൈൽ കാൽനടയായി മലകയറി ദൂരസ്ഥലങ്ങളിൽനിന്നു വന്ന അദ്ധ്യാപക രുടെ സാന്നിദ്ധ്യം വളരെ പ്രോത്സാഹജനകമായിരുന്നു. ക്യാമ്പിന്റെ അവസാനദിവസം നടത്തിയ വിശുദ്ധസംസ്ക്കാരശുശ്രൂഷയിൽ എല്ലാ അദ്ധ്യാപകരും പങ്കുകൊള്ളുകയും വിശുദ്ധ സംസ്ക്കാരശുശ്രൂഷയ്ക്കു് മുമ്പായി എല്ലാ അദ്ധ്യാപകർക്കുമായി ഒരു പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തുകയും ചെയ്തു. അദ്ധ്യാപകരുടെ ചെലവുകൾ വഹിച്ചതു് അതാതു സണ്ടെസ്കൂളുകളും സഭകളും ക്രമേണയായിരുന്നു. അദ്ധ്യാപകരും ഒരു ചെറിയ ഭാഗം വഹിക്കുകയുണ്ടായി ഈയാണ്ടത്തെ ക്യാമ്പു് നടത്തിപ്പിൽ സഹകരിച്ചിട്ടുള്ള എല്ലാവർക്കും നന്ദിപറയുന്നു. ഇപ്രകാരമുള്ള ക്യാമ്പു കൾ എല്ലാ ഡിസ്ട്രിക്ടിലും നടത്തിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ബാലജനപ്രവർത്തനങ്ങൾ എല്ലാ സഭകളിലും ഇതിനകം നടത്തിക്കാണുമെന്നു വിശ്വസി ക്കുന്നു. എവിടെയെങ്കിലും ഏതെങ്കിലും കാരണവശാൽ നടക്കാതിരുന്നിട്ടുണ്ടെങ്കിൽ എത്രയും വേഗത്തിൽ അതു നടത്തണമെന്നു ഓർപ്പിക്കുന്നു. ലഭിക്കുന്ന സ്തോത്രകാഴ്ച താമസിയാതെ ആഫീസിൽ അടയ്ക്കേണ്ടതുമാണ്.

1948-ൽ ആണ്ട് നമ്മുടെ മഹായിടവകയിൽ സണ്ടെസ്കൂൾ അദ്ധ്യാപകരുടെ പ്രതി ക്ഷാനടപടി ആരംഭിച്ചതു്. ഇതു് എത്രയും ആവശ്യമുള്ള ഒരു കാര്യമാണ്. അദ്ധ്യാപ കർക്ക് അവരുടെ ചുമതലയെ സംബന്ധിച്ചു് കൂടുതൽ ബോധമുണ്ടാകുന്നതിനു് ഇതു സഹാ

കൂൽ അവിടെ വലിയ ഒരു ക്രിക്കറ്റ് മാച്ചു് നടന്നു അതിനുവേണ്ടിയുള്ള ക്രമീകരണങ്ങ ളെല്ലാം പൂർത്തിയായി. എന്നാൽ കളി നടക്കുന്നതിനു രണ്ടു ദിവസം മുമ്പു ജിമ്മിന്റെ അപ്പൻ മരിച്ചുപോയി. അവിടുത്തെ റീമിൽ അവനു കളിക്കുവാൻ സാധിക്കുകയില്ലല്ലോ എന്നു വിചാരിച്ചു എല്ലാവരും ദുഃഖിച്ചു. എന്നാൽ ആ ദിവസം കളി നടന്നപ്പോൾ ജിം കളി സ്ഥലത്തു പ്രത്യക്ഷപ്പെട്ടതിൽ എല്ലാവരും ആശ്ചര്യപ്പെട്ടു. അന്നു അവൻ വളരെ ഉത്സാ ഹത്തോടുകൂടെ കളിക്കുകയും, അവന്റെ റീം പ്രശസ്തമായി ജയിക്കുകയും ചെയ്തു. കളി കഴിഞ്ഞപ്പോൾ അവന്റെ ഒരു സ്നേഹിതൻ അവനോടു, "ജിമ്മേ, ഇന്നു നീ എത്ര നന്നായി കളിച്ചു. ഇതിനു മുമ്പൊരിക്കലും നീ ഇത്ര ഭംഗിയായി കളിച്ചിട്ടില്ലല്ലോ," എന്നു പറഞ്ഞു. അപ്പോൾ ജിം ഇപ്രകാരം മറുപടി പറഞ്ഞു. "ഇന്നെനിക്കു എന്റെ പൂർണ്ണ ശക്തിയും കഴിവും ഉപയോഗിച്ചു കളിക്കാതിരിപ്പാൻ യാതൊരു നിവൃത്തിയുമില്ല. എന്തെന്നാൽ എന്റെ പ്രിയ പ്പെട്ട അപ്പൻ ഇന്നു ആത്മമായിട്ടാണ് എന്റെ കളി കാണുന്നതു്." അവന്റെ മരിച്ചു പോയ അപ്പൻ ശരീരസംബന്ധമായ അവശതകളിൽനിന്നു വിമുക്തനായിട്ട്, അവന്റെ കളി താല്പര്യത്തോടുകൂടെ കാണുന്നു എന്നുള്ള ബോധം ഏറ്റവും ഭംഗിയായി കളിക്കുവാൻ അവനെ ഉത്സാഹിപ്പിച്ചു.

ദൈവത്തിലുള്ള വിശ്വാസത്തിലും ഭയഭക്തിയിലും കടന്നുപോയിട്ടുള്ള നമ്മുടെ പ്രിയ പ്പെട്ടവരെ നിത്യതയോടും സ്നേഹത്തോടുംകൂടെ ഓർക്കുവാനുള്ള ഏറ്റവും ചേർച്ചയായ സന്ദർഭവും സ്ഥാനവും നാം ദൈവസന്നിധിയിൽ അടുത്തുവരുമ്പോഴാണ്. അവരെക്കുറിച്ചുള്ള ഓർമ്മ നമ്മെ നിത്യതയോടും സ്വർഗ്ഗത്തോടും ബന്ധിപ്പിക്കുന്നു. സകല ഭാരവും വിട്ടു നമ്മുടെ ഓട്ടം സ്ഥിരതയോടുകൂടെ ഓടുവാൻ അതു നമ്മെ ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു.

വിജയികളായ വിദ്യാർത്ഥികൾക്ക് ബൈബിൾ സൊസൈറ്റിയുടെ സംഭാവന.

S. S. L.C. പരീക്ഷയിൽ വിജയികളാകുന്ന സകലർക്കും നാലു സുവിശേഷങ്ങളും അപ്പൊസ്തലപ്രവൃത്തികളും അടങ്ങിയ പുസ്തകം വേദപുസ്തക സമൂഹത്തിൽ നിന്നും സൌജന്യമായി നൽകുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പ്രീയൂണിവേഴ്സിറ്റി ക്ലാസ്സിൽ പഠിച്ചിരുന്ന കുട്ടികൾക്കു കോളേജ് അധികൃതർ മുഖേന വിതരണം ചെയ്തുകൊണ്ടിരുന്നു. അതു ഇപ്പോഴും തുടർന്നു വരുന്നു. ഏതെങ്കിലും കോളേജ് അധികൃതരിൽനിന്നും ഇതു ലഭിക്കാത്തവർ ആ സ്ഥലത്തെ S. C. M. സെക്രട്ടറി മുഖേന ആവശ്യപ്പെടേണ്ടതാണ്. (ഈ പുസ്തകം ഇംഗ്ലീഷിൽ ഉള്ളതാണ് സാധാരണ വിതരണം ചെയ്യുന്നത്. മറ്റു ഭാഷകളിലും ഇതു ലഭിക്കുന്നതാണ്).

ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ ശേഷം കോളേജിൽ ചേർന്നു പഠിക്കാത്ത ധാരാളം കുട്ടികൾ ഉണ്ടെന്നറിയുന്നു. അവർക്കും ഈ പുസ്തകം സമ്മാനമായി നല്കുന്നമെന്നു ഞങ്ങളാഗ്രഹിക്കുന്നു. അതിനാൽ അപ്രകാരമുള്ള കുട്ടികൾ അവരവരുടെ ഇടവകപ്പട്ടക്കാരുടേയോ, ഇടവകയുടെ മുമതല വഹിക്കുന്ന ആളിന്റെയോ പാൾയോടുകൂടി ആവശ്യപ്പെടുന്ന പക്ഷം അവർക്കും ലഭിക്കുന്നതാണ്. 1957 സെപ്തംബറിലും 1958 മാർച്ചിലും പാസ്സായവർ മാത്രം ഇതിന് അപേക്ഷിക്കേണ്ടതാണ്.

കഴിഞ്ഞ സ്ക്കൂൾവർഷം ആദ്യമായി ഏതെങ്കിലും ഒരു ഡിഗ്രി സമ്പാദിച്ചു വിജയികളായ സകലർക്കും ഇംഗ്ലീഷിൽ ഉള്ള ഒരു പുതിയനിയമം സങ്കീർത്തനത്തോടുകൂടിയതു സൌജന്യമായി വിതരണം ചെയ്യുന്നുണ്ട്. പാസ്സായവർ, നമ്പർ കാണിച്ചു താഴെക്കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടുക. തപാലിൽ അയക്കുന്നതിനു ഏകദേശം 30 നപ. ചെലവു വരും. ഉടനെ ആവശ്യപ്പെടുക.

സെക്രട്ടറി
ബൈബിൾ സൊസൈറ്റി
ബൈബിൾ ഹൌസ്
കോട്ടയം.

യിക്കുന്നു. പ്രതിഷ്ഠിക്കപ്പെട്ട അദ്ധ്യാപകർക്ക് ഒരു 'സപ്തനിഷ്ഠയ്ക്കാർഡ്' കൊടുക്കുന്ന പതിവും നടപ്പിലിരുന്നതാണ്. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഇക്കാര്യത്തിൽ പലരും അതു ശ്രദ്ധപതിച്ചിരുന്നില്ല. അതുകൊണ്ട് ഈ രീതി പുനർജീവിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. പ്രതിഷ്ഠിക്കപ്പെട്ട അദ്ധ്യാപകർ ഒപ്പിട്ട് അവരുടെ കൈവശം തന്നെ സൂക്ഷിക്കുന്നതിനു ആകർഷണീയമായ വിധത്തിൽ ഒരു കാർഡ് അച്ചടിപ്പിച്ചിട്ടുണ്ട്. അതിനു ഒരണ വിലവെച്ചിരിക്കുകയാണ്. കാർഡിന്റെ വിലയെന്നോ സണ്ടെസ്ക്കൂൾ യൂണിയൻ അംഗമാകുന്നതിനുള്ള പ്രവേശന ഫീസെന്നോ പറയാം. ഇപ്രകാരമുള്ള കാർഡുകൾ ഡയോസിസൻ ഡിപ്പോയിൽനിന്ന് വാങ്ങികൊടുക്കുന്നതാണ്. അതോടുകൂടെ ഒരു സഭയ്ക്കു ഒന്ന് എന്ന കണക്കിന് പ്രതിഷ്ഠാശുശ്രൂഷാക്രമം സൌജന്യമായും ലഭിക്കുന്നതുമാണ്. ബഹുമാനപ്പെട്ട എല്ലാ അച്ചന്മാരും ഇക്കാര്യത്തിൽ ഒന്ന് ശ്രദ്ധപതിച്ചു തങ്ങളുടെ മുമതലയിലുള്ള എല്ലാ സഭകളിലും അദ്ധ്യാപകർക്കായി പ്രതിഷ്ഠാശുശ്രൂഷ നടത്തുകയും കാർഡുകൾ ഡിപ്പോയിൽനിന്ന് വാങ്ങി വിതരണം ചെയ്യുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

പള്ളം,
18-6-'58.

റവ. സി. റ്റി. മാത്യു,
സണ്ടെസ്ക്കൂൾ ജെനറൽ സെക്രട്ടറി.

ക്രിസ്തു രോഗികളെ സൌഖ്യമാക്കിയ വിധം

(By Koshi John)

ഇന്നു ഫോളിഡോൾ എന്ന വിഷദ്രാവകം, പഞ്ചസാര, ആട്ടമാവ്, മൃതമായ ഭക്ഷണ പദാർത്ഥങ്ങളിൽ കലർന്നുപോയതിനാൽ കേരളത്തിൽ ഉടനീളമുള്ള സംഭ്രമത്തെ നോക്കുക! ചായക്കടകളിൽനിന്നും, ഹോട്ടലുകളിൽനിന്നും ഭക്ഷണം കഴിച്ച അനേകർ മരണം അടഞ്ഞിരിക്കുന്നു. ഇതുപോലെയുള്ള ഒരു അനുഭവം ആകുന്ന പാപമാകുന്ന വിഷം, മനുഷ്യരക്തത്തിൽ കലർന്നു പോയതിനാൽ ഉണ്ടായിരിക്കുന്നതു്. വിശുദ്ധവേദം പറയുന്നതു, "ഏകമനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിലേക്കു കടന്നിരിക്കുന്നു" എന്നാകുന്നുവല്ലോ—പാപമാകുന്ന വിഷംമൂലം മലിനപ്പെട്ടിരിക്കുന്ന മനുഷ്യരക്തത്തെ ശുദ്ധിയാക്കുന്നതു ക്രിസ്തുയേശുവിന്റെ പരിശുദ്ധരക്തമാണല്ലോ. വിശുദ്ധ യോഹന്നാൻ പറയുന്നപ്രകാരം, "ക്രിസ്തുയേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

മരണംകൂടാതെ ഈ ലോകത്തിൽനിന്നു യാതൊരുത്തനും കടന്നുപോകുവാൻ സാദ്ധ്യമല്ല. എന്നാൽ ഒരു പ്രത്യേക ഉദ്ദേശസാദ്ധ്യത്തിനായി ദൈവം രണ്ടുപേരെ മാത്രമേ മരണം കാണാതെ ഈ ലോകത്തിൽനിന്നു എടുത്തതായി ലോകചരിത്രത്തിൽ കാണുന്നുള്ളൂ. ചില വൃക്ഷങ്ങൾ ഇലയെല്ലാം പൊഴിഞ്ഞു ശിഖരങ്ങളും തടിയുംമാത്രം ശേഷിച്ചിരിക്കുന്നതായി നാം നിത്യവും കാണുന്നതാണല്ലോ. ഇതു എന്തിനായിട്ടെന്നു വച്ചാൽ പുതിയ ഇലകൾ തഴച്ചു കിളിർത്തുവന്ന വൃക്ഷത്തെ വീണ്ടും പുതുതാക്കുന്നതിനാകുന്നു. മരണത്തോടുകൂടെ ശരീരം ദ്രവിച്ചു മണ്ണായിത്തീരുമെങ്കിലും വിശുദ്ധവേദം നമ്മെ പഠിപ്പിക്കുന്നപ്രകാരം ഒരു ഉയിർത്തെഴുന്നേൽപ്പുണ്ടെന്നുള്ള പ്രപഞ്ചം ഇതിനാൽ എത്ര തെളിവായി കാണിക്കുന്നു.

ജഡസംബന്ധമായി ഒരു ലൌകിക മരണവും, ആത്മസംബന്ധമായി ഒരു നിത്യമരണവും ഉണ്ടു്. കർത്താവായ യേശു ഈ ലോകത്തിൽ ഇറങ്ങിവന്നതു, മനുഷ്യനെ നിത്യമരണത്തിൽനിന്നു, ഉദ്ധാരണം ചെയ്യുന്നതിനായിരുന്നു. ഇതിനു തക്കതായ അധികാരവും ശക്തിയും ഉണ്ടെന്നു കാണിപ്പാനാകുന്നു; താൻ, തന്റെ ഇഹലോകജീവിതകാലത്തു രോഗശാന്തിക്കായി തന്റെ അടുക്കൽ വന്ന എല്ലാവിധ രോഗികളെയും സൌഖ്യമാക്കിയതു്. "വരുവാനുള്ളവൻ നീയോ, അതോ, ഞങ്ങൾ മറെറാരുത്തനെ കാത്തിരിക്കണമോ" എന്നു യോഹന്നാൻസ്നാപകൻ തന്റെ ശിഷ്യരെക്കൊണ്ടു യേശുവിനോടു ചോദിച്ചപ്പോൾ തന്റെ മറുപടി "കുരുടർ കാണുന്നു, ചെകിടർ കേൾക്കുന്നു, മുടന്തർ നടക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോടു സുവിശേഷം അറിയിക്കപ്പെടുന്നു, എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങളെ യോഹന്നാനെ ചെന്നറിയിപ്പിൻ" എന്നായിരുന്നുവല്ലോ. ഇതിന്റെ അർത്ഥം, രോഗശാന്തിയുള്ള ശക്തി തനിക്കുള്ളതുകൊണ്ടു സുവിശേഷത്തിന്റെ പ്രസംഗത്താൽ നിത്യമരണത്തിൽനിന്നുള്ള വിടുതലും തനിക്കുള്ളതാകുന്നു എന്നാണല്ലോ. രോഗശാന്തിയും സുവിശേഷത്തിന്റെ രണ്ടും തമ്മിൽ വലുതായ ബന്ധമുള്ളതിനാൽ കർത്താവു രോഗികളെ സൌഖ്യമാക്കിയ വിധം എങ്ങിനെയായിരുന്നുവെന്നു നമുക്കു നോക്കാം.

ഒന്നാമതു, രോഗശാന്തി ആഗ്രഹിച്ചു തന്നെ അന്വേഷിച്ചു വന്നവരെ മാത്രം യേശു സൌഖ്യമാക്കി. ഫലസ്തീൻനാട്ടിൽ ഉണ്ടായിരുന്ന സകലരോഗികളെയും യേശു സൌഖ്യമാക്കിയില്ല എന്ന സംഗതി നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഏലീശാ പ്രവാചകന്റെ കാലത്തു യിസ്രായേലിൽ പല കുഷ്ഠരോഗികൾ ഉണ്ടായിരുന്നിട്ടും സിറിയാക്കാരനായ നയമാനെ അല്ലാതെ മറെറാരെയും ഏലീശാ സുഖപ്പെടുത്തിയില്ല, എന്നായിരുന്നുവല്ലോ കർത്താവു തന്നെ പറഞ്ഞിട്ടുള്ളതു്. ക്രിസ്തു സുഖപ്പെടുത്തിയ പല രോഗികളോടും താൻ ചോദിച്ചതു, തനിക്കു അവരെ സൌഖ്യപ്പെടുത്തുവാൻ കഴിയും, എന്നുള്ള ഉറപ്പും നിശ്ചയവും അവർക്കുണ്ടോ എന്നായിരുന്നു. ദൈവത്തിൽനിന്നു ഗുണവും അനുഗ്രഹവും പ്രാപിക്കേണ്ടതു അവ

യെ നമുക്കു നൽകുന്നതിനു മൈവം ശക്തനാണെന്നുള്ള ലഘിതമായ വിശ്വാസംമൂലം മാത്രമാകുന്നു. അല്ലാതെ മതസംഗതികളെപ്പറ്റിയുള്ള ഉന്നതമായ വിശ്വാസം അവർക്കുണ്ടോ എന്നു അറിയുന്നതിനല്ല, ക്രിസ്തു ആഗ്രഹിച്ചതു്. ഏറവും ഉന്നതമായ വിശ്വാസത്തിലേക്കു നമ്മെ നയിക്കുന്ന ഗോവണിയുടെ ഏറവും താഴത്തെ പടിയാണു ഇതു്. ഈ പടിയിലേക്കു കാൽവയ്ക്കുന്ന ഏവനും വിശ്വാസത്തിന്റെ പൂർണ്ണതയിലേക്കു ക്രമേണ കയറുകയാകുന്നു.

രോഗശാന്തിയ്ക്കായി തന്നെ സമീപിക്കാത്ത ചില രോഗികൾക്കു സൌഖ്യം കൊടുത്തതായിരുന്നു, ഒരിദ്ഗരോട്ട സുവിശേഷം അറിയിക്കുന്നതിനു താൻ ഉപയോഗിച്ച രണ്ടാമത്തെ വിധം. രോഗികൾ യേശുവിനെ അന്വേഷിച്ചു ചെന്നു സൌഖ്യം പ്രാപിച്ചതിനെക്കാൾ വിസ്മയകരമായിരിക്കുന്നതു, താൻ, തന്നെ അന്വേഷിക്കാത്ത ചില രോഗികളെ അന്വേഷിച്ചിറങ്ങി അവർക്കു സൌഖ്യം കൊടുത്തു എന്നുള്ളതാണു്. ഇതു ഒരു ഡാക്ടരും ചെയ്യാത്ത പ്രവൃത്തിയാണല്ലോ — ദൃഷ്ടാന്തമായിട്ടു, ലഘ്യോൻ ബാധിച്ച ഗദരായ ദേശക്കാരനെ സുഖപ്പെടുത്തിയതു അവനോ, ആ ദേശക്കാരോ, അപേക്ഷിച്ചിട്ടല്ലായിരുന്നു. അവർണ്ണം തന്നെ കർത്താവു ഒരിക്കൽ ബത്ത്സയിദാ കൂടുത്തിങ്കലേക്കു പോയി എന്നു പറഞ്ഞിരിക്കുന്നു. ആ കൂടുത്തിനു് അഞ്ചു മണ്ഡപങ്ങൾ ഉണ്ടായിരുന്നു. അവയിൽ, രോഗികളുടെ ഒരു സംഘം വെള്ളത്തിന്റെ കലക്കം നോക്കിപ്പാർത്തു കിടന്നിരുന്നു. അവരുടെ കൂട്ടത്തിൽ മുപ്പത്തെട്ടു വർഷത്തോളം നിരാശയകരമായി നിരാശയിൽ കിടന്നിരുന്ന ഒരു പക്ഷവാതക്കാരൻ ഉണ്ടായിരുന്നു. അവനെമാത്രം കാണ്മാനായിരുന്ന കർത്താവു അവിടെ ചെന്നതു്. അവനെ അല്ലാതെ മററാരെയും അവിടെ സൌഖ്യമാക്കിയതുമില്ല. പിറവിക്കുരുടന്റെ കണ്ണിന്മേൽ ചേറുതേച്ചു അവനെ സൌഖ്യപ്പെടുത്തിയതു അവൻ അപേക്ഷിച്ചിട്ടല്ലായിരുന്നു. അവൻ പിറവിയിൽതന്നെ കുരുടനായിരുന്നതുകൊണ്ടു യേശുവിനു തന്റെ കണ്ണുകളെ തുറപ്പാൻ ശക്തിയില്ലായിരിക്കുണമെന്നായിരിക്കാം ഒരു പക്ഷേ അവൻ വിചാരിച്ചിരുന്നതു്. രോഗികളെ സുഖപ്പെടുത്തിയതിൽനിന്നു, ഒരിദ്ഗരോട്ട സുവിശേഷം അറിയിക്കുന്നു എന്നു കർത്താവു യോഹന്നാൻസ്നാപകനെ അറിയിച്ചതു എത്രമേൽ വിസ്മയകരമായിരിക്കുന്നു.

ഇതത്രേ സുവിശേഷത്തിന്റെ ഭൂതു്. ക്രിസ്തു ലോകത്തിലേക്കു ഇറങ്ങി വന്നതു്, മനുഷ്യരാരും അപേക്ഷിച്ചിട്ടല്ലായിരുന്നു. നാം പാപികളായിരിക്കുമ്പോൾ തന്നെ നമ്മുടെ മുഖത്തെ മൈവത്തിൽനിന്നു തിരിച്ചു അവനോടു മത്സരിച്ചു നമ്മുടെ പുറം അവനു കാണിച്ചുകൊണ്ടു ജീവിച്ചപ്പോൾതന്നെ നമ്മെ സൌഖ്യപ്പെടുത്തുവാൻ ക്രിസ്തുയേശു ഇറങ്ങിവന്നു.

യേശുക്രിസ്തു ചിലരെ തൊട്ടും ചിലരെ അഭിമുഖമായി കണ്ടും, മററു ചിലരെ കാണാതെതന്നെയും സൌഖ്യമാക്കിയതായിട്ടാണല്ലോ സുവിശേഷത്തിൽനിന്നു നാം ഗ്രഹിക്കുന്നതു്. അതിനാൽ രോഗശാന്തിക്കായി ആഗ്രഹിച്ചു പ്രാർത്ഥിച്ചും കൊണ്ടിരിക്കുന്ന യാതൊരുത്തരും നിരാശപ്പെടേണ്ടയാവശ്യമില്ല.

ആശ്വാസം യേശു ഭവാൻ ആരോഗ്യം രോഗിക്കുള്ളിൽ
വിശേഷബന്ധുനീയെന്നേ-വേറാരും ഇല്ലേ സ്വാമി—യേശുവേ !

അഖിലലോക സഭാ കൌൺസിൽ അദ്ധ്യക്ഷന്മാരുടെ പെന്തിക്കോസ്ത്തുദിനസന്ദേശം

അഖിലലോക സഭാകൌൺസിലിനെ പ്രതിനിധീകരിച്ചുകൊണ്ടു അതിന്റെ അംഗങ്ങളായി അഞ്ചു ഭൂഖണ്ഡങ്ങളിലും സമുദ്രത്തിലെ ദ്വീപുകളിലുമുള്ള എല്ലാ സഭകൾക്കും ഒരു ക്രിസ്തീയ അഭിവാദനസന്ദേശം അയയ്ക്കുന്നതിനു പരിശുദ്ധമായ ഈ പെന്തിക്കോസ്തു ആഘോഷസമയം ഉപയോഗിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പിതാവായ ദൈവത്തിങ്കൽനിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.

സകല ജഡത്തിന്മേലും പരിശുദ്ധാത്മാഭിഷേകം ഉണ്ടായ ഒന്നാമത്തെ ക്രിസ്തീയ പെന്തിക്കോസ്തുനാൾ ഇന്നു നാം ആഘോഷിക്കുന്നു. പാർത്ഥരും, മേദ്യരും, ഏലാമ്യരും, മെസപ്പൊത്തോമ്യയിലും യഹൂദ്യയിലും, കപ്പദോക്യയിലും, പൊന്തോസിലും, ആസ്യയിലും, പ്രുഗ്യയിലും പംഫല്യയിലും, മിസ്രയീമിലും കുറേനെക്കു ചേർന്ന ലിബ്യാപ്രദേശങ്ങളിലും പാർക്കുന്നവരും റോമയിൽനിന്നു വന്നുപാർക്കുന്നവരും, യഹൂദന്മാരും യഹൂദമതാനുസാരികളും, ക്രേത്യരും അറബിക്കാരുമായ എല്ലാവരും അന്നു പരിശുദ്ധാത്മാവിനെ പ്രാപിച്ചു. (അപ്പൊ. പ്രവൃ. 2. 9—11).

ഈ ആത്മാവു ഐക്യത്തിന്റെ ആത്മാവാകുന്നു. അവരെല്ലാവരും ഒരു സ്ഥലത്തു കൂടിയിരുന്നപ്പോൾ ആത്മാവു അവരിൽ ഓരോരുത്തരുടെമേലും വന്നു ആവസിച്ചു (അപ്പൊ, പ്ര. 2. 1—3). അതുകൊണ്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ ലോകത്തിൽ വച്ചു അവസാനമായി പ്രാർത്ഥിച്ചപ്രകാരം വിശ്വാസത്തിലുള്ള ഐക്യത്തിൽ ആത്മാവു നമ്മുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു നമുക്കും ഇടവിടാതെ എല്ലുപ്പോഴും പ്രാർത്ഥിക്കാം.

പരിശുദ്ധാത്മാവു ശക്തിയുടെ ആത്മാവാകുന്നു. "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും (അപ്പൊ. പ്ര. 1. 8). ബലഹീനമായ തീരുമാനശക്തിയോടു കൂടിയവരും തീരുമാനം ചെയ്യുവാൻ കഴിയാത്തവരുമായ നമുക്കു വ്യക്തികളായും സമൂഹമായും നമ്മുടെ ജീവിതം നന്നാക്കുന്നതിനുള്ള നിർദ്ദേശംമാത്രം തരുന്ന ഒരു സുവിശേഷമാണുള്ളതെങ്കിൽ അതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. അതനുസരിച്ചു പ്രവർത്തിക്കുന്നതിനുള്ള ഒരു കഴിവുകൂടി നമുക്കു ലഭിക്കേണ്ടതാണ്. ആദ്യത്തെ പെന്തിക്കോസ്തുദിവസം പുരുഷന്മാരും സ്ത്രീകളും അവരുടെ സാധാരണമായ വ്യക്തിതലത്തിൽനിന്നും വളരെ ഉയർത്തപ്പെട്ടു. അവരുടെ ബലഹീനതയിൽ സഭ ഇന്നും ഭിന്നപ്രതി ദൈവത്തെ പുകഴ്ത്തുന്നതിനു കാരണമായ പലതും ചെയ്യുന്നതിനും സഹിക്കുന്നതിനും ശക്തരായിത്തീർന്നു.

പരിശുദ്ധാത്മാവു സാക്ഷീകരിക്കുന്ന ആത്മാവാകുന്നു. താൻ തന്നത്താൻ സാക്ഷീകരിക്കയും നമ്മെ ക്രിസ്തീയ സാക്ഷ്യത്തിനു പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു. "നിങ്ങൾ ലോകത്തിന്റെ അറ്റത്തോളം എന്റെ സാക്ഷികളായിരിക്കും"മെന്നുള്ള (അപ്പൊ. പ്ര. 1. 8.) താണ് ആദ്യത്തെ പെന്തിക്കോസ്തിലെ വാഗ്ദാനത്തിന്റെ ഒരു ഭാഗം. ഈ ദിവസമാണു സഭയുടെ ലോകസാക്ഷ്യം ആരംഭിച്ചതു്. സുവിശേഷീകരണത്തിനുള്ള വാഞ്ഛ ഈ ദിവസത്തിലെ അനുഗ്രഹങ്ങൾ അനുഭവിക്കുന്നതിനുള്ള ഒരു പ്രധാന വ്യവസ്ഥയാണ്. കൂടാതെയും നമ്മുടെ സാക്ഷ്യം സകല ലോകത്തോടും എല്ലാ സൃഷ്ടികളോടും ആണ്. ലോകത്തിന്റെ അറുതിയോളം എത്തുന്നതുവരെ നമുക്കു വിശ്രമിക്കുവാൻ അവകാശമില്ല.

അതുകൊണ്ടു ഇന്നു ആദ്യത്തെ പെന്തിക്കോസ്തിൽ പരിശുദ്ധാത്മാഭിഷേകം ഉണ്ടായതിനെ ആഘോഷിക്കുകമാത്രമല്ല, ദൈവകൃപയാൽ അന്നു പ്രകടമായിരുന്ന ഐക്യം വീണ്ടെടുക്കുന്നതിനും, അന്നു അനുഭവവേദ്യമായിരുന്ന ശക്തി അനുഭവിക്കുന്നതിനും അന്നു എല്ലാ ഹൃദയങ്ങളിലും നിറഞ്ഞിരുന്ന, ലോകം മുഴുവനും സുവിശേഷീകരിക്കുന്നതിനുള്ള അഭിവാഞ്ഛ

വാർത്തകളും കുറിപ്പുകളും

തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിന്റെ ശതവത്സരസ്മാരകഹോൾ. തിരുവനന്തപുരം ക്രൈസ്റ്റ്റ്റ് ചർച്ച് പ്രതിഷ്ഠിച്ചിട്ട് 100 വർഷം തികയുന്നതു 1959-ലാണു. 1956-ൽ ഇടവകയിലെ ഇംഗ്ലീഷ് മലയാളം തമിഴ്വിഭാഗങ്ങൾ ഒന്നുചേർന്നു ഒരു ത്രിവത്സരപദ്ധതി ആവിഷ്കരിക്കുകയുണ്ടായി. ക്രൈസ്റ്റ് ചർച്ചിന്റെ സമീപത്തായി ഒരു നല്ല ഹോൾ പണിചെയ്യുക, പള്ളി ഇപ്പോഴത്തെ ആവശ്യത്തിനനുസരണമായി വിസ്താരപ്പെടുത്തുക, മൂന്നു ഉപസഭകളിലെയും ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ചില ക്ഷേമപരിപാടികൾ നടപ്പിലാക്കുക, എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ഇതിനെല്ലാംകൂടെ മൂന്നുവർഷംകൊണ്ടു 60,000 രൂപാ പിരിച്ചെടുക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളതു. 1956 നവംബർ 1-ാംനു- (സകല വിശുദ്ധന്മാരുടെയും നാളിൽ) ബിഷോപ്പു ജയിക്കബു തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എത്തിയോപ്പായിലെ ചക്രവർത്തിതിരുമനസ്സുകൊണ്ടു സ്മാരകഹാളിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു, പ്രസ്തുത ത്രിവത്സരപദ്ധതി ഉൽഘാടനം ചെയ്യുകയുണ്ടായി. ചക്രവർത്തി തിരുമനസ്സുകൊണ്ടു സംഭാവന ചെയ്ത 20,000 രൂപായ്ക്കു പുറമേ 25,000 രൂപായോളം ഒരു വർഷംകൊണ്ടു പിരിച്ചെടുത്തു അതിമനോഹരമായ ഒരു ഹോൾ ഇപ്പോൾ പണിതീർത്തിട്ടുണ്ട്. ക്രൈസ്റ്റ്റ്റ് ചർച്ച് ഇടവകയ്ക്കും, സ്ഥലത്തുള്ള വിവിധ ക്രൈസ്തവസംഘടനകൾക്കും, പട്ടണത്തിൽ വിദ്യാഭ്യാസത്തിനായി വന്നു താമസിക്കുന്ന നമ്മുടെ നിരവധി ക്രൈസ്തവവിദ്യാർത്ഥികൾക്കും യോഗം ചേരുന്നതിനു ഏറ്റവും സൌകര്യമായ ഒരു കെട്ടിടമാണിതു. ഇപ്പോൾ ക്രൈസ്തവവിദ്യാർത്ഥി സംഘടനകൾ അവരുടെ യോഗങ്ങൾക്കും ശുശ്രൂഷകൾക്കും ക്രൈസ്റ്റ്റ്റ് ചർച്ചാണു ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്നുള്ളതു സ്മരണീയമാണു. കെട്ടിടത്തിനുള്ളിൽ 76 അടിനീളവും 32 അടി വീതിയുമുള്ള ഒരു ഹോളും രണ്ടുവരാന്തയും 2ചാവടിയും ഒരു ആഫീസുമുറിയും, അതിഥികൾക്കു താമസിക്കുന്നതിനുള്ള മൂന്നു മുറികളും, കുളിമുറി മുതലായ ശുചീകരണ സൌകര്യങ്ങളും ഉണ്ട്. സുപ്രസിദ്ധരായ ചില കേരളീയ ശില്പകലാവിദഗ്ദ്ധന്മാർ സാമർത്ഥ്യത്തോടെ സംവിധാനം ചെയ്ത ഒരു പ്ലാനനുസരിച്ചാണു ഈ കെട്ടിടം പണിയപ്പെട്ടിരിക്കുന്നതെന്നുള്ളതു പ്രസ്താവ്യമാണ്.

കെട്ടിടത്തിന്റെ ഔപചാരികമായ ഉൽഘാടനം ശതവർഷാഘോഷങ്ങളോടനുബന്ധിച്ചു 1959-ൽ മാത്രമേ നിർവ്വഹിക്കപ്പെടുകയുള്ളുവെങ്കിലും, ഈ അഭ്യുദയവർഷത്തിന്റെ ആരം

ഉണ്ടാകുന്നതിനും നമുക്കു പരിശ്രമിക്കാം. ഇവയെല്ലാം ഉപരിയായി സകലത്തെയും പരിപൂർണ്ണ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹത്തെ (കൊലൊ. 3. 14) നമുക്കു ധരിക്കാം. ഇതിനായി നാം പ്രാർത്ഥനയിൽ ഐക്യപ്പെടുമ്പോൾ ദൈവത്തിന്റെ ധാരാളമായ അനുഗ്രഹങ്ങൾ നമ്മൾ എല്ലാവരുടെമേലും ഉണ്ടാകട്ടെ.

അഖിലലോക സഭാകൌൺസിൽ അദ്ധ്യക്ഷന്മാർ:

ഡോ. ജോൺ ബയിലി, എഡിൻബർഗ്

ബിഷപ്പ് സാന്റെറ യൂബട്ടോ ബാർബിറി, ബ്യൂനോസ് ഏറിസ്

,, ജി. കെ എ. ബൽ, കാൻറർബറി

,, ഓട്ടോ ഡൈബീലിയസ്, ബർലിൻ

യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, തിരുവല്ലാ

ആച്ചു ബിഷപ്പ് മൈക്കൽ, ന്യൂയോർക്ക്

ബിഷപ്പ് ഹെൻട്രി നോക്സ് ഷെറിൽ, ന്യൂയോർക്ക്

ഭം മുതൽ ഉപയോഗപ്പെടുത്തുക്കുവണ്ണം അതിന്റെ പ്രതിഷ്ഠാകർമ്മം 1958 ജൂൺ 13-ാംതീ വൈകുന്നേരം ദക്ഷിണതിരുവിതാംകൂർ മഹായിടവക ബിഷോപ്പു റൈറ്റ. റവ. ആർ നോൾഡ് ഹഡ്ഗ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. തദവസരത്തിൽ ഈ ഹോളിന്റെ നിർമ്മാണത്തെ സംബന്ധിച്ചു ഒരു സംക്ഷിപ്ത ചരിത്രവും വികാരി റവ. റവി. ബി. ബഞ്ചമിൻ പ്രസ്താവിക്കയുണ്ടായി. മൂന്നു ഉപസഭകളിലും ക്രമമായി പാൽവിതരണം നടത്തുക, കരാട്ടി പ്രാർത്ഥനാലയത്തിൽ വൈദ്യുതദീപങ്ങൾ സ്ഥാപിക്കുക മുതലായ ചില പരിപാടികളും ഇതോടൊന്നിച്ചു നടപ്പിലാക്കിയിട്ടുണ്ട്. സ്മാരകഹോളിന്റെ പ്രതിഷ്ഠാകർമ്മത്തോടുകൂടെ ത്രിവത്സരപദ്ധതിയുടെ രണ്ടാംഘട്ടം വിജയകരമായി പര്യവസാനിച്ചിരിക്കയാണു.

പി. ജോർജ്ജ് വറുഗീസ്.

പുതിയ ബിഷോപ്പിന്റെ സ്ഥാനാഭിഷേകം. 1958 ഡിസംബർ 6-ാംതീ (നമ്മുടെ കർത്താവിന്റെ മദ്ധ്യസ്ഥനാൽ) കോട്ടയം ഭദ്രാസനദേവാലയത്തിൽവെച്ചു ബിഷോപ്പുസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. എം. എം. ജോസഫ് ബി. എ., എം. റവി. എച്ചു്. അവർകളുടെ സ്ഥാനാഭിഷേകകർമ്മം സി. എസ്സ്. ഐ. മോഡറേറ്റർ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു. വിശദമായ വിവരങ്ങൾ യഥാകാലം എല്ലാ ഇടവകകളിലും അറിയിക്കുന്നതാണു.

മഹായിടവകദിനം. (ജൂലൈ 25-ാംതീ) 1943 മുതൽ വിശുദ്ധ യാക്കോബിന്റെ നാൾ മഹായിടവകദിനമായി ആചരിച്ചു വരികയാണു. ഈ ആണ്ടിലും എല്ലാ സഭകളിലും പതിവുപോലെ ജൂലൈ 25-ാംതീ വെള്ളിയാഴ്ച ശുശ്രൂഷ നടത്തുന്നതിനു ഇടവക അധികാരികൾ ഏർപ്പാടു ചെയ്യുമല്ലോ. മുൻ ആണ്ടുകളിൽ അയച്ചിട്ടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയുടെയും വേദോപദേശത്തിന്റെയും കുറിപ്പുകൾ ഉപയോഗിച്ചു ജൂലൈ 2-ാംതീ മുതൽ 27-ാംതീ വരെയുള്ള ദിവസങ്ങളിൽ ഒരു പ്രാർത്ഥനാവാരമായി ആചരിക്കുന്നതു പ്രയോജനകരമായിരിക്കും.

ഒരു പ്രശസ്തവിജയം. ഈ ആണ്ടത്തെ എസ്സ്. എസ്സ്. എൽ. സി. പരീക്ഷയിൽ കേരളാ ഡിറ്റേറ്റിൽ ഏറ്റവും കൂടുതൽ മാർക്കോടി പാസ്സായിരിക്കുന്നതു കോട്ടയം സി. എം. എസ്സ്. കോളേജ് ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിയാണെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവയോഗ്യമാണു. ഈ വിദ്യാർത്ഥിയെയും ഈ സ്ഥാപനത്തിന്റെ അധികൃതരെയും ഹാർദ്ദവമായി അനുമോദിച്ചുകൊള്ളുന്നു.

പകുതി ചാർജ്ജിനുള്ള അഭ്യർത്ഥനകൾ. പല വൃദ്ധികളിൽനിന്നും പകുതി ചാർജ്ജിനു മാസിക അയച്ചുകൊടുക്കുന്നതിനുള്ള അഭ്യർത്ഥനകൾ കിട്ടിക്കൊണ്ടിരിക്കുന്നു. പകുതി നിരക്കിനു മാസിക കൊടുക്കുന്ന ഏർപ്പാടു കഴിഞ്ഞ ജനുവരിമാസത്തിൽതന്നെ അവസാനിപ്പിച്ചതാണു. പല വർഷങ്ങളിലായി ഈ മാസിക നടത്തിപ്പിൽ ഒരു വലിയ തുക കടമായി തീർന്നിരിക്കുന്നതുകൊണ്ടു, മാസിക നടത്തുന്നതിനുള്ള ചെലവുകൾ വർദ്ധിച്ചുവരുന്നതുകൊണ്ടും, മേലാൽ പകുതി ചാർജ്ജിനു മാസിക കൊടുപ്പാൻ നിവൃത്തിയില്ലെന്നുള്ള എഡിറ്റോറിയൽ ബോർഡിന്റെ തീരുമാനം അറിയിച്ചുകൊള്ളട്ടെ. ഈ വിവരം നേരത്തെ അറിയിക്കാഞ്ഞതിൽ ഖേദിക്കുകയും ക്ഷമാപണം ചെയ്യുകയും ചെയ്യുന്നു.

കാനം സി. എസ്സ്. ഐ. സണ്ടേസ്കൂൾ വാർഷികം. 1958 മെയ് 18-ാംതീ റവ. പി. ഡി. ജോൺ ബി. എയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാദർ എ. ഏബ്രഹാം ബി. എ., ശ്രീ കെ. സി. ഏലിയാസ് എന്നിവർ പ്രസംഗകരായി

രുന്നു. റിപ്പോർട്ട വർഷത്തിൽ നടിക്കുടഗ്രാമത്തിലെ പ്രവർത്തനത്തിനു 15 രൂപായും, അവിടത്തെ ചാപ്പലനു 11 രൂപാ 6 ന. പൈസയും, ബാലജനപ്പെരുനാൾ സണ്ടേസ്ക്കൂൾ നം ഇവയുടെ പിരിവു 13 രൂപാ 39 ന. പൈസായും ഈ സണ്ടേസ്ക്കൂളിൽനിന്നും അയച്ചു കൊടുത്തിട്ടുണ്ട്.

ഒരു യാത്രയയപ്പ്. കുന്നാട്ടുകുഴി (സി. എസ്സ്. ഐ.) ഇടവകപ്പട്ടക്കാരനായിരുന്നകൊല്ലം പുരുഷാർഹമായ സേവനം അനുഷ്ഠിച്ചു ഇടവകാംഗങ്ങളുടെയും നാട്ടുകാരുടെയും സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനായശേഷം മേലുകാവു ഇവേകയ ലേക്കു സ്ഥലം മാറിപ്പോയ റവ. എം. സി. മാണി ബി. എ., ബി. ഡി. അവർകൾക്കു കുന്നാട്ടുകുഴി ഇടവകയുടേതായി ഒരു യാത്രയയപ്പ് നല്കുകയുണ്ടായി.

എപ്രിൽ 27-ാംനു ഞായറാഴ്ച പകൽ 4 മണിക്കു ദേവാലയത്തിൽവച്ചു വടകര സെൻറ് ജോസഫ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററർ റവ. ഫാ. സി. എം. തോമസ് ബി. എ., എൽ. റ്റി. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യാത്രയയപ്പ് യോഗത്തിൽ അച്ചനവർകളുടെ നിസ്തുല സേവനങ്ങളെയും, സ്വഭാവവിശേഷങ്ങളെയും പ്രകീർത്തിച്ചു അദ്ധ്യക്ഷനും, റവ. റ്റി. എസ്സ്. ജോസഫ് ബി. എ., മെ. മാങ്ങാനം പി. പി ജോൺ, കെ. പി ജോർജ്ജ് എം. സി. മത്തായി, വി. വി. മത്തായി, ക. സി. മത്തായി എന്നിവരും പ്രസംഗിച്ചു. ഇടവകയുടെ വകയായി മി. വി. എം. പോൾ ഒരു മംഗളപത്രവും വായിച്ചു സമർപ്പിക്കുകയുണ്ടായി. സഭസ്സിനു മി. വി. ജെ. ദാനിയേൽ സ്വാഗതവും മി. കെ. എം. ഡേവിഡ് കൃതജ്ഞതയും പറഞ്ഞു. ഇടയ്ക്കിടയ്ക്കു കുട്ടികളുടെയും വിശിഷ്യാ കെ. എൽ. മാത്തന്റെയും ഗാനവും ഉണ്ടായിരുന്നു. ചായസല്ക്കാരത്തിനുശേഷം ഒരു ഗ്രൂപ്പ് ഫോട്ടോയും എടുക്കുകയുണ്ടായി.

കെ. പി. ജോർജ്ജ്,
(ഇടവകകമ്മറ്റി സെക്രട്ടറി).

പുന്നയ്ക്കാട്ട് സി. എസ്സ്. ഐ. സണ്ടേസ്ക്കൂളിന്റെ 34-ാം വാർഷികസമ്മേളനവും കുട്ടികളുടെ സമ്മാനദാനവും 1958 എപ്രിൽ 28-ാംനു ഞായറാഴ്ച 3 മണിക്കു സ്ഥലം സി. എം. എസ്സ് സ്ക്കൂളിൽവച്ചു സണ്ടേസ്ക്കൂൾ ജനറൽ സെക്രട്ടറി റവ. സി. റ്റി. മാത്യു ബി.എ., എൽ. റ്റി. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

ഇടവകപ്പട്ടക്കാരൻ റവ. കെ. ജോസ്സ് അവർകളുടെ പ്രാർത്ഥനാനന്തരം, ചെറുപ്രായത്തിൽ കുട്ടികൾക്കു മതബോധം നല്കേണ്ടതിന്റെ ആവശ്യകത പ്രാധാന്യമുള്ളവ ഉൾപ്പെടുത്തി മി. എം. റ്റി. തോമസ് സ്വാഗതപ്രസംഗം നടത്തി. അതിനുശേഷം അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനുശേഷം സെക്രട്ടറി റിപ്പോർട്ട വായിച്ചു പാസാക്കി. പിന്നീട മി. എ. വി. തോമസ് ബി. എസ്സ്സി. സഭസ്സിനു അനുയോജ്യമായ വിധത്തിൽ ഒരു പ്രസംഗം ചെയ്തു. പരീക്ഷയിൽ 75 ശതമാനവും അതിൽ കൂടുതലും മാർക്കുള്ള എല്ലാവർക്കും അതിൽ കുറവുള്ള ക്ലാസ്സിൽ കൂടിയ മാർക്കുള്ള ആളിനും മുടങ്ങാതെ സണ്ടേസ്ക്കൂൾ ക്ലാസ്സിലും. പള്ളി ആരാധനയിലും മുടങ്ങാതെ ഹാജരായിട്ടുള്ളവർക്കും സമ്മാനങ്ങൾ നല്കി. മി. എം. കെ. ചെറിയാന്റെ കൃതജ്ഞതാപ്രകടനവും, അദ്ധ്യക്ഷന്റെ പ്രാർത്ഥനയും കഴിഞ്ഞു യോഗം 5. 30-നു സമംഗളം പര്യവസാനിച്ചു.

ഞെക്കനാൽ സി. എസ്സ്. ഐ. സണ്ടേസ്ക്കൂളിന്റെ 1957-58-ലെ വാർഷികസമ്മേളനം 1958 എപ്രിൽ 20-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്കു റവ. എം. മാത്യു അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രാർത്ഥന, കുട്ടികളുടെ സ്വാഗതഗാനം എന്നിവയ്ക്കുശേഷം ഹെഡ്മാസ്റ്ററർ മി. എ വി മാത്യു റിപ്പോർട്ട വായിച്ചു സമർപ്പിച്ചു. അനന്തരം അദ്ധ്യക്ഷൻ ഉപക്രമപ്രസംഗം നടത്തി. തുടർന്നു കുട്ടികളുടെ സംഭാഷണവും മി. കെ. ജി. തോമസ് അവർകളുടെ പ്രസംഗവും നടന്നു. പിന്നീട പരീക്ഷാവിജയികൾക്കു

പ്രത്യേക സമ്മാനങ്ങളും സണ്ടെസ്ക്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും പ്രോത്സാഹന സമ്മാനങ്ങളും നല്കപ്പെട്ടു. അതിനുശേഷം അദ്ധ്യക്ഷൻ അവർകൾ സണ്ടെസ്ക്കൂളിന്റെ വിജയകരമായ നടത്തിപ്പിനു ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച ഉപസംഹാര പ്രസംഗം നടത്തി. സണ്ടെസ്ക്കൂൾ അദ്ധ്യാപകരും കുട്ടികളും ചേന്നു "മുടിയൻ പുത്രന്റെ" കഥ അഭിനയിച്ചു. അതിനുശേഷം 7. 30 മണിയോടുകൂടി യോഗം മംഗളമായി അവസാനിച്ചു. കുട്ടികളുടെ ഗാനങ്ങളും, അഭിനയവും, സദസ്യരെ കൂടുതൽ ആകർഷിക്കത്തക്കവയായിരുന്നു. മുൻവർഷത്തെക്കാൾ അധികം മാതാപിതാക്കളുടെ സഹകരണം ഉണ്ടായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്.

എ. വി. മാത്യു,
ഹെഡ്മാസ്റ്റർ.

വാർഷികസമ്മേളനങ്ങൾ. (1) കാനം ഇടവക യൂത്തലീഗ്, യുവതീസമാജം, ബാലസമാജം ഇവയുടെ സംയുക്ത വാർഷികസമ്മേളനം 1958 ഏപ്രിൽ 26-ാം തീയതി റവ. തോമസ് ചെറിയാൻ ബി. എ. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഈ സംഘടനകളുടെ റിപ്പോർട്ടുവായനയ്ക്കുശേഷം ശ്രീ കെ. ഉണ്ണൂണ്ണി, ശ്രീ കെ. ഇ. ജോർജ്ജ് ബി എ., ശ്രീമതി എ. സി. മറിയാമ്മ എന്നിവർ പ്രസംഗിച്ചു. കായികമത്സരത്തിലും ബൈബിൾ പരീക്ഷയിലും വിജയിച്ചവർക്ക് അദ്ധ്യക്ഷൻ സമ്മാനങ്ങൾ നല്കുകയുണ്ടായി. പറമ്പാറമിഷ്യന്റെ ധനശേഖരാർത്ഥം യുവതീസമാജത്തിന്റെ ഉത്സാഹത്തിൽ ഒരു തയ്യൽസാധന വില്പനയും നടത്തപ്പെട്ടു. "നമുക്ക് ഒരു ദൈവം ഉണ്ട്" എന്ന ഒരു പ്രഹസനവും, ഇടയ്ക്കിടയ്ക്കു കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

പി. കെ. നൈനാൻ,
സെക്രട്ടറി.

---

(2) വെട്ടിപ്പുറം സണ്ടെസ്ക്കൂളിന്റെ വാർഷികസമ്മേളനം 1958 ഏപ്രിൽ 27-ാംതീയതി പത്തനംതിട്ട ഡെപ്യൂട്ടി തഹസീൽദാർ ശ്രീ കെ. ഐ. ഫിലിപ്പ് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട ശ്രീ എം. സി. യോഹന്നാന്റെ സ്വാഗതപ്രസംഗത്തിനുശേഷം ശ്രീ തോമസ് ജോർജ്ജ് വാർഷികറിപ്പോർട്ട് സമർപ്പിച്ചു. മെസേഴ്സ് വി. ജെ. ജോർജ്ജ്, പി. റവി. മാത്യു, വി. റവി. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. വേദപാഠപരീക്ഷയിലും, സംഗീതം, വ്യക്തിമത്സരം എന്നിവയിലും വിജയികൾക്കു സമ്മാനങ്ങൾ നല്കപ്പെട്ടു. ശ്രീ എം. ഐ. ജോണിന്റെ കൃതജ്ഞതാപ്രകടനത്തിനുശേഷം അദ്ധ്യക്ഷന്റെ പ്രാർത്ഥനയോടുകൂടി യോഗം അവസാനിച്ചു.

തലവടി സി. എസ്സ്. ഐ. ഇടവകയിൽ ചുട്ടമാലി സഭയുടെ സണ്ടെസ്ക്കൂളിന്റെയും ബാലബാലിക സമാജത്തിന്റേയും ഏകോപിച്ചുള്ള 1957-ലെ വാർഷികസമ്മേളനം 1958 ജൂൺ മാസം രണ്ടാം തീയതി പകൽ രണ്ടര മണിക്കു ഇടവകപ്പട്ടക്കാരൻ റവ. ഡബ്ല്യു. സി. വറുഗീസ് അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ ഏറ്റവും ഭംഗിയായി നടത്തപ്പെട്ടു. മാത്തോമ്മാ സ്ക്കൂൾ കറസ്പോണ്ടന്റ് ശ്രീമാൻ എം. പി. ജോർജ്ജിന്റെ ഫലിതസംപൂർണ്ണമായ പ്രസംഗവും, ഇടയ്ക്കിടയ്ക്കു കുട്ടികളുടെ അഭിനയഗാനങ്ങളും ഉണ്ടായിരുന്നു. ശിശുവകുപ്പു മുതൽ ജേഷ്ഠവകുപ്പുവരെയുള്ള എല്ലാ ക്ലാസ്സുകളിലും വിജയികളായവരിൽ മുമ്പന്തി കുട്ടികൾക്കു പ്രത്യേക സമ്മാനങ്ങളും കുമാരവകുപ്പു മുതൽ താഴയോട്ടുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കു പ്രോത്സാഹന സമ്മാനങ്ങളും കൊടുക്കപ്പെട്ടു. മാതാപിതാക്കളും കുട്ടികളുമായി ഉദ്ദേശം 250 ആളുകൾ യോഗത്തിൽ സംബന്ധിച്ചിരുന്നു.

എന്ന്

ഹെഡ്മാസ്റ്റർ P. I. ITTYAVIRAH.

പ്രതിദിന വേദവായനക്കുറിപ്പുകൾ—ജൂലായി 1958

൨൯. (തി.) ൨രാജാ. ൨൪. ൫—൧൭. യെഹോയാക്കീമിന്റെയും യെഹോയാഖീനിന്റെയും ഭരണം തങ്ങളുടെ പിതാക്കന്മാരുടേതുപോലെ യഹോവയ്ക്കു അനിഷ്ടമായിരുന്നു (൨രാജാ. ൨൩. ൩൭ & ൨൪. ൯). യിസ്രായേൽ ജനവും രാജാക്കന്മാരും മൈവത്തെ ഉപേക്ഷിച്ചാലുണ്ടാകുന്ന അനുഭവം ൨രാജാ. ൯. ൭—൩൭ൽ വിവരിച്ചിട്ടുണ്ട്. B. C. ൬൯൭-ൽ നെബുഖദ്നേസർ യെഹൂദയെ നിരോധിച്ചു യെഹോയാക്കീമിനെയും ജനത്തിൽ പ്രധാനികളെയും അവരുടെ അവിശ്വസ്തത നിമിത്തം ബാബിലോണിലേക്കു കൊണ്ടുപോയി (൨൪ വാ). യഹോവ തന്റെ സമയത്തു ഉപയുക്തമായ പ്രകാരം നല്കും.

൩൰. (ഫ്രൊ.)൨രാജാ. ൨൪. ൧൭—൨൫. ൧—൨൨. യെഹോയാഖീനിനു പകരം നെബുഖദ്നേസർ സെദെക്കീയാവെ രാജാവാക്കി. അവനും അവിശ്വസ്തനായി പെരുമാറി മിസ്രേയിമിനോടു സഖ്യത ചെയ്തു. B. C. 586-ൽ നെബുഖദ്നേസർ വീണ്ടും യെരുശലേമിനെ നിരോധിച്ചു നഗരവും ദേവാലയവും ചുട്ടുകളഞ്ഞു (൨൫. ൯). ശേഷിച്ച ജനത്തെ ബാബേലിലേക്കു കൊണ്ടുപോകയും ചെയ്തു. മൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം മൈവീക പ്രമാണത്തെ വിട്ടുകളയുന്നതിനാൽ മൈവമില്ലാത്തവർക്കു അടിമകളായിത്തീർന്നു. ക്രിസ്തീയസഭ മൈവത്തിന്റെ പ്രമാണങ്ങൾ വിട്ടുപോയാൽ ഇതേ അനുഭവം തന്നെയായിരിക്കും ഉണ്ടാകുന്നതു്.

൧൯൰. (ബു.) മത്താ. ൧. ൧—൨൧ യേശുവിനു ആളാമിനോടും അങ്ങനെ മൈവത്തോടും ഉള്ള ബന്ധത്തെക്കുറിക്കുന്ന ഒരു വംശാവലിയാണു ലൂക്കൊസിന്റെ സുവിശേഷത്തിൽ നാം കാണുന്നതു് (ലൂ. ൩. ൨൩) ഈ സുവിശേഷത്തിൽ ഉല്പ. ൧൨. ൩. ൽ അബ്രഹാമിനും ആ വാഗ്ദത്തം ൨൰. ൭ൽ യെഹൂദയ്ക്കും ദാവീദിനും പുതുക്കിക്കൊടുത്തതും അതു അവസാനത്തിൽ ദാവീദിന്റെ കുടുംബത്തിൽപെട്ട മശിഹായിലും സാക്ഷാല്കരിച്ചിരിക്കുന്നതായും കാണുന്നു. അങ്ങനെ യഹോവ രക്ഷ (യേശു) യെശ ൭.൧൪-ൽ പറഞ്ഞിരിക്കുന്നതുപോലെ നമുക്കായി ജഡം ധരിച്ചു. ഇവൻ പരിശുദ്ധാത്മ ശക്തിയാൽ എന്നിൽ ജനിച്ചിട്ടുണ്ടോ (ഗലാ. ൪. ൧൯).

൧൯൧. (വ്യാ.) മത്താ.൨. ൧—൧൨. മൈവം തന്നെ യഥാർത്ഥമായി അന്വേഷിക്കുന്നവർക്കു തന്നെത്തന്നെ കാണിച്ചുകൊടുക്കും. യേശു സ്വന്തത്തിലേക്കു വന്നു. മത്താ ൧൭—൨൪. പക്ഷെ അവന്റെ ജനനത്തിങ്കൽ തന്നെ അന്യജാതിക്കാരായ വിദ്വാന്മാരുടെ വരവിങ്കൽ നിന്നു അവൻ മറുജാതിക്കും ഉദ്ധാരകൻ എന്നു തെളിയുന്നു. അവന്റെ അടുക്കൽ എല്ലാവരും വന്നേ മതിയാവൂ. ഫിലി. ൧. ൧൦.

൧൯൨. (വെ.) മത്താ. ൨. ൧൩—൨൩. ഹെരോദാവിന്റെ ഭരണം ശക്തിയിന്മേലും ഭയത്തിന്മേലും അടിയുറച്ചതായിരുന്നു. ഭയം ഭയത്തെ മാത്രമെ ഉല്പാദിപ്പിക്കയുള്ളൂ. ഭയത്തിന്റെ ഫലമായി നിഷ്ഠുരകൃത്യം ചെയ്യുന്നതിനിടയാകുന്നു. അതു നിർത്തേണ്ട കാലത്തു നിർത്തിയില്ലെങ്കിൽ അനന്തര ഫലങ്ങൾ ഭയങ്കരമാണ്. മോശെയുടെയും യേശുവിന്റെയും ജീവചരിത്രം തമ്മിൽ ഒരു വലിയ പൊരുത്തം കാണുന്നു. മോശെ യിസ്രായേല്യരെ മിസ്രയിമിന്റെ അടിമയിൽ നിന്നു വിടുവിച്ചു കനാൻ ദേശത്തേക്കു കൊണ്ടുവരുന്നു. ക്രിസ്തു തന്റെ ജനങ്ങളെ പാപത്തിന്റെ അടിമയിൽ നിന്നു വിടുവിച്ചു പുതിയ യെരുശലേമിൽ പ്രവേശിപ്പിക്കുന്നു. ജീവപുസ്തകത്തിൽ പേരുള്ളവർക്കു മാത്രം അതിൽ പ്രവേശനം. വെളി. ൨൧. ൨൭.

൧൯൩. (ശ.) മത്താ. ൩. ൧—൧൭. മൈവത്തിന്റെ പ്രിയപുത്രനെ ചൂണ്ടിക്കാണിക്കുന്നവർ (൧) യോഹന്നാൻ (സുവിശേഷകൻ) (൧൰. വാ) (൨) നമ്മുടെ മനസ്സാക്ഷി. (൩) പരിശുദ്ധാത്മാവു് (൧൬). അവൻ പാപമൊഴികെ എല്ലാറ്റിലും നമ്മോടു സമനാകി. (എബ്രാ. ൪. ൧൫) അതിനാൽ യോഹന്നാന്റെ കയ്യാൽ സ്നാനം ഏറ്റു. യേശുവിന്റെ മര

ണത്തിനോടും ഉയത്തെഴുനേല്പിനോടും അനുരൂപമാക്കുന്നതിനുള്ള അടയാളമാണ് സ്നാനം. (റോമ. ൬൩. ൪-൬).

൧൩൯. (ഞാ.) മത്താ. ൪. ൧—൧൧. യേശുവിന്റെ പരസ്യജീവിതത്തിന്റെ ഒരു രത്നച്ചുരുക്കമാണു പരീക്ഷ. ഈ പരീക്ഷകൾ മൂന്നു കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. (1) ശാരീരികമായ തൃപ്തിയല്ല ദൈവത്തോടു അടുക്കുവാനുള്ള വഴി. (2) അടയാളങ്ങൾ മുഖാന്തരമല്ല ദൈവരാജ്യമന്വേഷിച്ചു അറിയേണ്ടതും അനുഭവിക്കേണ്ടതും. (3) രാഷ്ട്രീയക്രമമോ മറ്റു മതങ്ങളോടുള്ള സന്ധിയോ അല്ല ദൈവരാജ്യം പ്രചരിപ്പിക്കേണ്ടതു്. ഈ മൂന്നാമത്തെ മാർഗ്ഗമാണിന്നു സഭയെ താറുമാറാക്കുന്നതിനു സാത്താൻ ഉപയോഗിക്കുന്ന ഉപാധി. രക്ഷിക്കപ്പെടുന്നതിനു ഒരു നാമം മാത്രം (അപ്പൊ. പ്ര. ൪, ൧൨). യേശുക്രിസ്തു തന്റെ പരീക്ഷകളിൽ വിജയം നേടിയ രീതി നമുക്കു മാർഗ്ഗദർശിയായിരിക്കട്ടെ—തിരുവചനം

൧൩൰. (തി.) മത്താ. ൪. ൧൧—൧൭. യേശു ജാതികൾക്കു തന്നെ വെളിപ്പെടുത്തിയ സംഭവത്തോടു അനുബന്ധിച്ചു മൂന്നു കാര്യങ്ങൾ (1) വിളംബാന്മാരുടെ വരവു് (൧) യേശുവിന്റെ സ്നാനം (3) കാനാവിലെ കല്യാണത്തിങ്കൽ വെള്ളം വീഞ്ഞാക്കിയതു് (യോ. ൨, ൧—൧൧). ഇവിടെയെല്ലാം തന്റെ മഹത്വം വെളിപ്പെടുത്തിയതായിക്കാണുന്നു. യെശ. ൯. ൧ & ൨ ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ യേശുവിന്റെ വരവിനാൽ നിവർത്തിയായി. പുരുഷാരം വെളിച്ചം കണ്ടു എങ്കിലും ഒരു ചുരുങ്ങിയ കൂട്ടം ഒഴികെ വെളിച്ചത്തിന്റെ ദാതാവിനെ സ്വീകരിക്കുന്നതിനു തയാറായില്ല. ഞാൻ പുരുഷാരത്തിന്റെ കൂടെ വെളിച്ചം കണ്ടു നടക്കുന്നുവോ അല്ല ആ വെളിച്ചത്തെ എന്റെ സ്വന്തമാക്കി തീർത്തുവോ.

൧൩൱. (ചൊ) മത്താ. ൫. ൧—൧൨. യഥാർത്ഥ ഭാഗ്യവാന്മാർ ആരെല്ലാം (൧) സ്വന്ത ബലഹീനതകളെ മനസ്സിലാക്കി അവയ്ക്കു പരിഹാരം ക്രിസ്തു മാത്രമാണെന്നു വിശ്വസിച്ചു അവനിൽ ആശ്രയിക്കുന്നവർ (൩—൫ വാ). (2) ദൈവത്തെ ഏതെങ്കിലും വിധത്തിൽ സന്തോഷിപ്പിക്കണമെന്നു ഏകചിന്ത ഭരിക്കുന്നവർ (൬, ൭, ൮—൧൦ വാ). (3) കരുണ കാണിക്കുന്ന സ്വഭാവമുള്ളവർ (൯, ൧൦ വാ). (4) ദൈവത്തെ മഹത്വപ്പെടുത്തുന്ന ഫലം പുറപ്പെടുവിക്കുന്നവർ (൧൧—൧൨ വാ). ക്രിസ്തുവിന്റെ സ്വഭാവത്തോടു് അനുരൂപമായ ഒരു സ്വഭാവം കൈവരിക്കുക എന്നതാണു ഭാഗ്യം. അല്ലാതെ ഇവിടെ അനുഭവിക്കുന്ന കഷ്ടതകൾക്കു പ്രതിഫലം ഭാവിയിൽ എവിടെയോ കിട്ടുമെന്ന പ്രതീക്ഷയല്ല.

൧൩൲. (ബു.) മത്താ. ൫. ൧൩—൧൬. ക്രിസ്തീയ ജീവിതത്തിന്റെ സ്വഭാവം (qualities). എന്റെ സ്വഭാവം മറ്റുള്ളവരുടേതിലും മെച്ചമെന്നതല്ല. (പരീശന്റെ അഭിപ്രായം. ലൂ. ൧൮. ൧൧—൧൨). ധാർമ്മിക പ്രമാണങ്ങൾ വള്ളിപുള്ളി തെറ്റാതെ അനുഷ്ഠിക്കുക എന്നതല്ല (മഹമ്മദീയ പ്രമാണം). ദൈവസ്വഭാവത്തോടു അനുരൂപമായി ജീവിതം നയിക്കുക എന്നതാണു ക്രിസ്തീയ സ്വഭാവം. ധാർമ്മിക പ്രമാണങ്ങൾ പുറമെയുള്ള പ്രവൃത്തികളെക്കുറിക്കുന്നതിനു പര്യാപ്തമാണ് (൨൧, ൨൨ വാ.) അസൂയ, പക (൨൨ വാ). ജഡാഭിലാഷം (൨൭. വാ) മുതലായ നാശകരമായ പാപങ്ങൾ ഹൃദയത്തിൽ മറഞ്ഞു കിടക്കുന്നു. ഗലാ. ൫. ൧൯-ൽ പറയുന്ന പാപങ്ങൾ ഹൃദയത്തിൽ വച്ചുകൊണ്ടിരിക്കുന്നവനേക്കാൾ ഒരു വ്യഭിചാരിയേയോ കുലപാതകനേയോ നാം മഹാ പാപിയായി കരുതുന്നു. ദൈവമുമ്പാകെ എന്നിൽ എന്തെല്ലാം രഹസ്യ പാപങ്ങൾ ഉണ്ട് ?

൧൩൳. (വ്യാ) മത്താ. ൫. ൧൬—൧൮. നിങ്ങളുടെ പിതാവിനു യോഗ്യരായ മക്കൾ ആകുവിൻ. സത്യം സംസാരിക്കുകയും പ്രവർത്തിയിൽ സത്യമുള്ളവരായിരിക്കുകയും ചെയ്യുക. ഒരു അക്രൈസ്തവൻ നോക്കുമ്പോൾ ഇന്നത്തെ ക്രിസ്ത്യാനിയിൽ ഇവ കാണുന്നുണ്ടോ ? എഫെ. ൪. ൨൫ ൽ പറഞ്ഞിരിക്കുന്നതു് 'സ്നേഹത്തിൽ സത്യം സംസാരിക്കുക' ഇല്ലാത്തതാണ് സഭയിലെ കുഴപ്പങ്ങൾക്കു കാരണം. ബിഷോപ്പിനും പട്ടക്കാരനും ഉപദേശിക്കും അയ്യേനിക്കും ക്രിസ്തീയ ജീവിതത്തിന്റെ മാനദണ്ഡം ൧൭-ാം വാക്യം വിളിച്ചു പറയുന്നു.

ക്വാന്ത. (വെ.) മത്താ. ന്യ. ക—കള. ക്രിസ്തീയ ജീവിതത്തിനു ശക്തിനൽകുന്ന മൂന്നു കാര്യങ്ങൾ. ഭിക്ഷ (ഫ—ഭ വാ) പ്രാർത്ഥന (ള—വ വാ.) ഉപവാസം (ക്ഷ—ക്വ വാ.) ഇവ ദൈവത്തോടും മറ്റുള്ളവരോടും നമ്മോടു തന്നെയും നമുക്കുള്ള കടമകളെ സൂചിപ്പിക്കുന്നു. കർത്താവു ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന ലൂ. ക. ക—ര (കർത്താവിന്റെ പ്രാർത്ഥന യഥാർത്ഥത്തിൽ യോ. കള. ന്യ—ൻ) ഒരു മനുഷ്യന്റെ എല്ലാവിധ നടത്തിപ്പുകാരനും ദൈവമെന്നു തെളിയിച്ചിരിക്കുന്നു. ദൈവം (1) പിതാവ് (2) രാജാവ് (3) ഭരണകർത്താവ് (4) സംരക്ഷകൻ (5) പാപമോചകൻ (6) വഴികാട്ടി (7) വിമോചകൻ (deliverer).

ൻന്ന. (ശ). മത്താ. ന്യ. ക്ന—ന്ന. ആത്മീയ കാര്യങ്ങളിൽ തല്പരരായ ക്രിസ്തീയരും ഉപവസിക്കുന്നതായി കാണുന്നു. ക്രിസ്ത്യാനികളായ നമുക്ക് ഉപവാസം കൊണ്ടു മാത്രം കാര്യസിദ്ധിയുള്ളതായി തോന്നുന്നില്ല. സമ്മുടെ ഉപവാസവും വഞ്ചനയും മറ്റുള്ളവരെ കാണിക്കുന്നതിനോ ക്രിസ്തുവിങ്കലേക്ക് കൂടുതൽ അടുക്കുന്നതിനുള്ള ഉപാധിയാണോ ന്യ. ൻ—ന്ന. ലൌകികമായി നമുക്കുള്ള മറ്റെല്ലാ ബന്ധങ്ങളെയും ഇവിടെ കാണിക്കുന്നു (ലൂക്കോ. കപ. ന്ന—ന്ന്യ. ഫവ. വ—ന്ന. ക്ന്യ. ക്ന).

ഇവയെ സംബന്ധിച്ച് ക്രിസ്തുവിന്റെ ഉപദേശം വ്യക്തമായുള്ള കാര്യങ്ങൾ അവയിൽ തന്നെ ചിത്തയല്ലെങ്കിലും നാം അവയിൽ ആശ്രയം വെക്കരുത് എന്നുള്ളതാണ്.

ധ്യാനം. (ഞാ.) മത്താ. ന്യ. വര—ന്ന. ഏകാഗ്രചിത്തത—മനുഷ്യൻ ചിന്തിക്കുന്ന ജിവിയാണ്. ചിന്താകുലങ്ങൾ ക്രിസ്തീയ പ്രമാണങ്ങൾക്കെതിരാണ്. റോമാ. വ്യ. ന—ന്വ. ഈ ഭാഗം ദൈവത്തിങ്കൽനിന്നും നമ്മെ വേർതിരിക്കുന്നതായി യാതൊന്നും ഉണ്ടായിരിക്കരുത് എന്നു പറയുന്നു. ദൈവവും അവന്റെ രാജ്യവും നമ്മുടെ ചിന്താവിഷയമായിരിക്കുമ്പോൾ നമ്മെ വേർതിരിക്കുന്നതിന് യാതൊന്നിനും സാദ്ധ്യമല്ല (മത്താ. ന്യ. ന്ന).

ധർമ്മം. (തി.) മത്താ. ള. ക—കള. ശരിയായി വിധിക്കുക കുറ്റം കണ്ടുപിടിക്കുന്നതിനുള്ള ജിജ്ഞാസ ഭക്തന്മാരെ നശിപ്പിക്കുന്ന പാപങ്ങളിൽ ഒന്നാണ്. നാം ബുദ്ധിപൂർവ്വവും കൃപനിറഞ്ഞ വാക്കുകളോടുകൂടെയും മറ്റുള്ളവരോട് ഇടപെടണം (കൊലോ. ര. ള). അല്ലെങ്കിൽ നാം പന്നികളുടെ മുമ്പിൽ മുത്തുകളെ എറിയുകയാണ് (ന്യ. വാ) പ്രാർത്ഥന എന്നതു ദൈവപൈതലും തന്റെ പിതാവും തമ്മിലുള്ള സംഭാഷണം ആണ്. പിതാവു തന്റെ പൈതലിന് ആവശ്യത്തിലധികമായ അനുഗ്രഹങ്ങൾ നൽകുന്നു എഫെ. ന. ഠ.

ധർമ്മം. (ചൊ). മത്താ. ള. കള—ൻ. യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ മാനദണ്ഡങ്ങൾ എന്ന് തെറ്റായി കരുതുന്ന അഞ്ചു കാര്യങ്ങൾ. (1) സംഖ്യബലം (മ്ന. വാ) (2) മതപരമായ കാര്യങ്ങളുടെ പുറമെയുള്ള പ്രകടനങ്ങൾ (കള. വാ) (3) വാക്കുകളുടെ ഔചിത്യം (ഫക. വാ) (4) ദൈവ ഇഷ്ടപ്രകാരമല്ലാതെ മതപരമായി ആകർഷണീയമായ ചില കാര്യങ്ങൾ ചെയ്യുക (വാ. ഫവ) (5) വെറും ഉപരിതലത്തിലുള്ള അറിവും ജ്ഞയവും (വാ. ഫന്ന &ഫള). മേൽപറഞ്ഞ കാര്യങ്ങൾ ആകർഷണീയങ്ങളായി തോന്നിയാലും അവ ക്രിസ്തുവിന്റെ ജീവിതരീതിൽ നിന്ന് എത്രയോ വിദൂരമാണ്.

ധന്യൻ. (ബു.) മത്താ. വ്യ. ക—കള. യേശു—മിശിഹാ, തന്റെ രാജ്യം അഖിലാണ്ഡവ്യാപിയുള്ളത്, അവന്റെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ മുഴുവൻ സൌഭ്യമുള്ളവരാക്കുന്നു എന്നു തെളിയിക്കുന്ന മൂന്നു സംഭവങ്ങൾ യെശ. ളന്ന ൽ പറഞ്ഞിരിക്കുന്നതു ഇവിടെ നിവൃത്തിയാകുന്നു. തന്റെ മാറാത്ത വാക്കിൽ വിശ്വസിക്കേണ്ടതിന്റെ ആവശ്യകതയും ഇവിടെ തെളിഞ്ഞു കാണുന്നു. അവന്റെ വാക്കും നമ്മുടെ വിശ്വാസവും എവിടെ സംയോജിക്കുന്നുവോ അവിടെ അതിശയങ്ങൾ നടക്കും (ന & ക്ന വാ).

ധരിക്കുക. (വ്യാ.) മത്തായി വ്യ. ക്വ—ന്ന. പരിപൂർണ്ണ രക്ഷയിൽ പരിപൂർണ്ണ വിശ്വാസം ആവശ്യം (ക്വ—കള. വാ) യേശുവിന്റെ പിന്നാലെ വന്ന ചിലരുടെ മനസ്സിൽ കുറ്റാരികൾക്കു കൂടികൂടും (ഉപായം) ആകാശത്തിലെ പറവകൾക്കു (പിശാചിന്) കൂട്ടുകണ്ടു. അവിടെ മനുഷ്യപുത്രന് വാസം അസാദ്ധ്യം (വ്വ—ന്ന. വാ). മരിച്ചുപോയ യൂദയ

ത്തെ സൌഖ്യമാക്കുന്നു. മനുഷ്യരുടെ ശരീരത്തെയും മനസ്സിനെയും ഒരുപോലെ കേടുവരുത്തുന്ന ചില ശക്തികളോട് ക്രിസ്തുവിനു പോരാടേണ്ടിവന്നു. താൻ അവിടെയെല്ലാം പൂർണ്ണ വിജയം പ്രാപിച്ചു. കാരണം തനിക്കു അവയിന്മേൽ പൂർണ്ണ അധികാരം ഉണ്ട്. ഭൂതലവും അതിന്റെ പൂർണ്ണതയും യഹോവയുടേതു. സങ്കീ. ൨൪. ൧. ൨.

൨൫൯. (വെ.) മത്താ. ൯. ൧—൮. പരീശന്മാരുടെ പഴയ ന്യായപ്രമാണ ആചാരത്തിലല്ല, വിശ്വാസത്തോടുകൂടിയ പുതിയ കൃപയിൻ പ്രമാണത്തിലാണു രക്ഷ അടങ്ങിയിരിക്കുന്നതു്. ശാരീരികവും ആത്മീയവും ആയ പാപങ്ങളെ മാറുന്നതിനു് അവനു് അധികാരം ഉണ്ടു് (൯. ൬ വാ) രോഗങ്ങളെല്ലാം പാപത്തിന്റെ ഫലമായവയല്ല (യോ. ൯. ൩). എന്നാൽ ചില രോഗങ്ങൾ പാപത്തിന്റെ ഫലമായിട്ടു തന്നെ ഉണ്ടാകുന്നവയാണു് (യോ. ൫. ൧൪). മനുഷ്യാസ്തുജ്ഞന്മാരും ഈ രണ്ടു തത്വങ്ങൾ സമ്മതിക്കുന്നു. എല്ലാ രോഗികളുടെയും വൈദ്യനായ യേശു അവരുടെയുടെ സങ്കടം കണ്ടു് അവരെ സൌഖ്യമാക്കി. പാപികളിൽ നിന്നു വേർപെട്ടല്ല അവരുടെയുടെ ജീവിച്ചു അവരെ രക്ഷിക്കേണ്ടിയിരിക്കുന്നു. (൮൩ വാ).

൨൬൦. (ശ.) മത്താ. ൯. ൧൪—൨൭. കർത്താവിന്റെ ശാരീരികമായ സാന്നിദ്ധ്യത്തിൽ ശിഷ്യന്മാർക്കു് ഉപവസിക്കേണ്ട ആവശ്യം ഇല്ല. എന്നാൽ താൻ ശരീരത്തിൽ ശിഷ്യന്മാരോടുകൂടി ഇല്ലാത്ത അവസരത്തിൽ അതാവശ്യമായിരിക്കുന്നു. ആശ്വാസപ്രദനും വേണ്ടതെല്ലാം ചെയ്യിക്കും (യോ. ൧൪. ൨൬). ക്രിസ്തുമാർഗ്ഗമെന്നതു യെഹൂദമതത്തിന്റെ കീറലുകൾ ക്രിസ്തുവിന്റെ തത്വങ്ങളുമായുന്ന തുണിക്ഷണങ്ങൾ ചേർത്തു തുന്നിയതല്ല, പിന്നയോ അവന്റെ കൃപയിൻ പ്രമാണങ്ങൾ അതേ (൧൨—൨൨ വാ). യേശുവിന്റെ ഈ അതിശയങ്ങൾ അനുഭവക്കാരുടെ വിശ്വാസത്താലുള്ള രക്ഷയെക്കുറിക്കുന്നു. ഏതു സാഹചര്യത്തിലും അവനിലുള്ള വിശ്വാസം വിട്ടുതലിനുള്ള കാരണമാണു് (൨൨ വാ).

൨൬൧. (ഞാ.) മത്താ. ൯. ൨൭—൩൨. യേശുവിന്റെ പ്രവർത്തനങ്ങൾ പ്രശസ്തിക്കായിട്ടുള്ളതല്ല, പിന്നെയോ മറുള്ളവരുടെ സുവിതോൻമുഖമായ രക്ഷയെ കരുതിയുള്ളതാണു്. ഏതു നല്ല പ്രവർത്തനവും പ്രശസ്തിക്കുവേണ്ടിയുള്ളതാണെങ്കിൽ അതിന്റെ ഫലം പൂജ്യമാണു്. മറുള്ളവർക്കുവേണ്ടിയോ സഭയ്ക്കുവേണ്ടിയോ ഞാൻ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾക്കു് അഭിനന്ദനം ആഗ്രഹിക്കുന്നുണ്ടോ.

൨൬൨. (തി.) മത്താ. ൧൦. ൧—൧൫. ക്രിസ്തീയ വേലക്കു് അന്നം ഇന്നം ആളുകൾ ചുരുക്കമായി യേശു കാണുന്നു. കാരണം ആകർഷണീയമായ വേതനമോ നിലയോ വിലയോ ഇല്ലെന്നു തന്നെയല്ല, കഷ്ടതയും പ്രയാസവും ബുദ്ധിമുട്ടും ആണു ഫലം. സുവിശേഷപ്രോക്ഷണമാണു് എല്ലാ ക്രിസ്ത്യാനികൾക്കും ഉള്ള ചുമതല. ൧കൊരി ൯. ൧൬. പ്രതിഫലം നൽകുന്നതു ക്രിസ്തുവാണു്.

൨൬൩. (ചൊ.) മത്താ. ൧൦. ൧൬—൨൨. എതിർപ്പിനെ അഭിമുഖീകരിക്കുക. സജീവമായിരിക്കുമ്പോൾ അതിനു പീഡയുണ്ടാകും. എന്നാൽ പീഡയുണ്ടാകുമ്പോൾ അതിൽ നിന്നു് ഒഴിയുന്നതിനു ശ്രമിക്കാം. ൨൩. വാ. പീഡകൾ ഉള്ള സമയത്തും നാം നമ്മുടെ ചുമതലയായ സുവിശേഷപ്രോക്ഷണത്തിൽ നിന്നു് വ്യതിചലിക്കരുതു്. പീഡകൾ എതിരിടുന്നതിനുള്ള മൂന്നു മാർഗ്ഗങ്ങൾ. (1) നാം കർത്താവിനാൽ അയയ്ക്കപ്പെട്ടവരാണെന്നോർക്കുക. യോഹ. ൧൦. ൩൬. 2) തന്റെ പരിശുദ്ധാത്മാവു് എന്നും നമ്മോടുകൂടെയുണ്ടു്. (യോഹ. ൧൪. ൧൬. വാ.) (3) നമ്മുടെ ജീവിതത്തിലെ ഏറ്റവും ചെറിയ സംഗതിപോലും അവൻ അറിയുന്നു എന്നോർക്കുക (൩൰—൩൧. വാ).

൨൬൪. (ബു.) മത്താ. ൧൦. ൩൪—൪൨. വാളും കുരിശും. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെയും അവന്റെ സന്ദേശത്തിന്റെയും ആശയത്തിൽ വാളും കുരിശും അന്തർലീനമായിട്ടുണ്ടു്. ക്രിസ്തു ഒരു വ്യക്തിയുടേയോ സമൂഹത്തിന്റെയോ ജീവിതത്തിൽ പ്രവേശിക്കുമ്പോൾ അതുവരെ വളരെ പ്രിയമായിരുന്ന പലതും വേദനയോടുകൂടി മുറിച്ചുമാറ്റുകയും

മറ്റു ചിലതു് എന്നെന്നേക്കുമായി ക്ലേശിക്കയും ചെയ്യേണ്ടിവരും. എങ്കിലും നമ്മുടെ പദവി മഹത്തരമാണ് (൨കൊരി. ൫. ൨൦). സ്ഥാനാപതികൾ സ്ഥാനത്തിനു യോഗ്യമായി പെരുമാറണം.

നക്ഷ-. (ക്രിയാ.) മത്താ. ക്ഷ. ക—ക്ഷൻ. ദൈവികകാര്യങ്ങളിൽ ഇടപെട്ടിരിക്കുന്നവക്കുപോലും ദൈവപ്രവർത്തനങ്ങളെപ്പറ്റി സംശയം തോന്നാം (ഹബ. ക. ക്ഷ—ക്ഷ൫). പക്ഷെ അതിനു മറുപടി കിട്ടുന്നതു കുറെ താമസിച്ചായിരിക്കും (ഹബ. ൨. ൪). നീതിമാൻ വിശ്വാസത്താൽ ജീവിച്ചിരിക്കും. നമ്മുടെ സംശയങ്ങൾ അവൻ മനസ്സിലാക്കുന്നുണ്ടു്. അതു തീർക്കുന്നതിനായി അവൻ തയ്യാറാണ്. നാം അക്ഷമരായി ദൈവത്തെ സംശയിച്ചു ജീവിച്ചാൽ അതു പാപമായി നമ്മുടെ നാശത്തിനു കാരണമായിത്തീരും. യോഹന്നാൻ പഴയ നിയമപ്രവാചകന്മാരുടെ അവസാനത്തെ കണ്ണി. പക്ഷെ ആത്മീയ നിലവാരത്തിൽ ക്രിസ്തുരാജ്യത്തിലെ ഏറ്റവും ചെറിയവൻ യോഹന്നാനെക്കാൾ വലിയവനാണ് (ക്ഷ വാ).

ആഗസ്റ്റ്. ക്നു-. (വെ.) മത്താ. ക്ഷ. ൨൦—൩൦. നമുക്കു ലഭിച്ച അവസരങ്ങൾക്ക് അനുസരണമായിട്ടായിരിക്കും ദൈവം നമ്മെ വിധിക്കുന്നതു്. കോരസീനും ബെത്ത്സയിദയും യേശുവിന്റെ സാന്നിദ്ധ്യം വളരെ അധികം ലഭിച്ചു. പക്ഷെ അവർ അതു പാഴാക്കിയതിനാൽ കൂടുതൽ ശിക്ഷ. ദൈവത്തെ സംബന്ധിച്ച കാര്യങ്ങൾ താൻ തന്റെ പുത്രനിൽ കൂടെ വെളിപ്പെടുത്തുമ്പോൾ കണ്ണുണ്ടെപ്പോലെയുള്ള (മത്താ. ക്വ. ൪) സഭാവമുള്ളവക്ക് അതു പ്രയോജനമാകും. അവർ അവനിൽ ആശ്വാസം കണ്ടെത്തും (ക്വ, ൧൧—൩൦ വാ).

ഖനി-. (ശ.) മത്താ. ക്ഷ. ക—൨ക. കത്താവു, ദൈവത്തോടു തന്നെത്തന്നെ സമനാക്കി, ശബ്ബത്തു ലംഘിച്ചു. യഹൂദന്മാർ കത്താവിൽ കണ്ട ഗൗരവമേറിയ കുറ്റങ്ങളിൽ രണ്ടു്. പ്രമാണകത്താവു താനാകയാൽ, അതിന്റെ പ്രായോഗിക വശങ്ങൾ ശരിയാംവണ്ണം കാണിക്കുന്നതിനും, അധികാരവും അറിവും യേശുവിനാണുള്ളതെന്നു താൻ സ്പഷ്ടമാക്കുന്നു. ശബ്ബത്തിൽ നന്മചെയ്യുന്നതു വിഹിതം തന്നെ (ക്ഷ വാ). എന്തെന്നാൽ ധാർമ്മികവും, മാനുഷീകവുമായുള്ള പ്രമാണങ്ങൾക്ക് കർമ്മാചാരങ്ങളേക്കാൾ പ്രാധന്യം. കർമ്മാചാരങ്ങളെക്കാൾ സ്നേഹപ്രവർത്തികളാണ് ദൈവം വിലമതിക്കുന്നതു്.

നക്ഷ-. (ഞാ.) മത്താ. ക്ഷ. ൨൨—൩൨. കത്താവിന്റെ ശത്രുക്കൾ അവന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നതിനു ശ്രമിച്ചു. ക്രിസ്തുവിനെ സംബന്ധിച്ചു യഥാർത്ഥത്തിൽ മനസ്സിലാക്കാതെ, തെറ്റിദ്ധരിച്ചു പഠിപ്പിക്കയും പ്രവർത്തിക്കയും ചെയ്യാൽ അവനോടു ക്ഷമിക്കപ്പെടും. ശൌൽ, പൌലൊസാകുന്നതിനു മുമ്പു് ഉണ്ടായ സംഭവം ഇതിനു് ഉദാഹരണം. പക്ഷെ കത്താവിലുള്ള നന്മ അനുഭവിച്ച ശേഷം, അവനേയും അവനു നമ്മിൽ ഉണ്ടാകേണ്ട സാദ്ധ്യതകളെയും പൈശാചികമെന്നു മനപൂർവ്വം തള്ളിപ്പറഞ്ഞാൽ അവനോടു ക്ഷമിയ്ക്കയില്ല (നക്ഷ, നമ൨ വാ). നമ്മുടെ വാക്കുകളുടെ വെളിച്ചത്തിൽ വിധിക്കപ്പെടുവാൻ നാം ഒരുക്കമോ ? (നന്യ, നന്യ വാ).

ഭനി-. (തി.) മത്താ. ക്ഷ. നവ—൫൦. അമാനുഷികമായ അടയാളങ്ങൾകൊണ്ടല്ല, സാധാരണ രീതിയിൽ വിശ്വസിക്കുവാൻ ദൈവം നമ്മോടാവശ്യപ്പെടുന്നു (ലൂക്കോ. ക്നു. ന൫). അനുതാപവും നവീകരണവുംകൊണ്ടു ക്രിസ്തീയ ജീവിതം പരിപൂർണ്ണമായെന്നു വിചാരിക്കരുതു്. അതാവശ്യം തന്നെ, പക്ഷെ, പാപം ക്ഷമിച്ചുകിട്ടിയ സ്ഥാനത്തു ദൈവം പ്രവേശിക്കണം, ആ സ്ഥാനം ഒഴിച്ചിടാൻ പാടില്ല (ഭനി—ഭ൫ വാ).

ഭനി-. (ചൊ.) മത്താ. ക്നു. ക—ക്ഷ൭. വിതക്കാരനെ അടിസ്ഥാനമാക്കിയോ, പലതരി മണ്ണിനെ അടിസ്ഥാനമാക്കിയോ ഈ ഉപമയെ വ്യാഖ്യാനിക്കാം. വിത്തു് എല്ലായ്പ്പോഴും നല്ലതുതന്നെ. എന്നാൽ വിതക്കാരന്റെ അദ്ധ്വാനത്തിന്റെ സിംഹഭാഗവും നഷ്ടമായെന്നു തോന്നിയേക്കാം. പക്ഷെ ആ രീതിയിൽ വിതക്കാരനു നിരാശ ഉണ്ടാകാം. പക്ഷെ ഫലം തരേണ്ടതു ദൈവമാണെന്നു വിചാരിച്ചു നാം പ്രവർത്തി തുടർന്നുകൊണ്ടിരിക്കണം. എന്നാൽ ആയ്പോടുകൂടി കൊയ്യുവാൻ സാധിക്കും. സങ്കീ. ക്ഷനു. ൫.

പാട്ട്

"പോവുകനാം"

(യഹാഹം വഹാഹംമേരാ— എന്നരീതി)

അണിയായ് കുരിശിൻ പടയാളരായ്–തൻ
കൊടികളുമായ്–പോവുകനാം
ആനന്ദമായ്–പോവുകനാം
വരസുന്ദരനേശുവിൻ സൈന്യരായ്–തൻ
കൊടികളുമായ്–പോവുകനാം
ആനന്ദമായ്–പോവുകനാം

1. അഘമാലയതിൻ ലോകക്കടലിലിതാ–
വീണുവലയുകയാണതിലായിരങ്ങൾ,
ക്രിസ്തൻ തിരുസ്നേഹത്തെ മറന്നവരഖിലം
ലോകയിന്പങ്ങളാലിഹ വാഴുകയായ് ;
യേശുനായകനെയവരേറ്റിടുവാൻ—അണിയായ്

2. മഹിമാംബുധി, തൻചാരേ ചേർന്നീടുവാൻ ;
നമ്മെ വിളിക്കുന്നിതാ സ്നേഹക്കരങ്ങൾ നീട്ടി ;
ഭയം ലേശം വേണ്ടാനമുക്കാകവെയീ–
മന്നിൽ രക്ഷകൻ ക്രൂശിൽ ജയം നേടിയതാൽ !
ഒരുങ്ങീടുകനാം ക്രിസ്തുസേനകളായ്—അണിയായ്

3. സുവിശേഷമതിൻ നിറവചനവുമായ്
ഭൂവിലഖിലവുമേ ക്രിസ്തൻ നാമം ചൊല്ലാൻ–
ധരിപ്പീൻ, സത്യമെന്ന നല്ലരക്കെട്ടുമായ് ;
പുറപ്പെടുക തൻ നീതിയിൻ കവചവുമായ്
ആത്മവാളുംകയ്യേന്തി പോരാടുകനാം—അണിയായ്

By P. T. SAMUEL,
Chelakompu.

ന്യൂനം. (ബ്യു.) മത്താ. ക്നം. ക്വ—നം. ഭൂമിയുടെ നൽപുതില്ലുനുസരിച്ചും ഫലം വ്യത്യാസപ്പെട്ടിരിക്കുന്നു. മണ്ണിന്റെ വീര്യം മറ്റു ലോകകായ്ങ്ങൾക്കായി ചിലവിട്ട ശേഷം, വിത്തു് അതിൽ വിതച്ചാൽ ഫലം നാസ്തിയത്രെ (ഗ്രീ—നം വാ). നന്മയുടെയും തിന്മയുടേയും സംയോജിച്ച വഴുച്ച. പക്ഷെ ക്രിസ്ത്യാനിയെ സംബന്ധിച്ചു്, ആ തിന്മ തന്നിൽനിന്നു നീശേഷം നീക്കം ചെയ്യുന്നതിനു് ഉറപ്പു ശ്രമിക്കയെന്നതാണു്. എല്ലാവരുടേയും കൂടെ ഞാനും ഗണപ്പെടാം എന്നല്ല. ദൈവം തന്റെ സമയത്തു ലോകത്തിൽനിന്നു് തിന്മ അശേഷം നീക്കിക്കളയും. വെളി. ൨൧. ൪.

കുടുംബപ്രിയവാദിനി

"ഇതാ കുട്ടി കരയുന്നു, അവൾക്കു അതിനോടു അലിവു തോന്നി"

"അവൾക്കു അതിനോടു അലിവു തോന്നി" എന്നതു ഒരു മഹാത്മാവിന്റെ സംപ്രബഹുലമായ ജീവചരിത്രകവാടം തുറക്കുന്നതിനുതകിയ ഒരു സന്ദർഭമായിത്തീർന്നു. അമ്മയുടെ മാറ്റോടു ചേർന്നു മുലപ്പാൽ കുടിച്ചുകൊണ്ടിരുന്നപ്പോൾ അടയ്ക്കപ്പെട്ടവനായി, അമ്മയുടെ കൈകളിൽ ഇരുന്നു മധുരമായ താരാട്ടിൽ ഉല്ലസിച്ചു മനസ്സിക്കുന്നതിനു പകരം നദീജലത്തിലെ തിരമാലകളിൽ ലയിക്കുന്നവനായി, മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും സ്നേഹലാളനകൾ ചുറപ്പെട്ടവനായിരിക്കുന്നതിനു പകരം ചീങ്കണ്ണികൾക്കു ഇരയാകുവാൻ തക്കവണ്ണം നിസ്സഹായനായി കരയുന്ന കുട്ടിയെ അതെ അവൾ കണ്ടതു. അവൾക്കു അതിനോടു അലിവു തോന്നി. അവളുടെ ഹൃദയത്തിൽ ഉള്ള വികാരം 'തോന്നി' എന്ന പദംകൊണ്ടു അവസാനിക്കുന്നില്ല. പിന്നെയോ അതു പ്രവർത്തിപദ്ധതിയിൽകൂടെ കവിഞ്ഞൊഴുകുകയാണു ചെയ്യുന്നു. അങ്ങനെ ആ പിഞ്ചുബാലികയുടെ ജീവനിയോഗത്താൽ അതിന്റെ അമ്മയുടെ കൈകളിലേക്കു തന്നെ ചെന്നുചേർന്നു. ശൈശവകാലശേഷം അവളുടെ ഒരു മകൻ എന്നപോലെ അവൾ അവനെ വളർത്തുന്നു. ഇവൻ ആരായിത്തീർന്നു! മൈവത്തിന്റെ മുൻനിശ്ചയപ്രകാരം നാനൂറു വർഷം അടിമകളായി പാർത്തിരുന്നശേഷം ഇസ്രായേൽ ജനതയെ വീണ്ടെടുപ്പാനുള്ള ഒരു ധീരയോദ്ധാവായിത്തീർന്നു. അദൃശ്യനായ ദൈവത്തെ കണ്ടെന്നപോലെ ഉറച്ചുനിന്നു വീര്യം പ്രവർത്തിച്ച വിശ്വാസവീരനായി, "എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ" എന്നു മൈവത്തിൽ നിന്നുള്ള സാക്ഷ്യം കൈക്കൊൾവാൻ യോഗ്യനായി. അങ്ങനെ വെള്ളത്തിൽ നിന്നു വലിച്ചെടുത്തു രക്ഷിച്ച ആ ജീവൻ ഇഹലോകത്തിൽ നൂറിരുപതു വർഷകാലം ജീവിച്ചിരുന്നു മൈവത്തിനുവേണ്ടി പ്രവർത്തിച്ചു. അവസാനത്തിലോ ആ പിസ്ഗാ മലമുകളിലെ ഏകാന്തതയിൽ മൈവദേഹസ്സിനാൽ വലയപ്പെട്ടവനായിരിക്കുമ്പോൾ മൈവം തന്റെ അദൃശ്യകരങ്ങളാൽ നിത്യതയിലേക്കു കൈക്കൊള്ളുകയും ചെയ്തു. അനേകകാലങ്ങൾക്കുശേഷം ആ മരുഭൂപ്രദേശത്തിൽ പ്രത്യക്ഷനായി കർത്താവിന്റെ മരണത്തെക്കുറിച്ചു സൂചിപ്പിച്ചു കർത്താവിനെ ധൈര്യപ്പെടുത്തിയതും ഈ മഹാത്മാവായിരുന്നു. ഇഹത്തിലും പരത്തിലും കർത്താവിന്റെ ഭാഗത്തു തന്റെ ആലോചനയ്ക്കു കീഴ്പ്പെട്ടു അനുസരിച്ച ഒരു ഉന്നത ജീവിതം!!

ഇങ്ങനെ മൈവഭാഗത്തു നിന്നു പ്രവർത്തിപ്പാൻ തക്ക ഒരാളിന്റെ ജീവിതത്തിന്റെ കരുപിടിക്കുന്നതിനു സഹായമായിത്തീർന്ന ഒരു ഘടകം "അവൾക്കു അലിവു തോന്നി" എന്നതാണെന്നുള്ള സത്യം വിസ്മരിക്കാവതല്ല. അവൾ ആരാണു? ഫറവോന്റെ പുത്രിയായ മിസ്രയിമ്യരാജകുമാരി ആണല്ലോ. വെള്ളത്തിൽ നിന്നു വലിച്ചെടുത്ത കാരണത്താൽ കുഞ്ഞിനെ മോശെ എന്നു പേർ വിളിച്ചതും ഇവർ തന്നെയാണു.

മിസ്രയീമ്യസ്ത്രീകളായി തിരുവചനത്തിൽ നാം അറിയുന്ന രണ്ടു പേരിൽ മറെറ ആൾ ഒരു നിന്ദ്യജീവിതത്തിൽ കൂടുകൂ ചാർത്തി അതിനെ തകർക്കുവാൻ ശ്രീയുവതും അടക്കവും അലിവും ഇല്ലാത്തവളുമായ പൊത്തിഫറിന്റെ ഭാര്യ അത്രേ. രണ്ടു സ്ത്രീകളുടെ സ്വഭാവത്തിൽ കണ്ട വ്യത്യാസം എത്ര വലിയതു. ഒരാൾ നന്മയെ തകർക്കുവാൻ ശ്രമിക്കുന്നു. മറെറ ആൾ അതു കെട്ടിപ്പണിയുന്നു. എത്ര ചെറിയതെന്നു തോന്നുന്ന സന്ദർഭങ്ങളും പ്രവർത്തികളും ഏറെറം വലിയ നന്മയ്ക്കോ തിന്മയ്ക്കോ മുഖാന്തരമായിത്തീരുന്നു. നന്മ ചെയ്യുന്നതിനു കാണുന്ന കാരോ സന്ദർഭവും സംശയിക്കാതെ പ്രവർത്തിക്കുന്നതിനു പരിശുദ്ധാത്മാവിന്റെ പ്രകാശവും നടത്തിപ്പും എത്ര ആവശ്യം "നിന്റെ സത്യവും പ്രകാശവും അയച്ചുതരേണമേ. അവ എന്നെ നടത്തുമാറാകട്ടെ" സങ്കീ. 43. 2 എന്നുള്ള പ്രാർത്ഥന നമ്മിലനിന്നു ഉയരട്ടെ.

S. T.

മഹാഇടവക യുവതീസമാജം

പ്രിയ സഹോദരികളെ,

പുതിയ വർഷത്തിന്റെ ആരംഭത്തിൽ യുവതീസമാജത്തിന്റെ അംഗങ്ങളോ, ചുമതല പ്പെട്ടവരോ ഉദ്യോഗാർത്ഥവും പഠനത്തിനുവേണ്ടിയും സമാജങ്ങളിൽനിന്നും പോകുന്നതു മൂലം പല സമാജങ്ങളും മുടങ്ങിക്കിടക്കുന്ന ഒരു പതിവു ചിലയിടങ്ങളിലുണ്ട്. ഈ പതിവു ഇനി മേലാലെങ്കിലും തുടരാതെ, യുവതീസമാജ അംഗങ്ങളോ, ചുമതലപ്പെട്ടവരോ പോകുന്നതോടൊപ്പം തന്നെ, അച്ചന്മാരുടെയോ, പ്രവർത്തകരുടേയോ സഹായത്തോടുകൂടി, കൂടുതൽ അംഗങ്ങളെ (പ്രായം കുറഞ്ഞവരെ) ചേർക്കുകയും ചുമതലക്കാരെ നിയമിക്കുകയും ചെയ്യണം. ചില സമാജങ്ങൾ തങ്ങളുടെ ശ്രമങ്ങൾമൂലം പണം ശേഖരിക്കുന്നുണ്ടെങ്കിലും കേന്ദ്രത്തിൽ അടയ്ക്കുന്നതിന്റെ ആവശ്യം മനസ്സിലാക്കാതെ ശരിയായിട്ടു ഉപയോഗിക്കാതിരിക്കുന്നതായും മനസ്സിലായി. മഹായിടവക യുവതീസമാജത്തിന്റെ സകല ആവശ്യങ്ങളും നടത്തേണ്ട ചുമതല ഓരോ ശാഖയ്ക്കും ഉള്ളതാണെന്നു മനസ്സിലാക്കി, അയയ്ക്കുന്നതുക കേന്ദ്രത്തിൽ അടയ്ക്കണം. ഇനിയും മൂന്നു മാസത്തേക്കു ഞാൻ സെൻറ് മോണിക്കാസിൽ ഇല്ലാത്തതിനാൽ പണം അയയ്ക്കുന്നവർ ഡയോസിസൻ ആഫീസിലേക്കും, എഴത്തുകൾ സെൻറ് മോണിക്കാസിലേക്കും അയയ്ക്കുവാനുന്നതാണ്. ഈ പുതിയ വർഷം കർത്താവേ യാഥാർത്ഥങ്ങളെ കാണുന്നതിനുള്ള പരിജ്ഞാനവും ഉണരുന്നു പ്രാർത്ഥിക്കുന്നതിനുള്ള കൃപയും ഞങ്ങൾക്കു നല്കുണമേ, എന്നു പ്രാർത്ഥിക്കാം.

A. C. MARIAMMA, Girls Guild Secretary.
St. Monicas.

സ്ത്രീജനസഖ്യവാർത്തകൾ

മാതൃസംഘജൂബിലിഫണ്ട്. പ്രസ്തുത മുതലിലേക്കു ഇംഗ്ലണ്ടിൽനിന്നു Miss Davis, Miss Whitlock എന്നിവർ ഒരുമിച്ചു 1 പവൻ 10 ഷില്ലിങ്ങും, Mrs. Corfield 10 പവനും അയച്ചു തന്നു എന്ന സന്തോഷവാർത്ത അറിയിച്ചുകൊള്ളുന്നു. വിദേശത്തു താമസിക്കുന്നവർ ഇതുയും താല്പര്യം പ്രദർശിച്ചപ്പോൾ ഇവിടെയുള്ളവർ എത്ര അധികം കാണിക്കേണ്ടതാണ്. S. T.

മാതൃസംഘജൂബിലി

ജൂബിലി ആഘോഷങ്ങൾ നടത്തുവാൻ ഇനിയും മൂന്നു മാസം മാത്രമെ ഉള്ളൂല്ലോ. ഇതു സംബന്ധിച്ചുള്ള സകല കാര്യങ്ങളും നാം ഉത്സാഹത്തോടെ നടത്തേണ്ടിയിരിക്കുന്നു. ഇതു വിജയകരമാക്കിത്തീർക്കുന്നതിനുള്ള ചുമതല കമ്മറ്റി അംഗങ്ങൾക്കു മാത്രമല്ല എല്ലാ അമ്മമാർക്കും നമ്മുടെ മഹാഇടവകയിലെ എല്ലാ സ്ത്രീജനങ്ങൾക്കും ഉള്ളതാണ്.

ഓരോ ഇടവകയിലും നടത്തേണ്ട ആഘോഷങ്ങൾ ഇതിനു മുമ്പായി എല്ലാവരും അവരവരുടെ കഴിവനുസരിച്ചു നടത്തുമല്ലോ. ആ അവസരം ഉപസഭക്കാരെക്കൂടെ അറിയിച്ചു അവർക്കും ഇതിലുള്ള ചുമതലയും പങ്കും അവരെ മനസ്സിലാക്കുക എന്നുള്ളതാണ് ഒരു പ്രധാന ചുമതല. ആ ദിവസം ഒരു ധ്യാനയോഗവും സപരിശോധനയും, പുനഃപ്രതിജ്ഞയും ഉള്ള ഒരു അവസരംകൂടെയായി ഓരോരുത്തരും ക്രമപ്പെടുത്തിയാൽ നന്നായിരിക്കും.

രണ്ടു പുതിയ ബില്ലുകൾ

(Mrs Thomas Cheriyan B. A.)

കേരളാഗവണ്മെൻറു അവതരിപ്പിച്ചിരിക്കുന്ന സ്ത്രീധനനിരോധനബില്ലും ക്രിസ്ത്യൻ പിൻതുടർച്ചാവകാശനിയമ (പിൻവലിക്കൽ) ബില്ലും പൊതുജനാഭിപ്രായത്തിനു പുറത്തു വന്നിരിക്കുകയാണ്—രണ്ടും ക്രിസ്ത്യാനികളെ പ്രത്യേകിച്ചു ക്രിസ്ത്യൻ സ്ത്രീകളെ ബാധിക്കുന്നതു കൊണ്ടു സ്ത്രീകൾ സൂക്ഷിച്ചു പഠിക്കേണ്ടതുണ്ട്. എല്ലാ ക്രിസ്ത്യൻ സംഘടനകളും ക്രൈസ്തവസഭയിലെ സ്ത്രീജനസഖ്യങ്ങളും ഇതു ശരിയാംവണ്ണം പഠിച്ചു അഭിപ്രായം രൂപവൽക്കരിക്കുന്നതു ഏറ്റവും ഉചിതമാണ്.

ക്രിസ്ത്യൻ പിൻ തുടർച്ചാവകാശനിയമം രണ്ടെണ്ണം നിലവിലുണ്ട്. 1092-ാമാണ്ടിൽ തിരുവിതാംകൂറിൽ പാസ്സായ ഒരു നിയമവും 1097-ൽ കൊച്ചിയിൽ പാസ്സാക്കിയതുമാണു അവ. പെൺമക്കളുടെ അവകാശത്തെപ്പറ്റി ഈ നിയമത്തിൽ പറയുന്നതു ഇങ്ങനെയാണ്. തിരുവിതാംകൂറിൽ പുരുഷന്മാർക്കു സ്വത്തിന്റെ നാലിൽ ഒരു ഭാഗമോ അയ്യായിരം രൂപായോ ഈ രണ്ടിൽ ഏതാണോ കുറവു, അതുമേ പെൺകുട്ടികൾക്കു അവകാശമുള്ളൂ. കൊച്ചിയിൽ നിയമം സല്പംകൂടി നീതിയുള്ളതാണ്. പുരുഷന്റെ സ്വത്തിൽ മൂന്നിൽ ഒന്നു പുത്രിക്കു അവകാശപ്പെടാം. തുകയുടെ പരിമിതിയില്ല. ഈ രണ്ടു നിയമങ്ങളും പിൻവലിച്ചിട്ടു ഇന്ത്യൻ പിന്തുടർച്ചാവകാശനിയമം എല്ലാ ക്രിസ്ത്യാനികൾക്കും ബാധകമാക്കാനാണു പുതിയ ബില്ലു്. ഇതനുസരിച്ചു ആൺമക്കൾക്കും പെൺമക്കൾക്കും സമാവകാശമാണു കുടുംബസ്വത്തിൽ ഉള്ളതു്. ഈ നിയമം സംസ്ഥാനത്തു നടപ്പിലാക്കണമെങ്കിൽ ഇവിടെ നിലവിലുള്ള

ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിരിക്കുന്ന തുക ശേഖരിക്കുന്ന കാര്യത്തിലും നാം വിശ്വസ്തതയോടെ ശ്രമിക്കണം. മുഴുവൻ തുകയും ഈ സമയത്തു തന്നെ കൊടുപ്പാൻ എത്ര ഇടവകയ്ക്കു സാധിക്കും എന്നു നമുക്കു നോക്കാം. ഇതിനു അതതു സ്ഥലത്തെ സ്ത്രീജനങ്ങൾ ഉത്സാഹത്തോടും വാശിയോടും പ്രവർത്തിക്കണം. "ഞങ്ങൾക്കു വെച്ചിരിക്കുന്ന തുക അധികമാണ്" "ഏതായാലും 5 വർഷംകൊണ്ടു ഉണ്ടായാൽ മതിയല്ലോ" എന്നൊക്കെ പല സ്ഥലത്തുനിന്നും കേൾക്കുന്നതു നമ്മുടെ ഭീരുത്വത്തെ കാണിക്കുന്നതാണ്.

പണപിരിവു **50 വഷ്ത്തേക്കു 50 രൂപാ** എന്ന തോതിൽ വേണം നമ്മുടെ ആളുകൾ കൊടുക്കുന്നതും ആവശ്യപ്പെടുന്നതും—ഈ വിധത്തിൽ സംഭാവന ചെയ്യാൻ കഴിയുന്ന നൂറുനൂറു മക്കൾ നമുക്കു ഇവിടെയും വിദേശങ്ങളിലും ഉണ്ടു, ഒരു കുടുംബത്തിൽതന്നെ ഇങ്ങനെയുള്ള രണ്ടും മൂന്നും നാലും പേർ ഉണ്ടു. അമ്മമാർ മനസ്സുവെച്ചു ഒന്നു എഴുതിയാൽ മതി.

പണം കൊടുക്കണം എന്നു ആഗ്രഹമുള്ളവർക്കു അതിനുള്ള വഴി ഉണ്ടാകും. മലയാളിയുള്ള ഒരു സ്നേഹിതയെ ഈ വിവരം അറിയിച്ചതിനാൽ അവർ അവരുടെ സ്നേഹിതരായ പലരെ കണ്ടു 300 രൂപയോളം പിരിച്ചു അതിൽ 180 രൂപാ അയച്ചു തന്നിട്ടുണ്ടു, ബാക്കി ഒരു മാസത്തിനകം കിട്ടും. സംഭാവന ചെയ്യുവർ എല്ലാവരും മറ്റു സമുദായക്കാരും ഇതിനോടു യാതൊരു ബന്ധവും ഇല്ലാത്തവരും ആണ്.

മിസ്സ് ഡേവിസ്, മിസ്സ് വിറ്റ്ലോക്ക്, ബിഷപ്പ് കോർഫീൽഡ് മുതലായവരും നമ്മൾ പിരിവു ആരംഭിക്കുന്നതിനു മുൻപുതന്നെ അവരുടെ തുക അയച്ചു തന്നിരിക്കുന്നു. അവരുടെ സമൃദ്ധിയിൽ നിന്നല്ല അവർ അയച്ചിട്ടുള്ളതു.

ഇതെല്ലാം നമുക്കു പ്രോത്സാഹനം തരുന്നു. നമുക്കു ഒത്തൊരുമിച്ചു പ്രവർത്തിക്കാം. പ്രാർത്ഥനയോടും സ്നേഹത്തോടുംകൂടി ഇനിയുള്ള സമയം നമുക്കു പ്രയോജനപ്പെടുത്താം.

നിയമം നീങ്ങിയെ കഴിയൂ. അതുകൊണ്ടാണു പിൻവലിക്കൽ ആവശ്യമായി വന്നതു്. ആണു് ആണായും പെണ്ണു് പെണ്ണായും ജനിക്കുന്നതു അവരവരുടെ വൈഭവംകൊണ്ടോ കഴിവുകേടുകൊണ്ടോ അല്ല. സൃഷ്ടിയുടെ നിലനില്പിനു ഒരന്യോന്യാപേക്ഷിതമായ ഒരു ഘടകമത്രെ അതു്. മാതാപിതാക്കന്മാർക്കു കുട്ടികൾ തമ്മിൽ വ്യത്യാസമില്ല. ഉണ്ടെങ്കിൽ അതു തികച്ചും അക്രൈസ്തവമാണു്. അതുകൊണ്ടു കുടുംബസ്വത്തിനു അവർ തുല്യാവകാശികളാണു്. സ്വത്തു തുല്യമായി വിഭാഗിക്കുന്നതു ഏറ്റവും ക്രിസ്തീയമാണു്. ബില്ലു സ്വാഗതം ചെയ്യുക തന്നെ വേണം.

വിധവമാരെ സംബന്ധിച്ചു ഒരു വകുപ്പുകൂടി ഇതിലുണ്ടു്. ഈ ബില്ലനുസരിച്ചു ഭർത്താവിന്റെ സ്വത്തിന്റെ മൂന്നിലൊരു ഭാഗം ഭാര്യക്കു ജീവിതാണു്. ഇപ്പോൾ നിലവിലിരിക്കുന്ന നിയമമനുസരിച്ചു അവർക്കു എത്ര വേണമെങ്കിലും ഭക്ഷിക്കാം. എന്നാൽ "കുടുംബത്തിന്റെ സംരക്ഷണത്തിനുവേണ്ടിയോ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ആവശ്യത്തിലേക്കോ വിധവയായ മാതാവിനു മരിച്ചുപോയ ഭർത്താവിന്റെ സ്വത്തു വിൽക്കുന്നതിനോ പണയപ്പെടുത്തുന്നതിനോ അവകാശമില്ല. ഭർത്താവിന്റെകൂടെ ചെരുപ്പത്തിൽതന്നെ ജീവിതം ആരംഭിച്ചു അദ്ദേഹത്തിന്റെ മീനക്കിടക്കയിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്തു സ്ത്രീക്കു ഭക്ഷിക്കാൻ മാത്രം അനുവാദമുണ്ടു്. മക്കളില്ലാത്ത ഒരു വിധവയാണെങ്കിൽ ഇതിലും കഠിനതരമായ ഒരു അവസ്ഥയാണു അവർക്കുള്ളതു്. മരണശാസനം എഴുതിയിട്ടില്ലെങ്കിൽ സ്വത്തു മുഴുവൻ കുടുംബത്തേക്കായിച്ചേർന്നു കുടുംബസ്വത്തായി തീരുന്നു. ഭാര്യക്കു ഭക്ഷിക്കാനുള്ള അനുവാദം ഇവിടെയുമുണ്ടു്. എന്നാൽ സ്വത്തിന്റെ അവകാശം സഹോദരന്മാർക്കാണു്. മരിച്ചുപോയ സഹോദരന്റെ ഭാര്യ ഓരോ ദിവസവും നേരം വെളുക്കുമ്പോൾ മരിക്കാതെ ജീവിക്കുന്നതു കാണുന്നതു ഭർത്തൃസഹോദരന്മാർക്കു അസഹ്യമായി തോന്നിയതു മനസ്സിലാക്കി സകല അവകാശവും കഴിഞ്ഞുകൊടുത്തു വളരെ വർഷങ്ങൾക്കു മുമ്പു സ്ത്രീധനമായി ഭർതൃഗൃഹത്തിൽ കൊണ്ടുവന്ന ആ ചെറിയ തുകയും പറഞ്ഞുകൊണ്ടു സ്വസഹോദരന്റെയും ഭാര്യയുടെയും ഔദാര്യത്തിൽ കഴിഞ്ഞുകൂടുന്ന സ്ത്രീകൾ ഇന്നു നമ്മുടെ നാട്ടിലുണ്ടു്.

ഇന്ത്യയിൽ പൊതുവെ സകലരും അംഗീകരിച്ചിരിക്കുന്ന ഈ ബില്ലു ഈ കോണിൽ ഒരു ന്യൂനപക്ഷമായ നമ്മൾ എതിക്കുന്നതു വിശാലവീക്ഷണചിന്താഗതിയുടെ അഭാവമല്ലെ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ഗുണദോഷവശങ്ങളെപ്പറ്റി പറയുവാൻ വളരെ ഏറെയുണ്ടു്. സ്ഥലപരിമിതി എന്നെ അനുവദിക്കുന്നില്ല. ഈ ബില്ലു സ്വാഗതം ചെയ്യുന്നതു വെറും മനഃസ്വാധർമ്മം മാത്രമാണു്.

ആദ്യത്തെ ബിൽ സ്വാഗതം ചെയ്യും രണ്ടാമത്തേതു എതിർത്തുകൊണ്ടും ചെയ്യുന്ന പ്രസ്താവന വെറും മൗഢ്യമാണു്. ഒന്നുകിൽ രണ്ടിനേയും, എതിർക്കുക അല്ലെങ്കിൽ രണ്ടിനേയും സ്വാഗതം ചെയ്യുക എന്നതത്രെ പ്രായോഗികമാകയുള്ളൂ.

സ്ത്രീധനസമ്പ്രദായം നാട്ടിൽ വലിയൊരു ദുഷ്യമായി തീർന്നിരിക്കുന്നുവെന്നും അതു ഇല്ലായ്മ ചെയ്യേണ്ടിയതു ആവശ്യമാണെന്നും പറഞ്ഞുകൊണ്ടത്രെ ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നതു്. സ്ത്രീധനസമ്പ്രദായം ഇന്നോ ഇന്നലയോ ഉണ്ടായതല്ല. വളരെ പണ്ടു മുതൽതന്നെ ഉള്ള ഒരാചാരമായിരുന്നു. നല്ലതു പലതും പ്രയോഗത്തിൽ ദുഷ്യമായി പരിണമിക്കാറുണ്ടു്. അതുപോലെ സ്ത്രീധനകാര്യത്തിനും പറ്റി. വെറും കാഴ്ചവട്ടത്തിന്റെ തോതിലേക്കു അതു മാറി; ഇന്നു ഒരു സമുദായദുഷ്യമായി തീർന്നിരിക്കുന്നു എന്നു ഏവരും തല കുലുക്കി സമ്മതിക്കും. ഇതിന്റെ പരിഹാരത്തിനായി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലു സ്വാഗതാർഹമാണോ അല്ലയോ എന്നു നാം ചിന്തിക്കുന്നതു നമ്മുടെ ധർമ്മമത്രെ. ഈ ബില്ലിനു എട്ടു വകുപ്പുകളുണ്ടു്. അതിൽ മൂന്നെണ്ണം മാത്രമെ ചർച്ചാവിഷയമാക്കേണ്ടിയ ആവശ്യമുള്ളൂ. സ്ത്രീധനം കൊടുക്കൽ നിരോധിച്ചുകൊണ്ടും എന്നാൽ ആഭരണം വസ്ത്രങ്ങൾ മറ്റിനങ്ങൾ എല്ലാംകൂടി രണ്ടായിരം രൂപാവരെ വിലപിടിപ്പുള്ള വകകൾ സ്ത്രീധനമായി കൊടുക്കാമെന്നും ഒരു വകുപ്പിലുണ്ടു്.

മരണശാസനം എഴുതാതെ മരിക്കുന്ന ആളിന്റെ സ്വത്തിനു മക്കൾ സ്ത്രീകളാണെങ്കിലും പുരുഷന്മാരാണെങ്കിലും വിവാഹിതരാണെങ്കിലും അല്ലെങ്കിലും ഇന്ത്യൻ പിന്തുടർച്ചാവ

കാശനിയമമനുസരിച്ചു തുല്യഅവകാശികളാണു. ധനസ്ഥിതിയിൽ വളരെ മെച്ചമായിരിക്കുന്നവരുടെ കാര്യം നമ്മൾ ചിന്താവിഷയമാക്കേണ്ടാ. 75 ശതമാനം ആളുകളും ധനസ്ഥിതിയിൽ വളരെ പിന്നോക്കമാണെന്നുള്ളതു നിസ്സംശയമാണ്. പിതാവു ജീവിച്ചിരിക്കുന്ന കാലത്തു അദ്ദേഹത്തിന്റെ സകല കഴിവുകളും പരമാവധി ഉപയോഗിച്ചു എന്തെങ്കിലും ജംഗമവസ്തുക്കൾ ഉണ്ടെങ്കിൽ അതും പണയപ്പെടുത്തി പെൺമക്കളെ കെട്ടിച്ചയയ്ക്കുന്ന സമ്പ്രദായം നമ്മുടെ നാട്ടിൽ വിരളമല്ല. പിതാവിന്റെ പിന്നീടുള്ള പരിശ്രമം കൊണ്ടോ എങ്ങിനെ എങ്കിലുമോ കടം വീട്ടിയെടുത്തെന്നു വരാം. ബില്ലു എഴുതാതെ അദ്ദേഹം മരിക്കുകയാണെങ്കിൽ സ്ത്രീധനം ലഭിച്ച പെൺമക്കളും സ്വത്തിനു അവകാശികളായിത്തീരുന്നു. അതു നടപ്പിലാകാതിരിക്കാനല്ലെ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം (പിൻവലിക്കൽ) ബില്ലിനോട്ടു ചേർത്തു സ്ത്രീധനനിരോധനബില്ലു ഗവണ്മെന്റു അവതരിപ്പിച്ചിരിക്കുന്നതു്. എല്ലാവരെയും വില്ലു എഴുതാൻ പ്രേരിപ്പിക്കണമെന്നാണു ഇതിന്റെ ഒരു പോം വഴിയായി പലർ നിർദ്ദേശിച്ചതു്. അതു വേഗത്തിൽ നടപ്പിലാകുമെന്നു വിചാരിക്കാൻ തരമില്ല. ധാരാളം സ്വത്തു ള്ളവർ വില്ലെഴുതിയെന്നു വരാം. സാധുക്കൾ അതിനു മുതിരുകയില്ല. അങ്ങനെയുള്ള ഭവനങ്ങളിൽ പെൺമക്കൾ അവകാശപ്രകാരമായി ലഭിക്കേണ്ടിയതിൽ വളരെ അധികമാണു വിവാഹസമയത്തു സ്ത്രീധനമായി പറയുക. അവർ വീണ്ടും പിതൃസ്വത്തിനു അവകാശികളായി തീരുന്നതു് ആൺമക്കളോടു കാണിക്കുന്ന ഒരനീതിയല്ലെ? അതിനുള്ള പോംവഴി സ്ത്രീധനം നിരോധിക്കുക എന്നുള്ളതു മാത്രമാണു്.

കമ്മ്യൂണിസ്റ്റു ഗവണ്മെന്റു അവതരിപ്പിച്ച സ്ത്രീധനനിരോധനബിൽ വളരെ ന്യൂനതകളുള്ള ഒന്നാണെന്നുള്ള ആക്ഷേപം പല സംഘടനകളും പുറപ്പെടുവിച്ചു കഴിഞ്ഞു. ഇവർ ചിന്താവിഷയമാക്കുന്നതിനു വളരെ മുമ്പുതന്നെ സ്ത്രീധനത്തെ ഒരു പിശാചിനോടു ഉപമിച്ചും അതു സമൂഹത്തിൽ വരുത്തി കൂട്ടുന്ന ദുഷ്യങ്ങളെ പ്രതിപാദിച്ചും അനേകം ലേഖനങ്ങൾ ക്രൈസ്തവമാസികളിലും പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ടു. ഇന്നു കേരള ഗവണ്മെന്റു അവതരിപ്പിച്ചു എന്നുള്ളതാണു അതിന്റെ പ്രത്യേക അയോഗ്യതയായി തീർന്നിരിക്കുന്നതു്. അതു തികച്ചും ബാലിശമായ ഒരു ചിന്തയാണ്.

പെൺകുട്ടികളെ കെട്ടിച്ചയയ്ക്കുന്ന സമയത്തു സ്ത്രീധനം കൊടുക്കുന്ന സമ്പ്രദായം ഉള്ളതുകൊണ്ടു അനേകർ പണസമ്പാദനത്തിനായി മലയാ, ആഫ്രിക്കാ മുതലായ ദൂരദിക്കുകളിൽ പോകുകയും അങ്ങനെ ഈ സമ്പ്രദായം പണസമ്പാദനത്തിനു ഒരു പ്രേരകമായി ഭവിക്കുകയും ചെയ്യുന്നു എന്നു പറഞ്ഞു വാദിക്കുന്നവർ ഉണ്ടു്. ഇതിനു മറുപടി പറയാനുള്ളതു പണസമ്പാദനമാണോ ഒരു മനുഷ്യന്റെ ജന്മോദ്ദേശം എന്നതു്. സ്ത്രീധനനിരക്കു നിലവിലിരിക്കുന്നതിൽ വർദ്ധിപ്പിച്ചാൽ ധനസമ്പാദനത്തിനുള്ള പ്രേരകശക്തിയുടെ മാറ്റു കൂടുമല്ലോ. വലിയ ദീനങ്ങൾ ഭ്രമുഖത്തുള്ളതുകൊണ്ടു ധാരാളം മരുന്നു കണ്ടു പിടിക്കുന്നതിനു പ്രേരകമായി മേൽ പറഞ്ഞ വാദം ശരിയെങ്കിൽ ഇനിയും രോഗങ്ങൾ വരുത്തിക്കൂട്ടുന്നതിനു നമ്മൾ ബദ്ധശ്രദ്ധരായിരിക്കണമല്ലോ. കാരണം പുതിയ മരുന്നുകൾ കണ്ടു പിടിച്ചുകൊടുമല്ലൊ. പെൺകുട്ടികൾ ഇല്ലെങ്കിൽതന്നെയും പണസമ്പാദനത്തിനുള്ള വഴി തുറന്നു കിട്ടുകയാണെങ്കിൽ അതു ആരും ഉപേക്ഷിക്കുന്നില്ല.

സ്ത്രീധനം നിരോധിച്ചാലും കുറിഞ്ഞന്ന അവിടെ ആരംഭിക്കുമെന്നുള്ളതാണു വേറൊരു വാദമുഖം. യുദ്ധകാലത്തു ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്നതു ആരും മറന്നു കാണുകയില്ല. അന്നു മനുഷ്യനു അത്യാവശ്യമായിരുന്ന സാധനങ്ങളുടെ വില നിയന്ത്രിച്ചതുമൂലം യാതൊരു പ്രയോജനവും ഉണ്ടായില്ലെന്നു ആരെങ്കിലും പറയുമോ? കുറിഞ്ഞന്നയുടെ നഗ്നമായ നൃത്തം അന്നു നിലവിലിരുന്നു. എങ്കിലും അനേകംപേക്കു വിലനിയന്ത്രണം പ്രയോജനപ്പെട്ടു. സ്ത്രീധനം കൊടുക്കുന്നതു കുറ്റകരമായിരിക്കുന്ന ഒരു കാലത്തു അതു ഗുപ്തമായി മാത്രമെ നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളൂ. ഇന്നത്തെപ്പോലെ വലിയ സംഖ്യകൾ കൊടുക്കുന്നതും വാങ്ങിക്കുന്നതും അറിയാതിരിക്കുന്നതു സാധുജനങ്ങൾക്കു സഹായകരമാണ്. ശൈശവവിവാഹം നിരോധിച്ച ശാരദ ആക്ട് നടപ്പിൽ വരുത്തിയ ശേഷവും ശിശുക്കളെ രഹസ്യ

മായി വിവാഹബന്ധത്തിൽ ഏർപ്പെടുത്തി കാണും എന്നു വരികിലും എത്ര ആയിരം കുഞ്ഞുങ്ങൾ ഈ ഉൽകൃഷ്ട ഏർപ്പാടിനു ഇരയാകാതെ ഇരുന്നിട്ടുണ്ടായിരിക്കും. തികച്ചും അക്രൈസ്തവമായി തീർന്നിരിക്കുന്ന സ്ത്രീധനമിടപാടിൽനിന്നുണ്ടായിട്ടുള്ള ദുഷ്യങ്ങൾ പരിഹരിക്കുന്നതിൽ നേതൃത്വം നൽകുവാൻ ക്രൈസ്തവസഭയ്ക്കു കഴിഞ്ഞില്ലെന്നുള്ളതു പരിതാപകരമാണ്.

പാരിതോഷികമോ മറ്റോ ആയി രണ്ടായിരം രൂപാവരെ നല്കുമെന്ന ബില്ലിൽ വ്യവസ്ഥയുണ്ട്. ഇന്നു രണ്ടായിരം രൂപായും അതിൽ താഴെയും ഉള്ള തുക സ്ത്രീധനമായി നല്കുന്ന ആളുകളുടെ കാര്യത്തിൽ ഈ ബില്ലു യാതൊരു പ്രയോജനവും ചെയ്യുന്നില്ല എന്നൊരു ആക്ഷേപം ഇതിനെപ്പറ്റി ചിന്തിച്ചിട്ടുള്ളവർ പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. (Youth Vol 8- No. 5, Page 4) എല്ലാവരും രണ്ടായിരം രൂപായെങ്കിലും സ്ത്രീധനമായി കൊടുക്കണമെന്നുള്ള ഒരു നിയമമല്ല ഇതിൽനിന്നു ഉൽഭവമാകുന്നതു്. സ്ത്രീധനത്തിനു പരിധി നിശ്ചയിക്കാത്ത കാലത്തു വളരെ കുറഞ്ഞ സ്ത്രീധനസംഖ്യ നിലവിലിരിക്കുന്നു. വിവാഹചന്തയിൽ വളരെ വിലമതിക്കുന്നവർക്കു പോലും (അതായതു 20000—30000 ഇപ്പോൾ വാങ്ങിക്കുന്നവർ) 2000 രൂപാ മാത്രമെ സ്ത്രീധനമായി ആവശ്യപ്പെടുവാൻ സാധിക്കുന്നുള്ളുവെങ്കിൽ അതിനു അനുസരണമായ കുറവു എല്ലായിടത്തും ഉണ്ടാകും. ഈ ബില്ലുകൾക്കു ഗുണദോഷവശങ്ങൾ പലതുണ്ട്. എല്ലാം ചർച്ച ചെയ്യുവാൻ സ്ഥലച്ചുരുക്കം അനുവദിക്കുന്നില്ല. ഒരു പുതിയനിയമം നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതു ബാധിക്കുന്ന എല്ലാവരുടെയും എല്ലാപ്രശ്നങ്ങളും പരിഹരിക്കുവാൻ പറ്റുമുമായിരിക്കണമെന്നു ആരും ചിന്തിക്കരുതു്. നിലവിലിരിക്കുന്ന നിയമത്തെക്കാൾ മനുഷ്യസമുദായത്തിനു പുതിയതു പ്രയോജനമെങ്കിൽ അതു സ്വാഗതാർഹമല്ലെ. ഈ നിയമങ്ങൾമൂലം സാമൂഹ്യപരിഷ്കരണം സാധിക്കുന്നതുകൊണ്ടു ക്രൈസ്തവർ കൂടെടുക്കേ ഇവയെ സ്വാഗതം ചെയ്യണമെന്നതെ എന്റെ അഭ്യർത്ഥന.

ഇരുമാപ്ര മാതൃസംഘജൂബിലി. 1958 മെയ് 10-ാംനു- ശനിയാഴ്ച പ്രസ്തുത ഇടവകയുടെ മാതൃസംഘജൂബിലി ആഘോഷപൂർവ്വം കൊണ്ടാടി. ഉപസഭകളിൽനിന്നും രാവിലെ കൃത്യം 9. 30 നു് അമ്മമാർ ഇരുമാപ്ര വന്നുചേർന്നു. മിഡിൽസ്കൂൾ മൈതാനത്തുനിന്നും ചെണ്ടമേളത്തോടുകൂടി ഘോഷയാത്രയായി ജൂബിലിഗാനം പാടിക്കൊണ്ടു അമ്മമാർ പള്ളിയിൽ ചെന്നു ചേരുകയും പത്തു മണിക്കു തന്നെ ആരാധന ആരംഭിക്കുകയും ചെയ്തു. ആരാധനയും വിശുദ്ധ സംസർഗ്ഗശുശ്രൂഷയും കഴിഞ്ഞതിനുശേഷം സ്കൂൾ കെട്ടിടത്തിൽവച്ചു ബഹുമാനപ്പെട്ട ഇ. ജെ. ഐസക്ക് അച്ചന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം നടത്തപ്പെട്ടു.

ജൂബിലി സ്മാരക ഫണ്ടിലേക്കു കഴിവിനനുസരണമായ ഒരു തുക സംഭാവന ചെയ്യണമെന്നു മാതൃസംഘ അമ്മമാർ തീരുമാനിച്ചിട്ടുണ്ട്.

Mrs. K. C. KOSHY.

സുവിശേഷഭാഷിണി

പറക്കാൽ മിഷ്യൻ വാർത്തകൾ

ബോർഡിംഗ് ഹോം. വേനൽക്കാല അവധിക്ക വീടുകളിൽ പോയിരുന്ന കുട്ടികൾ എല്ലാവരും ഈ ആഴ്ചയിൽ തിരിച്ചുവന്നു. (എങ്കിലും വേനൽക്കാലം ഇതുവരെ കഴിഞ്ഞില്ല.) കഴിഞ്ഞ സംവത്സരം ബോർഡിംഗിൽ ഉണ്ടായിരുന്ന കുട്ടികളെ ഓരോരുത്തരേയും സന്ധിച്ചു പോന്നവരോട്ട അവർ വളരെ കൃതജ്ഞതയുള്ളവരായിരിക്കുന്നു. ഈയാണ്ടിലും അവരെ ബോർഡിംഗിൽ അവരുടെ ഓരോ സന്ധിപ്പുകാരും ഡന്ധിച്ചുകൊളുമെന്ന ആശയോട്ടുകൂടെ അവർ വന്നുചേന്നിരിക്കയാണ്.

ഈ സംവത്സരം പുതിയ അഞ്ചു കുട്ടികളെ കൂടെ ബോർഡിംഗിൽ ചേക്കണമെന്നാഗ്രഹിക്കുന്നു. അവരിൽ ഓരോരുത്തരെ സന്ധിച്ചുകൊളുന്നതിനു മനസ്സും താല്പര്യവും ഉള്ളവർ മയവായി എന്റെ പേക്ക എഴുതി അറിയിക്കണമെന്നപേക്ഷിക്കുന്നു.

"എന്റെ ഈ ഏററവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക ചെയ്തു എന്നു ഞാൻ സത്യമായിട്ട നിങ്ങളോട്ട പറയുന്നു എന്നു അരുളിച്ചെയ്യും."

ഒരു സംഭാവന. ഇവിടെ വളരെ ആവശ്യമായിരിക്കുന്നതും വളരെ നാളുകളായി ആഗ്രഹിച്ചുകൊണ്ടിരുന്നതുമായ ഒരു സൈക്കിൾ (Second hand) ഹൈദരബാദിലെ മി. പി. ചാണ്ടി മയവായി സംഭാവനയായി നല്കിയിരിക്കുന്നു. കൂടാതെ ഈ സംവത്സരം ഒരു കുട്ടിയെ ബോർഡിംഗിൽ സന്ധിച്ചുകൊള്ളാമെന്നു അദ്ദേഹം വാശത്തവും ചെയ്തിരിക്കുന്നു. അദ്ദേഹത്തോട്ട ഞങ്ങൾ വളരെ കൃതജ്ഞതയുള്ളവരായിരിക്കുന്നു.

കാട്ടിറപ്പള്ളി. കാട്ടിറപ്പള്ളിയിലെ വീടുകൾ തീ കത്തി കഷ്ടതയിൽക്കൂടെ കടന്നു പോകുന്ന പാവപ്പെട്ട ക്രിസ്തീയ കുടുംബങ്ങളെ സഹായിക്കുന്നതിനുവേണ്ടി കഴിഞ്ഞ മാസത്തിലെ ഭാക്ഷിണിയിൽ (S. O. S.) അപേക്ഷിച്ചതുമൂലം താഴെപ്പറയുന്ന സംഭാവനകൾ ലഭിക്കയുണ്ടായി. അവരോട്ട ഞങ്ങളുടെ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊളുന്നു.

മിസ്സസ്സ് എം. ചാക്കോ, തൊടുപുഴ	20 രൂപാ
മിസ്സർ പി. ഒ. ചാക്കോ, ചങ്ങനാശ്ശേരി	10 രൂപാ
റവ. എം. വി. പോത്തൻ, കുമ്പനാട്ട്	5 രൂപാ
മി. പി. എൽ. ജോസഫ്, മുണ്ടക്കയം	2 രൂപാ
മി. എ. ററി. മാത്യു, ഹൈദരബാദ്	3 രൂപാ
Dr. (മിസ്സസ്സ്)കോരുതു; ഹൈദരബാദ്	5 രൂപാ
പേരു് അറിയിക്കാതെ	5 രൂപാ

ആ പാവപ്പെട്ടവരെ സഹായിപ്പാൻ ഇനിയും ആഗ്രഹിക്കുന്നവർ മയവായി അവരുടെ സംഭാവനകൾ എന്റെ പേക്ക അയച്ചുതരണമെന്നപേക്ഷിക്കുന്നു.

പറക്കാലിലെ ചികിത്സാശുശ്രൂഷ. പറക്കാലിൽ നമ്മുടെ മിഷ്യൻ വകയായി ഒരു ചികിത്സാവേല കൂടെ നടത്തിപ്പോരുന്നുണ്ട് എന്നുള്ള വസ്തുത എല്ലാവക്കും അറിവുള്ളതാണെന്നു വിശ്വസിക്കുന്നു. ബഥേൽ പ്രവർത്തകയായ മിസ്സസ്സ് ആനി തോമസ് ആകുന്നു അതിന്റെ ചുമതല വഹിച്ചുകൊണ്ടിരിക്കുന്നതു്. വളരെ ചെറിയ ഒരു തോതിൽ മാത്രമെ അതു നടത്തികൊണ്ടുപോകുവാൻ ഇതുവരെയായിട്ടും സാധിച്ചിട്ടുള്ളു. എന്നാൽ ഓരോ ഗ്രാമങ്ങളിലും സഞ്ചരിക്കുമ്പോൾ ഓരോ ദീനങ്ങൾ മൂലം കഷ്ടപ്പെടുന്ന ആളുകളെ അവിടവിടെ കാണുന്ന അവസരങ്ങളിൽ കുറെകൂടെ വിപുലമായ രീതിയിൽ ഒരു ചികിത്സാകേന്ദ്രം നമ്മുടെ മിഷ്യൻ വകയായി ആരംഭിച്ചാൽ എത്ര നന്നായിരുന്നു എന്നു് പലപ്പോഴും ഞങ്ങൾക്കു തോന്നാറുണ്ട്. "നിങ്ങൾ എന്താണ് ഒരു ആശുപത്രി തുടങ്ങാത്തതു് ?" എന്നു പലരിന്നുകളും മുഹമ്മദീയരും ചോദിക്കാറുണ്ട്. ഒരു മിഷ്യൻ ആശുപത്രി ഇവിടെ സ്ഥാപിക്കേണ്ടതു ഏററവും അത്യാവശ്യമാണ്. ഈ താലൂക്കിൽ രോഗികളായവക്ക തക്ക ചികിത്സ ലഭി

ക്കുന്നതിനു ശരിയായ യാതൊരു സ്ഥാപനവും ഇല്ല എന്നു തന്നെ പറയാവുന്നതാണ്. ജനങ്ങൾ ചികിത്സക്കായി വാറങ്കൽ, ഹനുമകൊണ്ട, എന്നീ ദൂരസ്ഥലങ്ങളിലേക്കു പോകേണ്ടിയിരിക്കുന്നു.

നമ്മുടെ മഹായിടവകയിൽ മിഷ്യനറി മനഃസ്ഥിതിയോടുകൂടെ സാമേധയായി ചികിത്സാവേല നടത്തുവാൻ ആഗ്രഹിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ള ഒരാൾക്കു ഏറ്റവും പറ്റിയ ഒരു സ്ഥലമാണ് ഈ മിഷ്യൻ വയൽ. ഇവിടെ ചികിത്സാവേല നടത്തുവാൻ ആഗ്രഹിച്ചുകൊണ്ടു വരുന്ന ആളിനെ ഞങ്ങൾ സന്തോഷത്തോടുകൂടെ സ്വാഗതം ചെയ്യുവാൻ വേണ്ട എല്ലാ സൌകര്യങ്ങളും ഉണ്ടാക്കി കൊടുക്കുന്നതുമാണ്.

വേറൊരു അഭിപ്രായം എന്റെ മനസ്സിൽ അപ്പോഴപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു എന്തെന്നാൽ നമ്മുടെ മഹായിടവകയിൽപ്പെട്ട അനേക ഡോക്ടർമാർ—സ്ത്രീ പുരുഷന്മാർ പലസ്ഥലങ്ങളിൽ അനേക മിഷ്യൻ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും ജോലി ചെയ്യുവരുന്നുണ്ടല്ലോ. അവരിൽ ഓരോരുത്തർ ഓരോമാസത്തെ അവധിയെടുത്തു സ്വന്തവീട്ടിൽ പോകാതെ ഇവിടെ വന്നു ഞങ്ങളോടുകൂടെ താമസിച്ചു ഈ ശുശ്രൂഷയിൽ സഹായിച്ചാൽ എത്ര നന്നായിരുന്നു എന്നുള്ളതാണ്. മഹായിടവകയുടെ മിഷ്യൻവയലായ ഈ പറക്കാലിൽ വന്നു ഇവിടെയുള്ള ജനങ്ങൾക്കു എന്തെങ്കിലും ഒരു ശുശ്രൂഷ ചെയ്യാൻ ലഭിക്കുന്ന അവസരം ഒരു പാഴ്വിയായി കരുതേണ്ടിയതാകുന്നു. ഓരോരുത്തർ തങ്ങൾക്കു ഏതു മാസത്തിൽ ഇവിടെ വരുവാൻ സാധിക്കും എന്നുള്ളതു അറിയിക്കുന്ന പക്ഷം തുടച്ചയായി ഈ വേല നടത്തിക്കൊണ്ടു പോകുവാൻ സംഗതികൾ ക്രമീകരിക്കാവുന്നതാണ്. ഈ വിധത്തിൽ ത്യാഗത്തോടുകൂടെ ഇവിടെവന്നു ശുശ്രൂഷ ചെയ്യാൻ മനസ്സുള്ളവരായ അനേക ഡോക്ടർമാർ നമ്മുടെ രാജ്യത്തു പല സ്ഥലങ്ങളിൽ ഉണ്ടെന്നുള്ളതിനു സംശയമില്ല. കർത്താവിന്റെ സ്നേഹം ഈ ശുശ്രൂഷ മൂലം ഇവിടെയുള്ളവർക്കു കാണിച്ചു കൊടുപ്പാൻ താല്പര്യമുള്ളവരിൽ നിന്നു താമസിയാതെ കേൾപ്പാൻ ഇടയാകും എന്നു ഞാൻ വിശ്വസിക്കുന്നു.

Parakal, (Via) Kazipet C. Ry,
Andhra Prdesh, 14-6-58.

T. M. THOMAS.

1958 ഏപ്രിൽ, മെയ് എന്നീമാസങ്ങളിൽ പറക്കാലിൽ ലഭിച്ച സംഭാവനകൾ

ബോർഡിങ്ങു സ്ക്കൂളിൻവേണ്ടി

	രൂ.
മാതൃസംഘം, വാഴൂർ	36
സ്ത്രീജനസഖ്യം കണ്ണീറ്റി	12
മാതൃസംഘം, ഇലഞ്ഞി	25
മി. ജി. എം. ജേക്കബ്, ഹൈദരബാദ്	24
,, പി. എ. ഏബ്രഹാം, വാൾപ്പാറ	6
,, എം. ജെ. ജേക്കബ്, കാഞ്ഞിരപ്പള്ളി	12
,, എൻ. വി. ഫൈസക്ക്, നെടുങ്ങാടപ്പള്ളി	12
,, ജി. തയ്യൻ, മദ്രാസ്	20
മിസ്സസ്സ് എൻ. എം. വറുഗീസ്, ബോംബെ	20
,, എം. തോമസ് സെക്കന്തരബാദ്	12
,, പി. ഫൈ. അലക്സാണ്ടർ, കൃഷ്ണപുരം	5
മാതൃസംഘം, ആലപ്പുഴ	16

പ്രവർത്തകർക്കുവേണ്ടി

സി. എസ്. ഫൈ. മലയാളം സഭ, ഹൈദരബാദ്	70
സി. എസ്. ഫൈ. മലയാളം സഭ, മദ്രാസ്	66
മി. ഇ. വി. ജോസ്സ് ബോമ്പായ	10
,, എം. ഫൈ. ചെറിയാൻ ശാന്തിപുരം	30
,, പി. റവ. യോഹന്നാൻ ഡ്രുഗ്	10
മിസ്സ് ഏ. ചാണ്ടി, കല്ലൂപ്പാറ	10
മിസ്സസ്സ് റവ. റവ. ജോൺ, എറണാകുളം	20
,, എസ് മാത്യു, ബോംബെ	45
ഡോ. മിസ്സസ്സ് എസ്. പുന്നൂസ്	10
പേരു അറിയിക്കാതെ	5

കുഷ്ഠരോഗി ശുശ്രൂഷക്കുവേണ്ടി

മിസ്സസ്സ് സി. കെ. മത്തായി, മദ്രാസ്	5

പള്ളിപണിക്കുവേണ്ടി

മി. എം. കെ. കോശി, കുമ്പളാംപൊയ്ക	25
,, പി. റവ. കുട്ടപ്പൻ, മാവേലിക്കര	50

പ്രത്യേക സംഭാവനകൾ

മി. വി. ഫൈ. തോമസ്, ഹൈദരാബാദ്	10
മിസ്സസ്സ് സി. ചാക്കോ, ആലപ്പുഴ	10

ജെ. എം. ഏയുടെ പഠനത്തിനായി

എലൻ ലക്ഷ്മിഗോറെ

(Sister Sosamma Chacko)

"പലരേയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെ എന്നും എന്നേക്കും പ്രകാശിക്കും" ദാനീ. 12. 3.

ജനനം. ബനാറീസിലെ സി. എം. എസ്സ്. കോമ്പൗണ്ടിലെ ഒരു ചെറിയ മുറിയിൽ 1853 സെപ്തംബർ 11-ാംനു ഒരു പെൺകുട്ടി ഭ്രജാതയായി. പ്രസവത്തോടെ ആരോഗ്യം നഷ്ടപ്പെട്ട. പിന്നീടൊരിക്കലും അതു വീണ്ടെടുക്കാൻ കഴിയാതിരുന്ന അവളുടെ അമ്മ ഏതാനും ആഴ്ചകൾ കഴിഞ്ഞതിനുശേഷം മാത്രം ആണ് ക്രിസ്ത്യാനി ആകുവാനുള്ള അവളുടെ ആഗ്രഹം പ്രഖ്യാപനം ചെയ്തത്. എന്നാൽ പിതാവായ റവ. നെഹമ്യാ ഗോറെ ക്രിസ്ത്യാനി ആയിട്ട കുറെ കൊല്ലങ്ങൾ കഴിഞ്ഞിരുന്നു. 1853 ഡിസംബർ 1-ാംനു മാതാവായ ലക്ഷ്മിയേയും മകൾ എലനേയും ജ്ഞാനസ്നാനം കഴിപ്പിച്ചു.

കുടുംബം. (മാതാപിതാക്കൾ) അവരുടെ ചുരുങ്ങിയ വിവാഹജീവിതം വിശേഷതകൾ നിറഞ്ഞതായിരുന്നു. സ്വതന്ത്രം കുടുംബമഹിമയും ഉള്ള മഹരാഷ്ട്രബ്രാഹ്മണരായിരുന്ന ഇവർ ഇരുവരും വിവാഹത്തിനുശേഷം അട്ടേഹം ക്രിസ്ത്യാനി ആയതോടുകൂടെ ലക്ഷ്മിയുടെ പിതാവു അവളെ ഭർത്താവിന്റെ കൂടെ പോകുവാൻ വിസമ്മതിക്കയും സ്വന്ത വീട്ടിൽ കൂട്ടിക്കൊണ്ട പോകയും ചെയ്തു. എങ്കിലും റവ. നെഹമ്യാവു കൂടെക്കൂടെ ലക്ഷ്മിയെ ചെന്നു കാണാറുണ്ടായിരുന്നു. എന്നാൽ അപ്പോഴൊക്കെയും ലക്ഷ്മി അട്ടേഹത്തെ അസഭ്യവാക്കുകൾ പറക പതിവായിരുന്നു.

ലക്ഷ്മിയുടെ അച്ഛൻ മരിച്ചപ്പോൾ നെഹമ്യാവിന്റെ ക്രിസ്തീയ സഖാക്കൾക്കു ഒരു അവസരം ലഭിച്ചു. അവർ ബാൻഡു് ആദിയായ സംഗീതോപകരണങ്ങളുമായി സംഘം ചേർന്നു ഒരു ദിവസം അവളുടെ വീട്ടിൽ എത്തി ലക്ഷ്മിയെ പിടിച്ചിറക്കി അവരുടെകൂടെ കൊണ്ടുപോയി. ഭാഗ്യവശാൽ പുരുഷന്മാർ സ്ഥലത്തില്ലാതിരുന്നതിനാൽ വലിയ വിഷമതകൾ ഉണ്ടായില്ല. നെഹമ്യാവും അവളെ കാത്തു വഴിയിൽ ഉണ്ടായിരുന്നു. അവർ നെഹമ്യാവും ലക്ഷ്മിയും—വീണ്ടും ഒന്നിച്ചു ജീവിതം തുടർന്നു, ഭർതൃഗൃഹവാസം അവൾ ആഗ്രഹിച്ചിരിക്കയായിരുന്നു. എന്നാൽ ഒരിക്കലും 'താൻ ക്രിസ്ത്യാനി ആകുകയില്ല എന്നു ഭർത്താവിനോടു പറഞ്ഞു.

ബുദ്ധിമാനായ ആ ഭർത്താവു അതിനെപ്പറ്റി എപ്പോഴും അവളോടു സംസാരിക്കയോ അലട്ടുകയോ ചെയ്തിരുന്നില്ല. ലക്ഷ്മിക്കു വായിക്കാൻ അറിയാമായിരുന്നതിനാൽ റവ. ഗോറെ അവൾക്കു ക്രിസ്തുമതസംബന്ധമായ ധാരാളം ഗ്രന്ഥങ്ങൾ വായിക്കാൻ കൊടുത്തിരുന്നു. അവയും അട്ടേഹത്തിന്റെ മാതൃകാജീവിതവും അവളിൽ ക്രിസ്തുമതത്തോടു ഒരു അഭിവാഞ്ഛ ജനിപ്പിച്ചു. പക്ഷേ കുഞ്ഞിന്റെ ജനനത്തിനുശേഷം മാത്രമാണ് അവൾ ആ ആഗ്രഹം പ്രകടിപ്പിച്ചതും നാം മേൽ കണ്ടതുപോലെ സ്നാനം കഴിഞ്ഞതും.

മൂന്നു ദിവസം കഴിഞ്ഞു പ്രിയപ്പെട്ട ആ മാതാവു കർത്താവിൽ സമാധാന നിദ്ര പ്രാപിച്ചു.

ബാല്യകാലം. ഒരുമനക്കുഞ്ഞിന്റെ നിസ്സഹായാവസ്ഥയിൽ കരഞ്ഞുകിയ ആ യുവപിതാവിനെ അയൽക്കാരിയായ ഒരു കർഷകപത്നിയുടെ സേവനസന്നദ്ധത സന്തുഷ്ടനാക്കി. എലന്റെ സുഖഭോഗവും അവൾ ഏറെറടുത്തു. സ്വതന്ത്രനായിത്തീർന്ന നെഹമ്യാഗോറെ മുഴുവൻ സമയവും മിഷ്യനറി വേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു. അട്ടേഹം ഇംഗ്ലണ്ടു സന്ദർശിച്ചപ്പോൾ വിക്ടോറിയാ രാജ്ഞി ആ മഹാനെ സ്വീകരിക്കയുണ്ടായി. ഗോറെ അവിടെ കൊളീസംഘത്തിലെ അംഗമായിതീർന്നു. അതൃത്സാഹവും ആത്മപരിത്യാഗവും അട്ടേഹത്തിന്റെ പ്രവർത്തികളിൽ മുഴച്ചു നിന്നിരുന്നു.

നെല്ലി—അഥവാ എലൻ—അഞ്ചു വർഷം തന്റെ വളർത്തമ്മയുടെ വീട്ടിൽ കഴിഞ്ഞു. പക്ഷേ നിർഭാഗ്യം അവളെ വിട്ടുപിരിഞ്ഞിരുന്നില്ല. ആ കൃഷിക്കാരന്റെ വസ്തുവകകൾ നഷ്ടപ്പെടുകയും അയാൾ ലഹരിയിൽ കൊല്ലപ്പെടുകയും ചെയ്തപ്പോൾ അവൾ വീണ്ടും അനാഥയായി അവളെ ബനാറീസിലെ സി. എം. എസ്സ്. അനാഥശാലയിൽ ചേർക്കുവാനുള്ള ഒരു ശ്രമം ആണ് പിന്നെ നടന്നത്. പക്ഷേ പ്രസരിപ്പുള്ള ആ കൊച്ചുപെൺകുട്ടിയെ അടുത്തു പരിചയം ഉണ്ടായിരുന്ന റവ. ഡബ്ലിയു സ്റ്റോറാഴ്സ് എന്ന യുവമിഷ്യനറിയും പത്നിയുംകൂടി അവളെ വീണ്ടും ചേർത്തു അവരുടെ മരിച്ചുപോയ മൂത്തക്കുട്ടിക്കു പകരമായി സ്നേഹിച്ചു വളർത്തി.

കാലം കടന്നുപോയി. റവ. സ്റ്റോറാഴ്സിനും ഭാര്യയ്ക്കും സ്വന്തം കുട്ടികൾ ഉണ്ടായി. എന്നാൽ ഇന്ത്യാക്കാരിയായ അവരുടെ വളർത്തു മകളുടെ സ്ഥാനം അപഹരിക്കുവാൻ ആ യൂറോപ്യൻ ദമ്പതികൾ ഒരിക്കലും അവരെ അനുവദിച്ചിരുന്നില്ല. എലനെ സ്വകുടുംബാംഗമായിട്ടാണ് അവരും കരുതിയത്.

വിദ്യാഭ്യാസം. ഏതാനും വർഷങ്ങൾക്കുശേഷം അവധിക്കാലം ആകയാൽ സ്റ്റോറാഴ്സും കുടുംബവും ഇംഗ്ലണ്ടിലേക്കു തിരിച്ചുപോയി. ആ കൂട്ടത്തിൽ എലനും. അവധി കഴിഞ്ഞു അട്ടേഹത്തിനു വീണ്ടും ഇന്ത്യയിലേക്കു വരേണ്ടിവന്നപ്പോൾ നെല്ലിക്കു സ്റ്റോറാഴ്സിന്റെ സഹോദരിയുടെ വളർത്തു മകളായി ഭവനം കിട്ടി. അവളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയാണ് സ്റ്റോറാഴ്സ് അവളെ ഇങ്ങനെ വിട്ടിട്ടുപോന്നത്. മൂന്നു പുത്രന്മാരും മൂന്നു പുത്രിമാരും ഉള്ള ആ അമ്മയുടെ മകളായി നെല്ലി ജീവിക്കുവാൻ തുടങ്ങി.

യോക്കിൽ മൂന്നു സഹോദരികൾ നടത്തപ്പെടുന്ന ഒരു പ്രൈവറ്റു സ്കൂളിലാണ് എലൻ ആദ്യം ചേർന്നത്. പിന്നീട് ഇംഗ്ലണ്ടിലെ Grays Inn Road-ൽ ഉള്ള Home and colonial College-ലും ചേർന്നു പഠിച്ചു. റവ. സ്റ്റോറാഴ്സ് അവസാനമായി തിരിച്ചുവന്നപ്പോൾ എലൻ ഈ കോളജിൽ തന്നെ ആയിരുന്നു. സ്റ്റോറാഴ്സിന്റെ ക്ഷണം അനുസരിച്ചു അവൾ വീണ്ടും അവരുടെ മകളായി അവരുടെകൂടെ താമസിച്ചു. അവൾക്കു തന്നാൽ കഴിയുന്ന സഹായം ചെയ്യാൻ അവൾ താല്പര്യപ്പെട്ടു. ആ കാലത്താണ് മില്ലിലെ തൊഴിലാളികളുടെ പെൺകുട്ടികളെ ഉദ്ദേശിച്ചു എലൻ ഒരു സണ്ടെസ്കൂൾ ക്ലാസ്സ് തുടങ്ങിയത്. അവിടത്തെ 70-ൽ പരം വിദ്യാർത്ഥികളുടെയും ആരാധനയ്ക്കു പാത്രമാവാൻ ആ യുവതിക്കു സാധിച്ചു.

ക്രിസ്തീയ സേവനം. മിഷ്യനറിയോഗങ്ങളിൽ സംബന്ധിക്കുന്നതു കോളജിൽ ആയിരുന്നപ്പോൾ തന്നെ അവളുടെ ഒരു പതിവായിരുന്നു. പല സ്ത്രീ പ്രാസംഗികരേയും അവൾ പരിചയപ്പെട്ടു. അവരെല്ലാം "എലൻ ഒരു കാലത്തു മിഷ്യനറിയായി സ്വന്തനാട്ടിൽ പോയി വേല ചെയ്യും" എന്നു പറയാറുണ്ടായിരുന്നു. എന്നാൽ അതു അവൾ ഒട്ടും ആഗ്രഹിക്കയോ താല്പര്യപ്പെടുകയോ ചെയ്തില്ലെന്നു മാത്രമല്ല ഇതു കേൾക്കുന്നതു തന്നെ അവൾ വളരെ വെറുത്തിരുന്നു.

ഏതാനും കൊല്ലങ്ങൾക്കു ശേഷം അവൾ ഒരു ബൈബിൾ ക്ലാസ്സു നടത്തിക്കൊണ്ടിരുന്നപ്പോൾ വിദ്യാർത്ഥികളോട് അവൾ ഇങ്ങനെ പറഞ്ഞു. "പെട്ടെന്നു കർത്താവു എന്നോടു പറയുന്നതുപോലെ തോന്നുന്നു നീ ഈ ജോലി സ്വന്തനാട്ടിൽ പോയി സ്വജനങ്ങളുടെ ഇടയിൽ ചെയ്യേണ്ടതാണ്" എന്ന്.

ഇതു വ്യക്തമായ ഒരു വിളി നിരാകരിക്കുവാൻ സാധ്യമായിരുന്നില്ല. അവൾ വളർത്തച്ഛനായ സ്റ്റോറാഴ്സിന്റെ അടുക്കൽ ഇൻഡ്യയിലേക്കു തിരിച്ചുപോകുന്നതിനുള്ള അനുവാദത്തിനിരന്നു.

അവസാനം ആ ആഗ്രഹം സഫലമായി. Zenana Bible&Medical Mission-നു അവളെ സഹായിക്കാൻ കഴിഞ്ഞില്ലെങ്കിലും Church of England Zenana Mission Society അമൃതസരസിലെ (Amritsar) Alexahdra Girls School ലെ വിദ്യാഭ്യാസമിഷ്യനറിയായി എലനെ നിയോഗിച്ചയച്ചു.

എലന്റെ വേർപാട് ഡ്റേഴ്സും കുടുംബത്തിനും വളരെ സങ്കടകരമായിരുന്നു. ഇടവകാംഗങ്ങൾ അവൾക്ക് ഒരു യാത്ര അയപ്പു നൽകുകയും നല്ല ഒരു ക്ലോക്ക സമ്മാനിക്കുകയും അവളുടെ കാമ്മ്യൂണായി എലനെക്കൊണ്ടു പള്ളിയുടെ മുൻപിൽ ഒരു വൃക്ഷം നടീക്കുകയും ചെയ്തു.

എലൻ സ്വരാജ്യത്തെത്തി. ഏതാനും വർഷത്തിനു ശേഷം അമൃതസരസിൽനിന്നും അലഹബാദിലേക്കാണ് എലൻ പോയതു്. അവിടുത്തെ ആംഗ്ലോ ഇൻഡ്യൻ സമുദായം സന്ദർശിച്ച അവസരത്തിലാണ് നേഴ്സിംഗ് പരിശീലനത്തിന്റെ ആവശ്യകത അവൾക്കു ബോദ്ധ്യപ്പെട്ടതു്. അതു് ഒരു മൈവിഭീയായി കരുതി ഉടനെ തന്നെ ആശുപത്രിയിൽ പോയി ചേരുകയാണ് അവൾ ചെയ്തതു്. പരിശീലനം കഴിഞ്ഞെത്തിയപ്പോൾ സ്വന്തം പിതാവിന്റെ അവസാന രോഗക്കിടക്കയിൽ ശുശ്രൂഷിക്കുന്നതിനുള്ള ഭാഗ്യം അവൾക്കു ലഭിച്ചു. ഈ ഘട്ടത്തിലാണ് ബി. പി. ജോൺസൺ അനാഥശാലയിൽ, ആംഗ്ലോ ഇൻഡ്യൻ കുട്ടികൾക്കായി ഒരു സൂപ്രണ്ടിന്റെ കഴിവു വന്നതു്. വളരെ നിർബ്ബന്ധിച്ചതിനു ശേഷമാണ് എലനെക്കൊണ്ടു് ആ സ്ഥാനത്തേക്ക് ഒരു അപേക്ഷ അയപ്പിക്കുവാൻ അവളുടെ സ്നേഹിതികൾക്കു സാധിച്ചതു്.

കമ്മറിയിലെ യൂറോപ്യൻ അംഗങ്ങൾ എല്ലാവരും നേഴ്സ് ഗോറെക്കുവേണ്ടി വോട്ടു ചെയ്തുയാൽ അവൾ തിരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ ആ അനാഥശാലയിൽ ഒൻപതു കൊല്ലത്തോളം എലൻ വളരെ സന്തോഷത്തോടെ ജോലി ചെയ്തു. എന്നാൽ ഒരു കുട്ടിയുടെ മരണം അവൾക്കു കൂടുതലധികമായി തോന്നുകയാൽ 1900-ൽ ജോലി രാജിവെച്ചു പുതിയ ജോലിയിൽ പ്രവേശിച്ചു.

ഡീക്കനസ്. രാജിവെക്കുന്നതിനു മുമ്പു തന്നെ അവൾ ബിഷോപ്പു ക്ലിഫോർഡിനോടു ഡീക്കനസ് ആകുവാനുള്ള തന്റെ ആഗ്രഹത്തെ അറിയിച്ചിരുന്നു. അദ്ദേഹം അവധി കഴിഞ്ഞു ഇംഗ്ലണ്ടിൽനിന്നു വന്നതിനു ശേഷം അവളെ അതിനായി തിരഞ്ഞെടുത്തു. 1897-ൽ വിശു. അന്ത്രെയോസിന്റെ നാളിൽ എലൻ-ലക്ഷ്മിഗോർ അലഹബാദിലെ All saints—കത്തീഡ്റലിൽ വെച്ചു ഡീക്കനസ് ആയി നിയമിക്കപ്പെട്ടു.

1901-ൽ സുവിശേഷപ്രചരണാർത്ഥം എലൻ വിളിക്കപ്പെട്ടു. 1919-ൽ ഔദ്യോഗിക മിഷ്ണറി എന്ന സ്ഥാനത്തുനിന്നും പിരിഞ്ഞു. എന്നിട്ടും ഭാരതീയ സ്ത്രീകളുടെ ഇടയിൽ ആത്മീയം Kotgarh-ലും പിന്നീടു St. Thomas പള്ളിയോടനുബന്ധിച്ചു സിംലായിലും അവർ സേവനം അനുഷ്ഠിക്കയുണ്ടായി.

1930-ൽ എലൻ ബിഷോപ്പു കോട്ടൺ സ്കൂളിൽ പോയി താമസിച്ചു വേല ചെയ്തുകൊണ്ടിരുന്നു. 1932-ൽ ആരോഗ്യം അധഃപതിക്കുവാൻ തുടങ്ങിയതിനാൽ കോൺപൂരിലെ സെൻറ് കാതറൈൻ ആസ്പത്രിയിലേക്കു പോകേണ്ടിവന്നു. എങ്കിലും അവൾ ഏറ്റവും അധികം സ്നേഹിച്ചിരുന്ന രക്ഷിതാവിനെ സാക്ഷിക്കുന്നതിനു് സുഖം ഉള്ളപ്പോൾ എങ്കെയും ഉത്സാഹം പ്രദർശിപ്പിച്ചു.

1937-ൽ ആ പുണ്യവതി കർത്താവിൽ നിദ്രപ്രാപിച്ചു. സ്വജീവിതത്തെപ്പറ്റി സരസമായ ഒരു ചരിത്രം എഴുതിയിട്ടാണ് അവൾ മരിച്ചതു്.

"എഴുന്നേറ്റു പ്രകാശിക്കു." യെശ. ൬൰. ൧.

ദി കോട്ടയം ഓറിയൻറ് ബാങ്കു് ലിമിറ്റഡ്

(മുൻ കോട്ടയം ബാങ്കും, ഓറിയൻറ് സെൻട്രൽ ബാങ്കും തമ്മിൽ സംയോജിപ്പിക്കപ്പെട്ടതു്.)

ഒരു ഷെഡ്യൂൾഡ് ബാങ്കു്

ഹെഡാഫീസു് . . .	കോട്ടയം
അധികൃത മൂലധനം . . .	25,00,000 രൂപാ
പിരിഞ്ഞു കിട്ടിയ മൂലധനം .	10,50,000 രൂപാ
കരുതൽ ധനം	7,00,000 രൂപാ
പ്രവർത്തന മൂലധനം . .	3,12,00,000 രൂപാ

ബാങ്കിൻെറ 32 ശാഖകൾ കേരളത്തിലെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിൽ വിജയകരമായി പ്രവർത്തനം നടത്തുന്നു.

കറൻറു്, സേവിംഗ്സു്, നോട്ടീസു്, സ്ഥിരം ഡിപ്പോസിറ്റുകൾ ആകർഷണീയമായ നിരക്കുകളിൽ സ്വീകരിക്കപ്പെടുന്നു.

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ഏറ്റവും ആദായകരമായ വിധത്തിൽ നടത്തപ്പെടുന്നു. നിങ്ങളുടെ ബാങ്കിംഗ് ആവശ്യങ്ങൾക്കു് ഞങ്ങളുടെ ഹെഡാഫീസിനെയോ, ഏതെങ്കിലും ബ്രാഞ്ചാഫീസിനെയോ സമീപിക്കുക.

എ. ഐ. ഇട്ടി അയ്പു്,
ചെയർമാൻ.

കെ. പി. മാത്യു,
മാനേജിംഗ് ഡയറക്ടർ.

കേരള എസ്സു്. സി. എം. ബുക്ക്ക്ലബ്ബു്

നല്ലനല്ല ക്രിസ്തീയ സാഹിത്യഗ്രന്ഥങ്ങൾ എഴുതിച്ചു പ്രസിദ്ധീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി, സ്റ്റുഡൻറ്സ് ക്രിസ്ത്യൻ മൂവ്മെൻറിൻെറ ആഭിമുഖ്യത്തിൽ ഒരു ബുക്ക് ക്ലബ്ബു് ആരംഭിച്ചിട്ടുണ്ടു്. മതപരവും സാമൂഹ്യവുമായ വിവിധ പ്രശ്നങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന നാലു പുസ്തകം വർഷംതോറും പ്രസിദ്ധീകരിച്ചു് ബുക്ക് ക്ലബ്ബു് അംഗങ്ങൾക്കു വിതരണം ചെയ്യണമെന്നാണു് ഞങ്ങളുടെ ആഗ്രഹം. അംഗങ്ങളുടെ വാർഷിക വരിസംഖ്യ രണ്ടു രൂപാ ആയിരിക്കും. ബുക്ക് ക്ലബ്ബിൽ അംഗങ്ങളായി ചേർന്നു ക്രിസ്തീയ സാഹിത്യശാഖയെ പോഷിപ്പിക്കുവാൻ സാധാരണക്കാർക്കു സാദ്ധ്യമാകുമെന്ന ഉദ്ദേശത്തിലാണു് വരിസംഖ്യ രണ്ടു രൂപായായി കുറച്ചുവച്ചിരിക്കുന്നതു്.

എസ്സു്. സി. എം. ബുക്ക്ക്ലബ്ബിൻെറ
ആദ്യത്തെ പുസ്തകം

ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു

ഗ്രന്ഥകർത്താ:—എം. കുയ്പൻ

രണ്ടാമത്തെ പുസ്തകം

അടുത്തുതന്നെ പ്രസിദ്ധീകരിക്കുന്നു.

ക്രിസ്തീയ വിശ്വാസത്തെ ആസ്പദമാക്കിയുള്ള ഒരു പഠനം

ഗ്രന്ഥകർത്താ:—മോസ്റ്റ്. റവ. ഡബ്ലിയു ഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ.

ബുക്ക് ക്ലബ്ബിൻെറ വാർഷിക വരിസംഖ്യയായ രണ്ടു രൂപാ, മാനേജർ, സി. എം. എസ്സു്. പ്രസ്സു്, കോട്ടയം എന്ന മേൽവിലാസത്തിൽ അയയ്ക്കുവാനുള്ളതാണു്.